# പി.എസ്.സി. എംപ്ലോയി

ഒക്ടോബർ 2017





## സംഘബോധമുണർത്തി

## 44–ാം സംസ്ഥാന സമ്മേളനം




സെമിനാറിൽ പി.എസ്.സി. ചെയർമാൻ അഡ്വ. എം.കെ.സക്കീർ സംസാരിക്കുന്നു




സെമിനാറിൽ മുൻ കമ്മീഷൻ അംഗം സ. അശോകൻ ചരുവിൽ സംസാരിക്കുന്നു

Since 1975

# പി.എസ്.സി. എംപ്ലോയി

കേരള പി.എസ്.സി. എംപ്ലോയീസ്
യൂണിയൻ പ്രസിദ്ധീകരണം

പട്ടം.പി.ഒ. തിരുവനന്തപുരം-695004
ഫോൺ 0471 2448165
Email: keralapsceu@gmail.com

പുസ്തകം 42 ലക്കം 3

ഒക്ടോബർ
2017




സാംസ്കാരിക
നഗരിയിലെ സമ്മേളനം
മനോജ്.സി.വി. 6

മതേതരത്വത്തിന്റെ ആത്മാവിലേക്ക്
ഉതിർക്കുന്ന വെടിയുണ്ടകൾ
എ.എസ്.ഷിബു 10

ദേശീയ പ്രക്ഷോഭം
വിജയിപ്പിക്കുക 12

കർഷകൻ
ജാഹ്നവി 15

സമകാലികം 16

ഫ്ളക്സായോണ്ട് ഒരു
റിലാക്സേഷനൊണ്ട്..
വിദൂഷകൻ 21

കൊറിയൻ ഉപദ്വീപിലെ
പ്രതിസന്ധി
കെ.സെബാസ്റ്റ്യൻ 24

അജന്ത എല്ലോറ
വൈ. സലാഹുദ്ദീൻ
ആലപ്പുഴ 26

ഒരു തെരുവോര കാഴ്ച
പുനലൂർ വിജയൻ 28

പുസ്തക പരിചയം
അൻവർ ഹുസൈൻ.എച്ച് 30



**പത്രാധിപസമിതി**

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | **എം.ഷാജഹാൻ** |
| എഡിറ്റർ | : | **കെ.വി.സുനുകുമാർ** |
| മാനേജർ | : | **ടി.കെ.വിജയൻ** |
| അംഗങ്ങൾ | : | **വി.ബി.മനുകുമാർ, സബിതാ ജാസ്മിൻ.എച്ച്, മനോജ്.സി.എസ്, ഷിബു.എ.സ്, അനിൽകുമാർ.പി.എസ്, രഞ്ജിത്.എം.ആർ.** |
| ലേഔട്ട്&ഡിസൈൻ | : | sajeevnt@gmail.com |



മുഖക്കുറിപ്പ്

# അസഹിഷ്ണുതയുടെ അരുംകൊല

മനുഷ്യനെ ജാതിയുടെയും മതത്തിന്റെയും പേരിൽ ചേരി തിരിച്ചും കലഹം വിതച്ചും രാഷ്ട്രീയ നേട്ടം കൊയ്യാൻ കൊതിക്കുന്ന ശക്തികൾ എതിർ ശബ്ദം ഉയർത്തുന്നവരുടെ ജാതിയും മതവും നോക്കാതെ ഇല്ലായ്മ ചെയ്യും എന്ന സന്ദേശമാണ് മഹാത്മാ ഗാന്ധി മുതൽ ഗൗരീലങ്കേഷ് വരെയുള്ള കൊപാതകങ്ങളിലൂടെ നൽകുന്നത്.

ബംഗളുരുവിലെ മുതർന്ന മാധ്യപ്രവർത്തകയും പുരോഗമന സാമൂഹ്യപ്രവർത്തകയും ഇടതുചിന്തകയും കേവലം 55 വയസ്സു മാത്രം പ്രായവുമുള്ള ഗൗരി ലങ്കേഷിനെയാണ് പടിഞ്ഞാറൻ ബംഗളൂരുവിലെ തരുതന്ദേശ്വരി നഗറിലെ വീട്ടിൽ അതിക്രമിച്ചുകടന്നെത്തിയ കൊലയാളികൾ വെടിവെച്ച് കൊന്നത്. മനുഷ്യത്വം തൊട്ടുതീണ്ടിയിട്ടില്ലെന്നതു മാത്രമല്ല സ്ത്രീയെന്ന പരിഗണനപോലുമില്ലാതെ നടത്തിയ അരും കൊല മനുഷ്യ മനസ്സാക്ഷിയെ ഞെട്ടിപ്പിക്കുന്നതാണ്.

പുരോഗമന വാദികളായിരുന്ന നരേന്ദ്രധബോൽക്കർ, എം.എം കൽബുർഗി എന്നിവരെ വധിച്ചതിനു സമാനമായ രീതിയിലാണ് അക്രമികൾ ഗൗരി ലങ്കേഷിനെയും വധിച്ചത്. സംഘപരിവാറിന്റെ തീവ്രഹിന്ദുത്വ നിലപാടുകളേയും, വിശ്വാസങ്ങളേയും എതിർത്തതിനെ തുടർന്നാണ് സംഘപരിവാറുകാർ രണ്ടുവർഷം മുമ്പു കലബുർഗിയെ കൊന്നത്. കലബുർഗിയെ വധിച്ചതിനെതിരായ പ്രതിഷേധത്തിൽ ഗൗരിയും പങ്കെടുത്തിരുന്നു. കലബുർഗിയെ കൊന്നതോടെ അവരുടെ എഴുത്തിന് വാളിന്റെ മൂർച്ചയായി നരേന്ദ്ര മോഡി സർക്കാരിനെതിരെ ഇത്ര രൂക്ഷമായി എഴുതിയ മറ്റൊരാൾ കർണാടകത്തിലുണ്ടോ എന്നതു സംശയമാണ്.

കേരളത്തിന്റെ മതേതര സംസ്കാരത്തെ പ്രത്യേകമായി വീക്ഷിച്ചിരുന്ന വ്യക്തിയാണ് അവർ. മരിക്കുന്നതിനു മണിക്കൂറുകൾക്കു മുമ്പാണ് കേരളത്തിലെ മതേതര സംസ്കാരത്തെ പുകഴ്ത്തി ഫെയ്സ് ബുക്കിൽ പോസ്റ്റിട്ടത്. ഒരാഘോഷത്തിന്റെ ഭാഗമായി തിരുവാതിരക്കളി നടത്തുന്ന കേരളത്തിലെ കന്യാസ്ത്രീകളുടെ വീഡിയോ ഷെയർ ചെയ്യുകയായിരുന്നു. ഇതുകൊണ്ടൊക്കെയാണ് കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടെന്ന് വിളിക്കുന്ന

തെന്നും മതേതരത്വത്തിന്റെ അന്ത:സത്ത എക്കാലത്തും കാത്തു സൂക്ഷിക്കാൻ മലയാളി സുഹൃത്തുക്കൾക്കാകണമെന്നും അടുത്ത തവണ കേരളത്തിൽ വരുമ്പോൾ നല്ല കേരള ബീഫ് തരണമെന്നുമാണ് ഫെയ്സ് ബുക്ക് പോസ്റ്റിൽ വിവരിച്ചത്.

അഴിമതിക്കും വർഗ്ഗീയതക്കുമെതിരെ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടമാണ് അവർ നടത്തിയത്. ഇന്ത്യൻ ഭരണഘടന ഉയർത്തി പിടിച്ച് അതിൽ പറയുന്ന മതനിരപേക്ഷ ജനാധിപത്യത്തിനായി നിരന്തരം വാദിച്ചു. കോർപ്പറേറ്റ് ഭരണ താല്പര്യങ്ങൾക്ക് ഒരു തരത്തിലും വിധേയപ്പെടില്ലെന്ന നിശ്ചയ ദാർഢ്യം അവർക്കുണ്ടായിരുന്നു. സംഘപരിവാർ ആശയങ്ങളോട് കടുത്ത വിരോധിയായിരുന്നു. അവരുടെ വർഗ്ഗീയതയേയും അഴിമതിയേയും തുറന്ന് എതിർക്കാർ അവർ ധൈര്യം കാട്ടി. ഗൗരീ ലങ്കേഷ് പത്രിക എന്ന തന്റെ സ്വതന്ത്ര പ്രസിദ്ധീകരിക്കണത്തിലൂടെയാണ് അവർ ആശയ പ്രചരണം നടത്തിയത്.

വിമർശകരെ ഇല്ലാതാക്കുക വഴി ജനാധിപത്യത്തിന്റെ അന്ത്യമാണ് വർഗ്ഗീയ ശക്തികൾ ആഗ്രഹിക്കുന്നത്. എം.എം.കൽബുർഗി വധിക്കപ്പെട്ട ദിവസം തന്നെ അടുത്ത ഇര സാംസ്കാരിക പ്രവർത്തകനും എഴുത്തുകാരനുമായ കെ.എസ്.ഭഗവാനാണെന്ന് വധഭീഷണി മുഴക്കി. നോട്ടു നിരോധനം ജനങ്ങളെ ബുദ്ധിമുട്ടിച്ചു എന്ന് അഭിപ്രായപ്പെട്ട കാരണത്താൽ മലയാളത്തിന്റെ പ്രിയ എഴുത്തുകാരൻ എം.ടി.വാസുദേവൻ നായർ വർഗ്ഗീയ ശക്തികളുടെ അധിക്ഷേപത്തിനിരയായി. കമലസുരയ്യയുടെ ജീവിതം ആസ്പദമാക്കി സിനിമ സംവിധാനം ചെയ്യുന്നതിന്റെ പേരിൽ സംവിധായകൻ കമലിന്റെ വിട്ടീലേക്ക് ബി.ജെ.പി മാർച്ച് നടത്തി. വിഖ്യാത ഗസൽ ഗായകൻ ഗുലാം അലിയുടെ സംഗീത പരിപാടി മുംബൈയിൽ അവതരിപ്പിക്കാൻ അനുവദിക്കില്ലെന്ന ഭീഷണി മുഴക്കി. വിഖ്യാത സാഹിത്യകാരനായ യു.ആർ. അനന്തമൂർത്തിയോട് പാകിസ്ഥാനിലേക്ക് പോകാൻ സംഘപരിവാർ ആക്രോശിച്ചു. രാജ്യത്ത് വളരുന്ന അസഹിഷ്ണുതയിൽ ആശങ്ക പ്രകടിപ്പിച്ചതിന്റെ പേരിൽ ബോളിവുഡ് സൂപ്പർ താരങ്ങളായ ഷുരൂഖ് ഖാനും അമീർഖാനും ഭീഷണി നേരിടേണ്ടി വന്നു.

ഭരണഘടന ഉറപ്പു നൽകുന്ന അഭിപ്രായ സ്വാതന്ത്ര്യം അനുവദിക്കുന്നില്ലെന്നതു മാത്രമല്ല അഭിപ്രായപ്പെടുന്നവർ കൊലചെയ്യപ്പെടുകയോ ഭീഷണിക്കു വിധേയരാകുകയോ ചെയ്യുന്നുവെന്നത് അതീവ ഗൗരവതരമായ കാര്യം തന്നെയാണ്. അതിനെതിരെ ഉയർന്നുവരുന്ന പ്രതിഷേധങ്ങൾ കൂടുതൽ ശക്തിപ്രാപിക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം ഇന്ത്യയിൽ ജനജീവിതം വലിയ അപകടത്തിൽ ചെന്നു വീഴുന്നത് നിസ്സഹായരായി നോക്കിനിൽക്കേണ്ടതായി വരും.

**ചീഫ് എഡിറ്റർ**




# സാംസ്കാരിക നഗരിയിലെ സമ്മേളനം

**മനോജ്.സി.വി.**

ജനറൽ കൺവീനർ
9446142019

വി.എസ്.സി. എംപ്ലോയീസ് യൂണിയന്റെ 44 ാം സംസ്ഥാന സമ്മേളനം 1982–ലെ 9–ാം സംസ്ഥാന സമ്മേളനത്തിന് ശേഷം കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനത്തേക്ക് ഒരു രണ്ടാം വരവ് നടത്തിയപ്പോൾ അന്ന് നടന്ന സമ്മേളന ഹാളായിരുന്ന സാഹിത്യ അക്കാദമി തന്നെയായിരുന്നു സമ്മേളന വേദി. മലയാള സാഹിത്യ തറവാട്ടിലെ കുലപതികളുടെ ഛായാചിത്രങ്ങൾക്ക് മുമ്പിൽ അരങ്ങേറിയ സമ്മേളനം അക്ഷരാർത്ഥത്തിൽ കേരളത്തിന്റെ സാംസ്കാരിക പ്രൗഢിയും തനിമയും വിപ്ലവ പ്രസ്ഥാനങ്ങളുടെ വളക്കൂറുമുള്ള മണ്ണിന്റെ കരുത്തും വിളിച്ചോതുന്നതായി. 2017 ആഗസ്റ്റ് 12, 13 തീയതികളിൽ നടന്ന സമ്മേളനം ഏവരുടെയും ഹൃദയത്തിൽ സംതൃപ്തിയും സന്തോഷത്തിന്റെ തുടിപ്പും സംഘടന ബോധമുള്ള ഓരോ അംഗത്തിന്റെയും അവകാശ ബോധത്തിന്റെയും സാമൂഹ്യ പ്രതിബദ്ധതയുടെയും പ്രതിരോധത്തിന്റെയും ചേതനയുൾക്കൊള്ളുന്നതിന് സാധിച്ചുവെന്നത് 35 വർഷത്തെ ഇടവേളയ്ക്ക് ശേഷം പൂരങ്ങളുടെ നാട്ടിൽ സമ്മേളനം ഒരു അവിസ്മരണിയാനുഭവമാക്കി.

മറവിയെ ഒരു രോഗമായി വാഴ്ത്തപ്പെടുന്ന ഈ കാലത്ത് സമ്മേളന നടത്തിപ്പിന്റെ ചുമതലുണ്ടായിരുന്ന ഒരു എളിയ പ്രവർത്തകന്റെ ഓർമ്മക്കുറിപ്പുകൾ മറവിയെ മറികടക്കാനും സമ്മേളന വിശേഷങ്ങൾ പങ്കുവയ്ക്കുന്നതിനും സാധിക്കും എന്നതിനാലാണ് ഈ കുറിപ്പ് എഴുതുന്നത്. കേവലം 25 അംഗങ്ങൾ ചേർന്ന് 1973–ൽ രൂപീകരിക്കപ്പെട്ട നമ്മുടെ സംഘടനയ്ക്ക് 44 വയസ്സാകുമ്പോൾ ഒട്ടും വാർദ്ധക്യം ബാധിക്കാതെ യൗവനത്തിന്റെ തുടിപ്പും പ്രസരിപ്പുമായി കൃത്യമായ ആസൂത്രണത്തോടെ കെട്ടിലും മട്ടിലും പുതുമയുടെ താളവും തനിമയും നിലനിർത്തി പരിസ്ഥിതിക്ക് കോട്ടം വരുത്താതെ ആവേശം ഒട്ടും കുറയ്ക്കാതെ അവിസ്മരണീയമാക്കണമെന്ന ഒരു ആഗ്രഹം മാത്രമാണ് ഉണ്ടായിരുന്നത്. സിവിൽ സർവ്വീസിൽ നിർണ്ണായക പങ്ക് വഹിക്കുന്ന, ഏകദേശം മുപ്പതിനായിരം പേർക്ക് വർഷം തോറും നിയമന ശിപാർശ നൽകുന്ന സ്ഥാപനത്തിലെ ഏറ്റവും പ്രമുഖമായ സംഘടനയുടെ ചിന്തകളെയും പ്രവർത്തനങ്ങളെയും, സാമൂഹ്യപ്രതിബദ്ധതെയും സമ്മേളനത്തിലൂടെ ആവിഷ്കരിക്കാൻ



സാധിക്കില്ലെന്ന് അറിയാം. എങ്കിലും അതിനുള്ള വിവിധ പരിശ്രമങ്ങളാണ് രണ്ട് അവധി ദിവസങ്ങളിലായി നടത്തപ്പെട്ട സമ്മേളനത്തിലും അതിന് മുന്നോടിയായുള്ള പ്രവർത്തനങ്ങളിലും ആവിഷ്കരിക്കപ്പെട്ടത്. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ കഴിഞ്ഞ വർഷത്തെയും ഈ വർഷത്തേയും തൃശ്ശൂർ ജില്ലാ കമ്മിറ്റിയുടെയും ഓരോ പ്രവർത്തകരുടെയും മികവാർന്ന പ്രവർത്തനങ്ങളും അഭിനന്ദനാർഹമാണ്.

2017 ജനുവരി 15-ന് സംസ്ഥാന കമ്മിറ്റി കൂടിയപ്പോൾ സംസ്ഥാന സമ്മേളനം ഏറ്റെടുക്കുന്നതിന് പല ജില്ലകളും മുന്നോട്ട് വന്നെങ്കിലും, തൃശ്ശൂരിന്റെ പ്രവർത്തന മികവായിരിക്കും സമ്മേളനം തൃശ്ശൂർ വച്ച് നടത്താം എന്ന് സംസ്ഥാന കമ്മിറ്റി ഏകകണ്ഠമായി തീരുമാനിക്കാൻ ഇടയായത്. അങ്ങനെ തീരുമാനിച്ചപ്പോൾ ആദ്യമായി 1982-ൽ 9-ാമത് സംസ്ഥാന സമ്മേളനം നടത്തിയ തൃശ്ശൂർ ജില്ലയ്ക്ക് രണ്ടാമതും സംസ്ഥാന സമ്മേളനം നടത്തിയ ഏക ജില്ല എന്ന ബഹുമതിയുമായി. അന്നത്തെ സംസ്ഥാന കമ്മിറ്റി കൂടിക്കൊണ്ടിരിക്കുമ്പോൾ തന്നെ ആദ്യത്തെ സംസ്ഥാന സമ്മേളന പോസ്റ്റ് ഇട്ടുകൊണ്ട് തുടങ്ങിയ പ്രചരണ പ്രവർത്തനം സോഷ്യൽ മീഡിയയിലൂടെ ആരംഭിച്ചു. ഇങ്ങനെ സമ്മേളന തീയതിയായപ്പോഴേക്കും കൃത്യമായ ഇടവേളകളിൽ വ്യത്യസ്തമായ 30-ൽ പരം പോസ്റ്റുകൾ ഇറക്കിയെന്നത് നമ്മുടെ സംസ്ഥാന സമ്മേളനങ്ങളിലെ ആദ്യ അനുഭവമായിരിക്കും.

കണ്ണൂരിൽ വച്ച് സംസ്ഥാന സമ്മേളനം നടന്നപ്പോൾ വിജയകരമായി നടത്തിയ പ്രചരണ പരിപാടിയായിരുന്നു. പി.എസ്.സി. യെ അറിയുക എന്നത്. ആ പ്രചരണ പരിപാടി വിപുലമായി തൃശ്ശൂരിൽ സംഘടിപ്പിക്കുകയുണ്ടായി. 2017 ഫെബ്രുവരി 17 ന് പി.എസ്.സി. മുൻ അംഗവും പ്രമുഖ സാഹിത്യകാരനുമായ അശോകൻ ചരുവിൽ ഉദ്ഘാടനം ചെയ്ത പ്രസ്തുത പരിപാടി തൃശ്ശൂരിലെ 7 താലൂക്കിൽ 21 കേന്ദ്രങ്ങളിലായി ഏകദേശം 3500-ൽപരം ഉദ്യോഗാർത്ഥികളും രക്ഷകർത്താക്കളുമായി പങ്കെടുക്കുകയുണ്ടായി. രണ്ട് മാസം നീണ്ടു നിന്ന ഈ പ്രചരണ പരിപാടിയിലൂടെ സംസ്ഥാന സമ്മേളനം പ്രചരണം ജനകീയവും ശ്രദ്ധേയമാവുകയും ചെയ്തു. പി.എസ്.സി യുടെ ചരിത്രം, നടപടിക്രമങ്ങൾ, ഉദ്യോഗാർത്ഥികളുടെ സംശയങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളിച്ച് നടത്തിയ പരിപാടികളിൽ ഓരോ കേന്ദ്രങ്ങളിലെയും നമ്മുടെ മുൻ നിര പ്രവർത്തകരായ നാലും അഞ്ചും പേരെ വരെ എത്തിക്കാൻ സാധിച്ചു എന്നത് ഈ പ്രചരണ പരിപാടി വൻ വിജയമാക്കാനും കൂടാതെ ഇതിൽ പങ്കെടുത്തവർ പ്രകടിപ്പിച്ച താല്പര്യവും ആത്മാർത്ഥതയും ആവേശകരുമായിരുന്നു. മറ്റ് സഹോദര സംഘടനകൾക്കും നമ്മുടെ ഈ പ്രവർത്തനത്തെ പ്രകീർത്തിച്ചു എന്നത് നമ്മുടെ സംഘടനയ്ക്ക് അഭിമാനിക്കത്തക്കതാണ്.

ജൂലൈ 13-ന് സംസ്ഥാന സമ്മേളന സംഘാടക സമിതി രൂപീകരിച്ചു. സാമൂഹ്യപ്രതിബദ്ധത മുറുകെ പിടിച്ച് നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കുന്ന വിവിധ സഹോദര സംഘടനകളുടെ സജീവ സാന്നിദ്ധ്യം കൊണ്ട് ശ്രദ്ധേയമായിരുന്നു സംഘാടക സമിതി യോഗം നമ്മുടെ സംസ്ഥാന നേതാക്കളെ കൂടാതെ അയൽജില്ലകളായ എറണാകുളം, മലപ്പുറം, കോഴിക്കോട്, പാലക്കാട് ജില്ലകളിലെ പ്രവർത്തകരും എത്തിച്ചേർന്നപ്പോൾ എൻ.ജി.ഒ. യൂണിയൻ ഹാൾ നിറഞ്ഞ് കവിഞ്ഞത് ഉദ്ഘാടകനായ മുൻ നിയമസഭാ സ്പീക്കറും സി.പി.ഐ.(എം) ജില്ലാ സെക്രട്ടറിയുമായ സ.കെ.രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടതുപോലെ ഇത് ഒരു സംസ്ഥാന സമ്മേളനമായി മാറുന്ന കാഴ്ചയാണെന്ന് പറഞ്ഞത് തൃശ്ശൂർ ജില്ലയിലെ എഫ്.എസ്.ഇ.




ടി.ഒ പ്രസ്ഥാനങ്ങൾക്കും മറ്റ് സഹോദര ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾക്കുള്ള അംഗീകാരമായത് സംസ്ഥാന സമ്മേളന ചരിത്രത്തിലെ വേറിട്ട ഒരു അനുഭവമായി മാറി. 201 പേരടങ്ങിയ സംഘാടക സമിതിയുടെ ചെയർമാനായി മുൻ നിയമസഭ സ്പീക്കറും സി.പി.ഐ. (എം) ജില്ലാ സെക്രട്ടറിയയുമായ സ.കെ.രാധാകൃഷ്ണനെയും ജനറൽ കൺവീനറായി സ.സി.വി.മനോജിനെയും തെരഞ്ഞെടുത്തു. പിന്നീട് വിവിധ സബ് കമ്മിറ്റികൾ രൂപീകരിച്ച് നടത്തിയ പ്രവർത്തനങ്ങളും അവയെ ഏകോപിപ്പിച്ച്കൊണ്ട് സംഘാടക സമിതി എക്സിക്യൂട്ടീവ് കമ്മിറ്റി നടത്തിയ പ്രവർത്തനങ്ങളുമാണ്. ഈ സമ്മേളനത്തെ ഓരോ അംഗത്തിന്റെയും ഹൃദയത്തിൽ ചാർത്തിയ ഓർമ്മകളായി മാറുന്നതിന് സാധിച്ചത്.

നവമാധ്യമത്തിനെ ഈ സമ്മേളന വിജയത്തിനായി എങ്ങനെ ഉപയോഗിക്കാമെന്ന പരീക്ഷണം വിജയകരമാക്കിയ ഒരു സമ്മേളനം കൂടിയാണ് 44-ാം സംസ്ഥാന സമ്മേളനം. ജൂലൈ 12 ന് ആരംഭിച്ച സമ്മേളന വിജയം വാട്ട്സപ്പ് ഗ്രൂപ്പ് ആവേശത്തിന്റെ കൊടുമുടികൾ സൃഷ്ടിച്ചു എന്നത് ഗ്രൂപ്പിലേക്ക് വന്ന ഓരോ സന്ദേശവും പ്രകടമാക്കിയരുന്നു. ഇതോടൊപ്പം ജില്ലയിലെ സഹോദര സംഘടനകളെ സമ്മേളന വിശേഷങ്ങൾ പങ്ക് വയ്ക്കുന്നതിനായി മറ്റൊരു വാട്ട്സപ്പ് ഗ്രൂപ്പുകൂടി ഉണ്ടാക്കിയെന്നത് ജില്ലയിലെ സഹോദര സംഘടനകൾക്കും സമ്മേളനം ആവേശകരമായിക്കുന്നതിന് സാധ്യമായി.

സമ്മേളന ചരിത്രത്തിൽ തൃശ്ശൂരിലേക്കുള്ള രണ്ടാം വരവിൽ വലിയതോതിലുള്ള പ്രചരണ പ്രവർത്തനങ്ങളാണ് നടത്തിയത്. രണ്ട് വർഷം മുമ്പ് തന്നെ തൃശ്ശൂർ ജില്ല കമ്മിറ്റി അതിന്റെ പ്രവർത്തനങ്ങളിൽ പൂർണ്ണമായും ഫ്ളെക്സുകൾ ഒഴിവാക്കിയിരുന്നു. സംസ്ഥാന സമ്മേളനം തൃശ്ശൂരിൽ നടക്കുമ്പോൾ ഹരിതപെരുമാറ്റചട്ടം പൂർണ്ണമായും നടപ്പാക്കുന്നതിനുള്ള അവസരമായാണ് കണ്ടത്. നമ്മുടെ വലിയ പ്രചരണ ബോർഡുകൾ അടക്കം എല്ലാ ബോർഡുകളും ബാനറുകളും തുണിയിലായിരുന്നു. പ്രതിനിധികൾക്കുള്ള ഫയലുകൾക്ക് പകരം തുണി സഞ്ചി അതിൽ സമ്മേളന ലോഗോയൊടൊപ്പം പ്ലാസ്റ്റിക്കിനെതിരെയുള്ള സന്ദേശം. കടലാസ്സുകൊണ്ടുള്ള തിരിച്ചറിയൽ കാർഡ് എഴുതാൻ കൊടുത്ത പേന കടലാസ്സുകൊണ്ട് ഉണ്ടാക്കിയതായിരുന്നു. അഗസ്ത്യ വൃക്ഷത്തിന്റെ വിത്ത് ഘടിപ്പിച്ച പേന ഉപയോഗിച്ച കഴിഞ്ഞ് മണ്ണിലേക്ക് വലിച്ചെറിഞ്ഞാൽ മൂന്നാം നാൾ അവിടെ വിത്ത് മുളച്ച്വരും. നാനൂറോളം വിത്തുപേനകളാണ് സമ്മേളനത്തിനായി തയ്യാറാക്കിയത്. പ്രതിനിധികൾക്കുള്ള ജൂട്ട് ബാഗും പരിസ്ഥിതി സൗഹൃദം ഊട്ടി ഉറപ്പിക്കുന്നതായി.

സമ്മേളനത്തിനായി പ്ലാസ്റ്റിക് കുപ്പി കഴിവതും ഒഴിവാക്കണമെന്ന് തീരുമാനിച്ചിരിന്നുവെങ്കിലും സ്റ്റീൽ ഗ്ലാസ്സും സ്റ്റീൽ കുപ്പികളുമായി പ്ലാസ്റ്റിക്കിനെ പൂർണ്ണമായും ഒഴിവാക്കാൻ സാധിച്ചു. സമ്മേളനത്തിനായി വാങ്ങിയ സ്റ്റീൽ കുപ്പികൾ സമ്മേളന അവസാനം നിമിഷങ്ങൾക്കകം വാങ്ങിക്കൊണ്ട് പോയത് പ്രതിനിധി സഖാക്കൾ മുഴുവൻ ഈ പരിസ്ഥിതിക്ക് കോട്ടം വരുത്താതെ നടത്തിയ പരിശ്രമങ്ങൾക്ക് പിന്തുണയേകി എന്നതിന് തെളിവായി മാറി. സമ്മേളനാന്തരം സാധാരണ കാണാറുള്ള മാലിന്യങ്ങൾ പൂർണ്ണമായും ഒഴിവാക്കി ജൈവമാലിന്യങ്ങൾ മാത്രമായത് സമ്മേളനത്ത ചരിത്രത്തിലെ പുതിയ അദ്ധ്യായമായി.

സമ്മേളനം ജില്ലകളിൽ നടക്കുമ്പോൾ സമ്മേളന ആവേശം ആ ജില്ലയിൽ മാത്രം ഒതുങ്ങാറാണ് പതിവ്. പക്ഷെ വ്യത്യസ്തമായ പ്രവർത്തനങ്ങളുമായി മുന്നോട്ട് വന്നപ്പോൾ നമ്മുടെ മുഖ്യധാരാ പത്രങ്ങൾ വരെ സമ്മേളന വിശേഷങ്ങൾ പങ്കുവയ്ക്കാൻ തുടങ്ങിയത് സമ്മേളന പബ്ലിസിറ്റി അവിസ്മരണീയമാക്കി. സമ്മേളന ലോഗോ പ്രകാശനം നടത്തിയത് സ്വാഗതസംഘം ഓഫീസിന്റെ ഉദ്ഘാടനം ജൂലൈ 16 ന് ബഹു. എം.പി. സ.പി.കെ.ബിജു നിർവ്വഹിച്ചത്, ആഗസ്റ്റ് 3 ന്റെ പതാകദിനം, പതാക ഉയർത്തിക്കൊണ്ട് സംഘടാകസമിതി രക്ഷാധികാരികൂടിയായ കോർപ്പറേഷൻ മേയർ സ.അജിത ജയരാജ് നിർവഹിച്ചത്, അന്ന് തന്നെ ഉച്ചയ്ക്ക് ജീവനക്കാർ ചേർന്ന് അവതരിപ്പിച്ച പാട്ട്മഴ, ആഗസ്റ്റ് 4 ന് കോർപ്പറേഷൻ മേയർ സ.അജിത ജയരാജും ഡെപ്യൂട്ടി മേയർ സ.വർഗ്ഗീസ് കണ്ടംകുളത്തിയും ചേർന്ന് ഉദ്ഘാടനം ചെയ്ത രക്തദാനവും, ഏകദേശം 350 ഓളം വരുന്ന തൃശ്ശൂർ ജില്ലാ ആശുപത്രിയിലെ അശരണർക്ക് ഭക്ഷണ വിതരണം, തൃശ്ശൂരിന്റെ പ്രൗഢിയും പെരുമയും ഏകോപിച്ച് കലാ



മണ്ഡലം കലാകാരൻമാർ അണിനിരന്ന പഞ്ചവാദ്യവും കൊടികളും ചുവന്ന ബലൂണും സമ്മേളന പോസ്റ്ററും, ലോഗോയുമായി ആഗസ്റ്റ് 10–ന് നടത്തിയ സമ്മേളന വിളംബര ജാഥ അതിന്റെ ഫ്ളാഗ് ഓഫ് ചെയ്തുകൊണ്ട് സാഹിത്യ അക്കാദമി ചെയർമാൻ വൈശാഖൻ പങ്കെടുത്തത് എന്നിവയെല്ലാം സമ്മേളന ചരിത്രത്തിലെ നവ അനുഭവമായിമാറി.

സാംസ്കാരിക തലസ്ഥാനത്തിന്റെ തനിമ വിളിച്ചു പറയുന്നതായിരുന്നു സാംസ്കാരിക പരിപാടികൾ. ലോക പ്രശസ്തമായ കേരള കലാമണ്ഡലത്തിലെ 16 കലാകാരികൾ ചേർന്ന് അവതരിപ്പിച്ച കൈതപ്രത്തിന്റെ വരികൾക്ക് മോഹിനിയാട്ടം ഭരതനാട്യം കഥകളി എന്നിവ സമന്വയിപ്പിച്ച "എന്റെ കേരളം" എന്ന പരിപാടിയും ജയരാജ് വാര്യർ ഷോയിലൂടെ ഹാസ്യത്തിന്റെ മേമ്പൊടി ചേർത്ത് കേരളത്തെ വരച്ച് കാട്ടിയതും തുടർന്ന് നടന്ന നമ്മുടെ ജീവനക്കാരുടെ പാട്ട്മഴ എന്ന പഴയ മലയാള ഗാനങ്ങളുടെയും നാടൻ പാട്ടിന്റെയും അവതരണവും സമ്മേളന ചരിത്രത്തിലെ ഹൃദ്യാനുഭവങ്ങളാണ്. അതുകൊണ്ട് തന്നെ ഒന്നാം ദിവസം കാലത്ത് 10 മണിക്ക് തുടങ്ങി രാത്രി പത്തുമണിക്കുശേഷവും സമ്മേളന നഗരിയിലെ പങ്കാളിത്തം ഒട്ടു കുറഞ്ഞില്ല എന്നത് ശ്രദ്ധേയമായി. സമ്മേളന ദിവസങ്ങളിലെ രണ്ട് ദിവസവും പൂർണ്ണമായും മെഡിക്കൽ എയ്ഡ് കൊടുക്കുന്നതിന് പ്രയത്നിച്ച സംഘടനകളും സമ്മേളനത്തിന് ഉണർവ് പകർന്ന ഘടപകങ്ങളായി മാറി. സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്തത് മുൻ നിയമസഭ സ്പീക്കറും വിപ്ലവപ്രസ്ഥാനത്തിന്റെ ജില്ലയിലെ അമരക്കാരനുമായ സ.കെരാധാകൃഷ്ണനാണ്. ട്രേഡ് യൂണിയൻ സമ്മേളനത്തിൽ ഇടതു പക്ഷ സർക്കാരും ബദൽ നയങ്ങളും എന്ന പ്രഭാഷണം ബഹു. വ്യവസായ വകുപ്പ് മന്ത്രി. എ. സി. മൊയ്തിനും കാര്യക്ഷമമായ സിവിൽ സർവ്വീസിൽ പി.എസ്.സി. യുടെ പങ്ക് എന്ന വിഷയത്തിൽ നടത്തിയ സെമിനാർ ഉദ്ഘാടനം ചെയ്തത് ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി.രവീന്ദ്രനാഥ്, പ്രഭാഷണം നടത്തിയ ബഹു. ചെയർമാൻ അഡ്വ. എം.കെ.സക്കീർ, മുൻ പി.എസ്.സി. അംഗം അശോകൻ ചരുവിൽ, കില ഡയറക്ടർ ഡോ ജോയ് ഇളമൺ എന്നിവരും സമ്മേളനത്തിന് അഭിവാദ്യം ചെയ്ത് സംസാരിച്ച് വിവിധ സഹോദര സംഘടന നേതാക്കളും സമ്മേളനത്തിന്റെ ഉള്ളടക്കം മികച്ചതാക്കി.

44–ാം സംസ്ഥാന സമ്മേളനം എന്ന ഈ വാർഷിക കൂട്ടായ്മ ചരിത്ര സംഭവമാക്കി മാറ്റിയ, പ്രകൃതിയെ നോവിക്കാതെ നിത്യനിദാന ജോലികൾ തടസ്സപ്പെടുത്താതെ രണ്ട് അവധി ദിവസങ്ങളാലയി തൃശ്ശൂർ ജില്ലയിൽ സംഘടിപ്പിച്ച സമ്മേളനം അവിസ്മരണീയമാക്കാൻ പ്രയത്നിച്ച ഓരോ അംഗത്തെയും അഭിവാദ്യം ചെയ്ത്കൊണ്ട് സമ്മേളനത്തെകുറിച്ച് ഒരു പ്രതിനിധി സഖാവ് വാട്ട്സപ്പ് മെസേസ്സജിലൂടെ എഴുതിയ ഒരു സന്ദേശത്തിലൂടെ ഈ കുറിപ്പ് അവസാനിപ്പിക്കട്ടെ "അങ്ങനെ യൂണിയൻ ചരിത്രത്തിൽ സുവർണ ലിപികളിൽ എഴുതിച്ചേർക്കപ്പെട്ട ഒരു സമ്മേളനം കൂടി അവസാനിച്ചിരിക്കുന്നു. 1973–ൽ കേവലം വിരലിലെണ്ണാവുന്ന സഖാക്കൾ ചേർന്ന് കൈമാറിയ ആ രക്ത പതാക ഒരിക്കലും താഴാതെ വീണ്ടും വീണ്ടും ഉയർത്തിക്കെട്ടാനും കണ്ണിലെ കൃഷ്ണമണിപോലെ സംരക്ഷിക്കാനും ഞങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് ഉച്ചത്തിൽ വിളിച്ച് പറയുന്നതായിരുന്നു സമ്മേളനം. കേവലം 30 പേർ മാത്രമുള്ള തൃശ്ശൂർ ജില്ലാ കമ്മിറ്റി ഈ സമ്മേളനം അവിസ്മരണീയമാക്കാൻ കഴിഞ്ഞത് ആ ചെങ്കൊടി നൽകിയ കരുത്താണ്, ആ ചെങ്കൊടി ഞങ്ങളുടെ പ്രതീക്ഷയാണ്, വിശ്വാസമാണ് അതിലേറെ ജീവിതമാണ്. അറിയുന്നവരും അറിയപ്പെടാത്തവരുമായ ലക്ഷക്കണക്കിന് ധീരന്മാർ അവരുടെ രക്തവും, മാംസവും, യൗവനവും, പ്രണയവും, കുടുംബവും, ജിവിതവുമെല്ലാം ഈ പ്രസ്ഥാനത്തിനും ആവന്റെ ഹൃദയത്തിൽ ആലേഖനം ചെയ്ത അദർശത്തിനും വേണ്ടി പുല്ലു പോലെ വലിച്ചെറിഞ്ഞ് കടന്നുപോകുന്നമ്പോൾ അവന്റെ ചോര കൊണ്ട് ഇതിഹാസം രചിക്കുമ്പോൾ നമുക്ക് ഇൻക്വിലാബ് കൊണ്ട് അണയാത്ത സമരാഗ്നികൊണ്ട്............ ഒടുങ്ങാത്ത പോരാട്ട വീര്യം കൊണ്ട്................ അവനെ പ്രത്യഭിവാദ്യം ചെയ്യാം............ അതിന് ഈ സമ്മേളനം ഓരോ പ്രതിനിധി സഖാവിനും വല്ലാത്ത ഊർജ്ജം ലഭ്യമാക്കിയിരിക്കുന്നു.............. മുന്നോട്ടുള്ള പ്രയാണത്തിൽ തീർച്ചയായും ഇത് കരുത്താകും എന്ന പ്രതീക്ഷയോടെ വിശ്വാസത്തോടെ.................."

•





# മതേതരത്വത്തിന്റെ ആത്മാവിലേക്ക് ഉതിർക്കുന്ന വെടിയുണ്ടകൾ

**എ. എസ്. ഷിബു**

ഇന്ത്യൻ ഭരണഘടന വ്യത്യസ്ത മതവിഭാഗങ്ങളിലധിഷ്ഠിതമായ ജീവിതം നയിക്കാൻ സ്വാതന്ത്ര്യം നൽകുന്നതുപോലെതന്നെ മതമില്ലാതെ ജീവിക്കാനും സ്വാതന്ത്ര്യം നൽകുന്നുണ്ട്. യുക്തിവാദ ആശയത്തിലൂന്നിയുള്ള ജീവിതത്തെ പ്രോത്സാഹിപ്പിക്കുന്ന എഴുത്തുകാരെ കൊന്നൊടുക്കുന്നത് കാണുമ്പോൾ, ഈ നരഹത്യകളിലുള്ള അന്വേഷണങ്ങൾ എങ്ങുമെത്താതിരിക്കുന്നത് കാണുമ്പോൾ ഇന്ത്യയിൽ മതരാഹിത്യജീവിതം നിരോധിച്ചതായി തോന്നുന്നു. മതമുണ്ടെങ്കിലേ ഇന്ത്യയിൽ ജീവിക്കാൻ കഴിയുകയുള്ളു എന്ന ധ്വനി ജനിപ്പിക്കുന്നു. പതിറ്റാണ്ടുകൾക്ക് മുമ്പ് സഫ്ദർ ഹഷ്മി, തുടർന്ന് നരേന്ദ്ര ദബോൽക്കർ, ഗോവിന്ദ് പൻസാരെ, എം.എം.കൽബുർഗി ഇപ്പോൾ ഗൗരി ലങ്കേഷ്.......... ഇതെല്ലാം കേവലം പേരുകളാണ്. കൊല ചെയ്യപ്പെട്ടത് ഇന്ത്യൻ മതേതരത്വമാണ്, യുക്തിവാദമാണ്, ജനാധിപത്യമാണ്, ഇന്ത്യൻ ഭരണഘടനയാണ്.

ഗൗരിലങ്കേഷിന്റെ കൊലയ്ക്ക് കാരണമെന്ത്, ആരാണവരെ കൊന്നത് എന്നതിനുള്ള ഉത്തരം തന്നെയാണ് അവർ എന്തിന് വേണ്ടി നിലകൊണ്ടുവെന്നതിനുള്ള മറുപടിയും; പുരോഗമന കവി ലങ്കേഷിന്റെ ജീവിതം കണ്ടുവളർന്ന മകൾക്ക് വർഗീയ വിദ്വേഷരാഷ്ട്രീയത്തെയും അതിന് പാലൂട്ടുന്ന മതനിരപേക്ഷ നാട്യങ്ങളെയും എതിർക്കാതിരിക്കാനാകില്ല. സ്വന്തമായി ഒരു പ്രസിദ്ധീകരണം നടത്തുമ്പോഴും നിലപാടുകളിൽ വെള്ളം ചേർക്കാനോ പരസ്യങ്ങൾ വാങ്ങി പണം കൊയ്യാനോ അവർ തയ്യാറായില്ല. അവരുടെ കൊലപാതകികളെ കണ്ടെത്താൻ ഈ വാക്കുകൾ മാത്രം മതി: "മോഡി ഭക്തരും ഹിന്ദുത്വ ബ്രിഗേഡും കൊലപാതകങ്ങളെ സ്വാഗതം ചെയ്യുകയാണ്. കർബുർഗിയുടേതുപോലെയുള്ള മരണങ്ങൾ ആഘോഷിക്കുകയാണ്. യു.ആർ.അനന്തമൂർത്തി മരിച്ചപ്പോൾ മധുരം നൽകി നൃത്തം വച്ചതുപോലെ മോഡിയെയും അവരുടെ പ്രത്യയശാസ്ത്രത്തെയും കുറിച്ചു പറയുന്ന എന്റെ വായടപ്പിക്കാനും ഏതുവിധേനയും അവർ ശ്രമിക്കും". എന്നിട്ടും ഗൗരിലങ്കേഷിന്റെ കൊലപാതകം



**നരേന്ദ്ര ദബോൽക്കർ, ഗോവിന്ദ് പൻസാരെ, എം.എം.കൽബുർഗി**

സ്വത്തുതർക്കത്തിന്റെ ഫലമാണ് എന്ന പ്രചാരണം സംഘപരിവാറിന്റെ വാർത്താചാനലായ റിപ്പബ്ലിക് ഏറ്റെടുത്തിരിക്കുന്നു. കൊലയാളികൾക്ക് മാവോയിസ്റ്റ് മുഖം നൽകി യഥാർത്ഥ കുറ്റവാളികളെ രക്ഷിക്കാൻ കൊണ്ടുപിടിച്ച ശ്രമമാണ് സംഘപരിവാർ മാധ്യമങ്ങളെ ഉപയോഗിച്ച് നടത്തുന്നത്. ബി.ജെ.പി. നേതാവും എം.പി.യുമായ പ്രഹ്ലാദ് ജോഷിക്കെതിരായി ഗൗരി ലേഖനം എഴുതിയതിന് അപകീർത്തി കേസിൽ ഗൗരിയെ ആറുമാസം തടവിന് ശിക്ഷിക്കപ്പെട്ടിരുന്നുവെന്ന കാര്യവും ഇവിടെ വിസ്മരിക്കപ്പെടുന്നു.

ഗൗരി ലങ്കേഷ് ഉൾപ്പടെയുള്ള യുക്തിവാദികൾ, ഭരണഘടന തന്നെ വിഭാവനം ചെയ്തിട്ടുള്ള ശാസ്ത്രീയാഭുമുഖ്യമുള്ള, ചുരുങ്ങിയത് പുതിയ ചിന്തകളോട് സഹിഷ്ണുതയുള്ള ഒരു സമൂഹത്തിന് വേണ്ടിയാണ്, നിലകൊണ്ടത്. ഇന്ന് ഊതിവീർപ്പിച്ച ദേശാഭിമാനം ശാസ്ത്രവിരുദ്ധമായി മാറിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. എല്ലാ ശാസ്ത്രവിജ്ഞാനങ്ങളും പണ്ടേ ഇന്ത്യയിലുണ്ടായിരുന്നുവെന്നും അതെല്ലാം വേദങ്ങളിലും ഉപനിഷത്തുക്കളിൽ നിന്നും വായിച്ചെടുത്താൽ മതിയെന്നും സംസ്കൃത ശ്ലോകങ്ങൾ ചൊല്ലി സ്ഥാപിക്കുന്ന പണ്ഡിതർ ഇന്ന് സജീവമാണ്. കെട്ടുകഥകളെ ശാസ്ത്രസത്യങ്ങളും ചരിത്രസത്യങ്ങളും ആയി അവതരിപ്പിക്കുന്ന പ്രവണത വർധിച്ചുവരുന്നു.

പ്രധാനമന്ത്രിയുടെ അഭിപ്രായത്തിൽ പ്ലാസ്റ്റിക് സർജറി ഇന്ത്യയിൽ പ്രാചീനകാലത്തെ ഉണ്ടായിരുന്നുവെന്നതിന്റെ തെളിവാണത്രേ ഗണപതി. ക്ലോണിംഗിന്റെ മികച്ച ഉദാഹരണമാണ് കൗരവരുടെ ജനനമെന്ന് പറഞ്ഞ് വയ്ക്കുന്നു. ഭൂരിപക്ഷ വർഗീയതയ്ക്ക് ശക്തിപകരാൻ പതിന്മടങ്ങ് ഊർജത്തോടെയാണ് ഇപ്പോൾ കപടശാസ്ത്രങ്ങളെ ഇന്ത്യയിൽ ഉപയോഗിക്കുന്നത്. ശാസ്ത്രത്തിന്റെ ഉപോൽപന്നങ്ങളെ നന്നായി ഉപയോഗിച്ചുകൊണ്ട് അവയിലൂടെതന്നെ അശാസ്ത്രീയത പ്രചരിപ്പിക്കാൻ ശ്രമിക്കുന്നുമുണ്ട്. മാനവരാശിയുടെ പുരോഗതിയിൽ ശാസ്ത്രത്തിനുള്ള പങ്ക് ബോധ്യപ്പെടുത്തി യുക്തിബോധമുള്ള, ശാസ്ത്രബോധമുള്ള പ്രതികരണശേഷിയുള്ള ഒരു സമൂഹമാക്കി ഇന്ത്യൻ ജനതയെ മാറ്റാനുള്ള ഭരണഘടനാലിഖിതമായുള്ള പ്രവർത്തനമാണ് ഗൗരി ലങ്കേഷ് ഉൾപ്പെടെയുള്ളവർ ചെയ്തത്.

ആശയങ്ങൾ തമ്മിലുള്ള പോരാട്ടത്തിൽ തോൽക്കുന്നവരാണ് എതിരാളിയെ ഇല്ലായ്മചെയ്യാൻ തോക്കെടുക്കുന്നതെന്ന് വീണ്ടും തെളിഞ്ഞിരിക്കുന്നു. തന്റെ


**ആശയങ്ങൾ തമ്മിലുള്ള പോരാട്ടത്തിൽ തോൽക്കുന്നവരാണ് എതിരാളിയെ ഇല്ലായ്മചെയ്യാൻ തോക്കെടുക്കുന്നതെന്ന് വീണ്ടും തെളിഞ്ഞിരിക്കുന്നു. തന്റെ പത്രത്തിലൂടെ കർണ്ണാടകയിലെ ജനങ്ങളോട് മാത്രം സംവദിച്ചിരുന്ന ഗൗരിയുടെ നാവ് അറുത്തുമാറ്റിയപ്പോൾ വർഗ്ഗീയ ഫാസിസ്റ്റുകൾ തിരിച്ചറിഞ്ഞിരുന്നില്ല നിശ്ശബ്ദമാക്കപ്പെട്ട ഗൗരി ഇനി ഇന്ത്യയിലെ മുഴുവൻ ജനങ്ങളോടും സംസാരിക്കാൻ പോവുകയാണെന്ന്**




പത്രത്തിലൂടെ കർണ്ണാടകയിലെ ജനങ്ങളോട് മാത്രം സംവദിച്ചിരുന്ന ഗൗരിയുടെ നാവ് അറുത്തുമാറ്റിയപ്പോൾ വർഗ്ഗീയ ഫാസിസ്റ്റുകൾതിരിച്ചറിഞ്ഞിരുന്നില്ല നിശ്ശബ്ദമാക്കപ്പെട്ട ഗൗരി ഇനി ഇന്ത്യയിലെ മുഴുവൻ ജനങ്ങളോടും സംസാരിക്കാൻ പോവുകയാണെന്ന്. ഗൗരി ലങ്കേഷും മറ്റ് വധിക്കപ്പെട്ട യുക്തിവാദികളും ഉയർത്തിപ്പിടിച്ച മതേതര ആശയങ്ങളെ കൂടുതൽ ശക്തമായി രാജ്യം മുഴുവൻ പ്രചരിപ്പിക്കാൻ സഹായിച്ച മതമൗലികവാദികളോട് വേദനയോടെയാണെങ്കിലും നന്ദി അറിയിക്കുന്നു. വർഗ്ഗീയവാദികളെ നിങ്ങളറിയുക, ഗൗരിലങ്കേഷിനെ നിങ്ങൾ നിശ്ശബ്ദയാക്കിയെങ്കിലും അവരുടെ ശബ്ദം അനേകലക്ഷം കണ്ഠങ്ങളിലൂടെ ഇന്ന് രാജ്യം മുഴുവൻ മുഴങ്ങിക്കേട്ടുകൊണ്ടിരിക്കുന്നു.

# ദേശീയ പ്രക്ഷോഭം

**കേന്ദ്രത്തിലെ ബി.ജെ.പി. സർക്കാർ നടപ്പിലാക്കിവരുന്ന നവഉദാരവത്കരണ നയങ്ങൾക്കും തൊഴിലാളി ദ്രോഹ നടപടികൾക്കുമെതിരെ ദേശീയ ട്രേഡ് യൂണിയനുകൾ സംയുക്തമായി പ്രഖ്യാപിച്ച പ്രക്ഷോഭപരിപാടികളുടെ ഭാഗമായി 2017 നവംബർ 9, 10, 11 തീയതകികളിൽ ഡൽഹി പാർലമെന്റിനു മുന്നിൽ ലക്ഷക്കണക്കിന് തൊഴിലാളികൾ പങ്കെടുക്കുന്ന മഹാധർണ്ണ നടത്തുകയാണ്. അഖിലേന്ത്യാ കൺവൻഷൻ ആഹ്വാനം ചെയ്ത പ്രക്ഷോഭ പരിപാടികൾ വിജയമാക്കാൻ മുഴുവൻ തൊഴിലാളികളും അണിനിരക്കണം.**

## തൊഴിലാളികളുടെ അഖിലേന്ത്യാ കൺവൻഷൻ പ്രഖ്യാപനം

തൊഴിലാളികളുടെ അഖിലേന്ത്യാ കൺവെൻഷൻ 2017 ആഗസ്റ്റ് 8-ന് ന്യൂഡൽഹി തൽക്കത്തോറ ഇൻഡോർ സ്റ്റേഡിയത്തിൽ ചേർന്നു. കേന്ദ്ര ട്രേഡ് യൂണിയനുകളുടെയും വ്യവസായ-സേവന മേഖലയിലെ ജീവനക്കാരുടെ ദേശീയ ഫെഡറേഷനുകളുടെയും അഖിലേന്ത്യാ കൺവൻഷനാണ് നടന്നത്. നരേന്ദ്രമോഡിയുടെ നേതൃത്ത്വത്തിലുള്ള കേന്ദ്ര സർക്കാർ പിൻതുടരുന്ന രാജ്യവിരുദ്ധവും ജനവിരുദ്ധവും ആയ കുത്തക താത്പര്യ നടപടികൾ മൂലം അധ:പതിച്ച രാജ്യത്തിന്റെ സാമ്പത്തിക സാഹചര്യങ്ങളിലുള്ള ഗൗരവകരമായ ആശങ്ക കൺവൻഷൻ പങ്കുവെച്ചു. ഇത് രാജ്യത്തെ തൊഴിലാളി വർഗ്ഗത്തിന്റെ ജീവിതസാഹര്യം ദുരിത പൂർണ്ണമാക്കിയതായി കൺവൻഷൻ വിലയിരുത്തി. മിനിമം വേതനം, സാമൂഹ്യസുരക്ഷ പദ്ധതി, തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവും ജീവിതനിലവാരവും വേതനവും, സ്വകാര്യവത്കരണം, കരാർവത്കരണം തുടങ്ങിയവ സംബന്ധിച്ച രാജ്യത്തെ മുഴുവൻ തൊഴിലാളി സംഘടനകളുടെയും പന്ത്രണ്ടിന അവകാശപത്രികയെ നിരന്തരം അവഗണിക്കുന്ന കേന്ദ്ര സർക്കാറിന്റെ നടപടിയിൽ കൺവൻഷൻ ഞെട്ടൽ ഉളവാക്കി. സർക്കാരിന്റെ ജനവിരുദ്ധ-തൊഴിലാളി വിരുദ്ധ നയങ്ങളിൽ പ്രതിഷേധിച്ച് 2015 സെപ്തംബർ 2 നും 2016 സെപ്തംബർ 2 നും നടന്ന ദേശവ്യാപക പ്രക്ഷോഭത്തിൽ രാജ്യത്തെ കോടിക്കണക്കിന് വരുന്ന തൊഴിലാളികൾ അണിനിരന്നു.

തൊഴിലാളികളുടെ അവകാശങ്ങൾക്കും ജീവിതത്തിനും നേരെയുള്ള കേന്ദ്ര സർക്കാരിന്റെ കടന്നാക്രമണം വർധിച്ചുവരികയാണ്. സംഘടിത-അസംഘടിത മേഖലയിലെ തൊഴിലാളികൾ ഒരുപോലെ ഇതിന് ഇരയായിക്കൊണ്ടിരിക്കയാണ്. രാജ്യത്തെ ഏറ്റവും വലിയ തൊഴിലാളി പ്രസ്ഥാനമായ ഐ.എൻ.ടി.യു.സി യെ അന്തർദേശീയ കൂട്ടായ്മകളിലും മറ്റ് വിവിധ ഫോറങ്ങളിലും താഴ്ത്തിക്കെട്ടാനും തകർക്കാനും ബി.ജെ.പി. സർക്കാർ നടത്തുന്ന ഏകാധിപത്യപരവും ഉപജാപക സ്വഭാവമുള്ളതുമായ ആക്രമണങ്ങളെ ദേശീയ കൺവൻഷൻ അതിശക്തമായ ഭാഷയിൽ അപലപിച്ചു. ഇത് മുഴുവൻ ട്രേഡ് യൂണിയൻ സംഘടനകളുടെയും അവകാശങ്ങൾക്ക് നേരെയുള്ള നിന്ദ്യമായ കടന്നാക്രമണമാണ്. ഇതിനെതിരെ സംഘടിച്ചുപോരാടാൻ ദേശീയ കണവൻഷൻ ആഹ്വാനംചെയ്തു. തൊഴിലില്ലായ്മ രാജ്യത്ത് വർധിച്ചുവരിയാണ്. മിക്ക തൊഴിൽ മേഖലകളിലും തൊഴിൽ അവസരങ്ങൾ നഷ്ടമായി വരികയാണ്. വ്യവസായ ശാലകൾ അടച്ചുപൂട്ടുന്ന പ്രതിഭാസമാണ് നടക്കുന്നത്. ഐ.ടി.മേഖലയിൽ വലിയ തൊഴിൽ നഷ്ടം ഉണ്ടാകുന്നത് എരിതീയിൽ എണ്ണയൊഴിയ്ക്കുന്ന സാഹചര്യമാണ് ഉണ്ടാക്കിയിട്ടുള്ളത്. പൊതുഗതാഗതം, വൈദ്യുതി, മരുന്ന് എന്നിവയടക്കുമുള്ള അവശ്യ വസ്തുക്കൾക്കും സേവനങ്ങൾക്കും വില കുത്തനെ വർധിക്കുന്നത് സാധാരണക്കാരുടെ നിത്യ ജീവിതത്തെ കൂടുതൽ സമ്മർദ്ദത്തിലാക്കിയിരിക്കയാണ്. ജി.എസ്.ടി. തിടുക്കത്തിൽ നടപ്പാക്കിയത് എരിതീയിൽ എണ്ണയൊഴിച്ചിരിക്കുയാണ്. സാമൂഹീക മേഖലകളിലേക്കും വിവിധ ക്ഷേമപദ്ധതികളിലേക്കുമുള്ള കേന്ദ്ര സർക്കാർ വിഹിതം വൻതോതിൽ വെട്ടികുറച്ചത് തൊഴിലാളികളുടെ പ്രത്യേകിച്ച് അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ജീവിതം കൂടുതൽ ദുസ്സഹമാക്കി. കരാർ തൊഴിലാളികൾ അടക്കമുള്ളവർക്ക് തുല്യജോലിക്ക് തുല്യവേതനവും തുല്യ ആനുകൂല്യവും നൽകുക. 15-ാം ഇന്ത്യൻ ലേബർ കോൺഫറൻസ് മുന്നോട്ടു വെച്ചതും സുപ്രീംകോടതി ഉത്തരവിലൂടെ അംഗീകരിച്ചതുമായ മിനിമം വേതന പെരുമാറ്റച്ചട്ടം അംഗീകരിക്കുക, പദ്ധതി തൊഴിലാളികൾ, അങ്കണവാടി ഉച്ചഭക്ഷണ ആശാവർക്കർമാർ തുടങ്ങിവരുടെ വേതനവും ജീവതസാചര്യവും മെച്ചപ്പെടുത്തുക, ഇന്ത്യൻ ലേബർ കോൺഫറൻസ് മുന്നോട്ടുവച്ച ശുപാർശകൾ എന്നിവ തൊഴിലാളിവിരുദ്ധ സ്വഭാവം കാണിക്കുന്ന കേന്ദ്ര സർക്കാർ നിരസിക്കുകയാണ്. തുല്യജോലിക്ക് തുല്യവേതനവും തുല്യ ആനുകൂല്യങ്ങളും നൽകുക, ഇ.പി.എസ്. എന്നിവയിൽ സുപ്രീം കോടതിയുടെ ഉത്തരവ് നടപ്പാക്കാൻ പോലും കേന്ദ്ര

# വിജയിപ്പിക്കുക

സർക്കാർ കൂട്ടാക്കുന്നില്ല എന്നത് ഞെട്ടിപ്പിക്കുന്നതാണ്.

രാജ്യത്തെ മുഴുവൻ തൊഴിലാളിസംഘടനകളുടെ എതിർപ്പ് വകവയ്ക്കാതെ കേന്ദ്ര സർക്കാർ തികച്ചും തൊഴിലാളി വിരുദ്ധവും ഉടമകൾക്ക് അനുകൂലവുമായ തൊഴിൽ നിയമ ഭേദഗതിയുമായി മുന്നോട്ടുപോകുകയാണ്. ഇത് തൊഴിലാളിവർഗത്തെ കൂടുതൽ അടിമസമാനമായ സാഹചര്യത്തിലേക്ക് തള്ളിവിടുന്നതാണ്. നിയമാനുസൃതമായി നടപ്പിലാക്കേണ്ട തൊഴിലാളിക്ഷേമ അടിസ്ഥാന സൗകര്യങ്ങളെ തച്ചുടച്ച് പുത്തൻ സാമൂഹിക സുരക്ഷ കോഡ് കൊണ്ടുവരുകയാണ് കേന്ദ്ര സർക്കാർ. തൊഴിലാളികളുടെ അവകാശങ്ങളുടേമേലുള്ള ഏറ്റവും പുതിയ കടന്നുകയറ്റമാണിത്. എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷനും , കോൾമൈൻ പ്രൊവിഡന്റ് ഫണ്ടും, എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസും അടക്കമുള്ള തൊഴിലാളിക്ഷേമ നിയമാധിഷ്ഠിത സംവിധാനങ്ങളെ തകർക്കാനാണ് നീക്കം. തൊഴിലാളിക്ഷേമത്തിനായി ഏർപ്പെടുത്തുന്ന സെസുകൾ നിർത്താലാക്കാനും 20 ലക്ഷം കോടിയോളം വരുന്ന തൊഴിലാളികളുടെ സാമൂഹിക സുരക്ഷാ ഫണ്ടുകൾ ഊഹക്കച്ചവട വിപണിയിൽ എത്തിക്കാനുമാണ് ശ്രമം. തൊഴിലാളികളുടെ സാമൂഹ്യസുരക്ഷ സാർവദേശീയവത്കരിക്കുക എന്ന പ്രച്ഛന്നവേഷമിട്ടാണ് പുത്തൻ പരിഷ്കാരങ്ങൾ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നത്.

പൊതുമേഖല സ്ഥാപനങ്ങളെ സ്വകാര്യവത്കരിക്കുന്നത് ദിനം പ്രതി വർധിച്ചുവരികയാണ്. പൊതുമേഖലക്ക് കീഴിലുള്ള തന്ത്രപ്രധാനമേഖലകളടക്കം സ്വകാര്യവത്കരിക്കുയാണ്. പ്രതിരോധ നിർമാണം, പൊതുമേഖല ബാങ്കുകൾ, ഇൻഷൂറൻസ്, റെയിൽവേ, പൊതുഗതാഗതം, എണ്ണ, ഊർജ്ജ മേഖലകളിലെ ഓഹരികൾ വിൽക്കുകയാണ്. തന്ത്രപ്രധാന മേഖലകൾ വിൽക്കുന്നു. സ്വകാര്യമേഖലക്ക് പുറംപണി നൽകുന്നു. തന്ത്രപ്രധാന മേഖലകളിലടക്കം നൂറ് ശതമാനം വിദേശനിക്ഷേപം അനുവദിക്കുന്നു. ഇതെല്ലാം വളരെയധികം വർധിച്ചുവരികയാണ്. അതിലുപരി സമ്പന്നമായ നിക്ഷേപസാധ്യതയുള്ള മേഖലയിൽ നിന്നും ലാഭത്തിലുള്ള എല്ലാ പൊതുമേഖല സ്ഥാപനങ്ങളെയും മാറ്റി നിർത്തുന്നത് മറ്റൊരു വൻതിരിച്ചടിയാണ്. രാജ്യത്തെ പ്രതിരോധമേഖലയെ സ്വകാര്യവത്കരിക്കാനുള്ള നീക്കത്തിലൂടെ തകർക്കുന്നത് ആറര പതിറ്റാണ്ടായി രാജ്യം ഈ മേഖലയിൽ കൈവരിച്ച നിർമാണ കഴിവുകൾ ആണ്. ആയുധങ്ങളും നിർമാണ ഉപകരണങ്ങളും അടങ്ങുന്ന അൻപത് ശതമാനം സാമഗ്രികൾക്കും പുറംകരാർ നൽകുന്നത് ഏറ്റവും മോശമായതും സംശയാസ്പദവുമായ കളിയുടെ ഭാഗമാണ്. നിലവിൽ നിയമപരമായി ഇവിടെ നിർമിച്ച സാമഗ്രികളാണിവ. റെയിൽവേ യുടെ സ്വകാര്യവത്കരണം ഘട്ടംഘട്ടമായി നടന്നുവരികയാണ്. റെയിൽവേ നിർമ്മിച്ച ട്രാക്കിലൂടെ സ്വകാര്യട്രെയിനുകൾ ഓടിക്കാൻ അനുമതി നൽകാനിരിക്കുന്നു. സ്വകാര്യ ട്രെയിനുകളുടെ അറ്റകുറ്റപണികൾക്ക് റെയിൽവേ യാർഡുകളും, ഷെഡുകളും, വർക്ക്ഷോപ്പുകളും അനുവദിച്ചനൽകുന്നു. നിലവിൽ എല്ലാ മെട്രോ നഗരങ്ങളിലെയും കൂടി 23 റെയിൽവേ സ്റ്റേഷനുകൾ സ്വാകര്യവത്കരിക്കുന്നയുടെ ഹ്രസ്വപട്ടികയിൽ ഉൾപ്പെടുത്തി കഴിഞ്ഞു. റെയിൽവേ ജീവനക്കാർ സ്വകാര്യവത്കരണത്തിന്റെ ഏറ്റവും വലിയ ഇരകളാകും. ജോലി സുരക്ഷയും, ജനാധിപത്യപരമായ രീതിയിൽ സംഘടിക്കാനുള്ള അവരുടെ അവകാശവും ഇല്ലാതാകും. വേതനം, സേവനാന്തര ആനുകൂല്യം, സമാഹ്യസുരക്ഷ മേഖലയിൽ നേടിയെടുത്ത നേട്ടങ്ങൾ എന്നിവ ഇല്ലാതാകും. കേന്ദ്ര വൈദ്യതി റഗുലേറ്ററി അതോറിറ്റി (സി.ഇ.ആർ.സി) പോലെ റെയിൽവേ വികസന അതോറിറ്റി (ആർ.ഡി.എ.) രൂപീകരിക്കും. സി.ഇ.ആർ.സി. വൈദ്യുതി താരിഫ് റോക്കറ്റ് കണക്കെ വർധിപ്പിക്കുന്നതുപോലെ ആർ.ഡി.എ. യും റെയിൽവേ യാത്രാചരക്കുകൂലികൾ വലിയതോതിൽ വർധിപ്പിക്കും. ഇത് സാധാരണക്കാർക്ക് ദ്രോഹമാകുന്നതിനും സ്വകാര്യമേഖലയ്ക്ക് ഗുണകരമായതരത്തിലുമായിരിക്കും. ചട്ടങ്ങളുടെയും ഭരണനിർവഹണത്തിന്റെയും പേരിൽ പൊതുമേഖലാ ബാങ്കുകൾ നിരന്തരം ആക്രമണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. സർക്കാറിന്റെ അത്യന്തികമായ ലക്ഷ്യം ഈ മേഖലയുടെ സ്വകാര്യവത്കരണമാണ്. മേഖലയിലെ സ്വകാര്യകുത്തകകൾക്ക് ആവശ്യമായ സൗജന്യങ്ങൾ ചെയ്തുകൊടുക്കുക എന്നതും കേന്ദ്രസർക്കാർക്കിന്റെ നടപടികൾക്ക് പിന്നിലുണ്ട്. കുത്തകകൾ വലിയ ബാങ്ക് വായ്പയെടുത്ത് തിരിച്ചടുക്കാത്തത് ബാങ്കിങ് മേഖലയെ വലിയ കുഴപ്പത്തിൽ എത്തിച്ചിട്ടുണ്ട്. പ്രവർത്തനചെലവു ചുരുക്കാനെന്നപേരിൽ നിയമനം കരാർ അടിസ്ഥാനത്തിലാക്കാനുള്ള നടപടി വിവിധ ബാങ്കുകളിൽ തുടക്കമിട്ടുകഴിഞ്ഞു. ഇൻഷുറൻസ് മേഖലയും ഇത്തരത്തിലുള്ള ആക്രമണത്തിന് വിധേയമായിക്കൊണ്ടിരിക്കയാണ്. നമ്മുടെ പ്രധാന തുറമുഖങ്ങൾ സ്വാകര്യവത്കരിക്കാനുള്ള നടപടികൾ നടന്നുവരികയാണ്. ഊർജം, പെട്രോളിയം, ടെലികോം, ഉരുക്ക്, ഖനനം, യന്ത്രനിർമ്മാണം, റോഡ്, വ്യോമയാനം, ജലഗതാഗതം, തുറമുഖം തുടങ്ങിയ തന്ത്രപ്രധാന മേഖലകൾ സർക്കാരിന്റെ സ്വകാര്യവത്കരണ കടന്നാക്രമണത്തിന് വിധേയമായിക്കൊണ്ടിരിക്കയാണ്. ഈ മേഖലയിലെ തൊഴിലാളികൾ ഐക്യത്തോടെ ഇതിനെതിരെ പോരാടുന്നതായി കൺവൻഷൻ വിലയിരുത്തി. പദ്ധതിതൊഴിലാളികളടക്കുമുള്ള സർക്കാർ സേവന മേഖലയിലെ ജീവനക്കാരും തൊഴിലാളികളും ഐക്യത്തോടെ പ്രക്ഷോഭമുഖത്തുണ്ട്. ഈ സമരങ്ങൾക്ക് കൺവൻഷൻ പൂർണ പിന്തുണ വാഗ്ദാനം ചെയ്തു. സ്വകാര്യ മേഖലയ്ക്ക് റൂട്ട്, പെർമിറ്റ് എന്നിവ യഥേഷ്ടം നൽകി. ചില സംസ്ഥാന സർക്കാരുകൾ പൊതുഗതാഗത സംവിധാനത്തെ തകർക്കാ

നുള്ള ശ്രമം നടത്തുന്നുണ്ട്. കേന്ദ്ര സർക്കാർ നടപ്പു പാർലിമെന്റ് സമ്മേളനത്തിൽതന്നെ മൊട്ടോർ വാഹന ഭേദഗതി ബില്ല് 2017 ബില്ലിന് അംഗീകാരം നൽകും. രാജ്യത്തെ റോഡുഗതാഗത സംവിധാനത്തെ പൂർണ മായും സ്വകാര്യവത്കരിക്കാൻ അനുവദിക്കുന്നതാണ് പ്രസ്തുത ഭേദഗതി ബില്ല്. ഇതിനെതിരെ ട്രാൻസ്പോർട്ട് തൊഴിലാളികൾ നടത്തുന്ന പ്രക്ഷോഭ പരിപാടികൾ കൺവൻഷൻ അവലോകനം ചെയ്തു. ഗതാഗത മേഖലയിൽ കേന്ദ്ര-സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന തൊഴിലാളിവിരുദ്ധ ജനവിരുദ്ധ നട പടികളെ കൺവൻഷൻ അപലപിച്ചു. സർക്കാർ കർഷക വിരുദ്ധ നയത്തിനെതിരെ കർഷകരുടെ ദേശീയ ഫോറങ്ങളുടെ സംയുക്ത സമിതിയുടെ നേതൃ ത്വത്തിൽ വിവിധ സംസ്ഥാനങ്ങളിൽ സമരമുഖത്തുള്ള കർഷകർക്ക് ദേശീയ കൺവൻഷൻ പൂർണ്ണ ഐക്യ ദാർഢ്യം പ്രഖ്യാപിച്ചു. സർക്കാരിന്റെ കുത്തക-ഭൂപ്രഭു താത്പര്യങ്ങൾ കാർഷിക മേഖലയില വലിയ പ്രതി സന്ധി സൃഷ്ടിച്ചിട്ടുണ്ട്. രാജ്യത്തിന്റെ സാമ്പത്തിക മേഖലക്ക് വലിയ സംഭാവന നൽകുന്ന ഈ മേഖല യിൽ ഇന്ന് ആത്മഹത്യകൾ വർധിച്ചുവരികയാണ്.

കേന്ദ്ര സർക്കാറിന്റെ സംവിധാനങ്ങളുടെ സജീവ മായ രക്ഷാകർത്വത്തിൽ പൊതുസമൂഹത്തെ വർഗീ യവത്കരിക്കാനും ഭിന്നിപ്പിക്കാനും നടത്തുന്ന പ്രവർത്തനങ്ങളെ തൊഴിലാളികളുടെ ദേശീയ കൺവൻഷൻ ശക്തമായി അപലപിച്ചു. സമാധാ നത്തെ സ്നേഹിക്കുന്ന രാജ്യത്തെ മതനിരപേക്ഷ ജനത തീവ്രവാദ ഭീഷണിക്കും അരക്ഷിതാവസ്ഥക്കും നടുവിലാണ്. പ്രത്യേകിച്ച് പ്രശ്നങ്ങളൊന്നും ഇല്ലാതെ തന്നെ വർഗീയ ശക്തികൾ സമൂഹത്തിൽ സംഘർഷ ത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കുകയാണ്. ഇത് തൊഴി ലാളികളുടെയും പൊതുവിൽ അധ്വാനിക്കുന്ന ജന വിഭാഗത്തിന്റെയും ഐക്യത്തെ തടസപ്പെടുത്തുന്നു ണ്ട്. അതുകൊണ്ട് പന്ത്രണ്ടിന അവകാശപത്രിക അടി സ്ഥാനമാക്കി നടന്നുകൊണ്ടിരിക്കുന്ന പ്രക്ഷോഭങ്ങ ളുടെ കൂടെ ഇത്തരം വർഗീയ ശക്തികൾക്കെതിരായ പോരാട്ടവും ശക്തിപ്പെടുത്തണം. തൊഴിലാളിവർഗം നിർബന്ധമായും തങ്ങളുടെ പ്രക്ഷോഭത്തിന്റെ ശബ്ദം ഉച്ചത്തിലാക്കേണ്ടതുണ്ട്. സ്വകാര്യ കുത്തക സൗഹൃ ദത്തിലുള്ള സർക്കാരിന്റെ പലഭാഗത്തുനിന്നുള്ള ആക്ര ണങ്ങൾക്ക് അടിക്കടി ആഴത്തിൽവിധേയമായിക്കൊ ണ്ടിരിക്കുന്ന തൊഴിലാളി വർഗ്ഗതിന്റെയും അധ്വാനിച്ച് ജിവിക്കന്നവരെയും ജീവിത സാഹചര്യം രാജ്യത്ത് മോശമായിക്കൊണ്ടിരിക്കയാണ്. മറുഭാഗത്ത് രാജ്യത്തെ തൊഴിലാളി വർഗം കൂടുതൽ ദൃഡമായ ഐക്യം നേടിയിരിക്കയാണ്. കൂടാതെ സർക്കാറിന്റെ ആത്മഹത്യപരമായ ജനവിരുദ്ധ നയങ്ങൾക്കെതിരായ സമരങ്ങൾ മുൻപില്ലാത്തവിധത്തിലുള്ള പ്രതികരണം നേടിക്കൊണ്ടിരിക്കയാണ്. ഇപ്പോൾ വിവിധ മേഖല യിൽ അലയടിക്കുന്ന സമരങ്ങൾക്ക് കൂടുതൽ ഉഗ്രമാ ക്കുകയന്നെ ദൗത്യമാണ് കേന്ദ്ര ട്രേഡ് യൂണിയനുക ളുടെയും സ്വതന്ത്ര ദേശീയ ഫെഡറേഷനുകളുയും സംയുക്ത സമിതിക്ക് മുന്നിലുള്ളത്. ദേശീയതല ത്തിലുള്ള കൂട്ടായ്മ രൂപപ്പെടുത്തുന്നതിന് പിന്നാലെ സമൂഹത്തിൽ എല്ലാതലത്തിലുമുള്ള പ്രക്ഷോഭങ്ങ ളുടെ ഏകീകൃത മുന്നേറ്റമായി ദേശീയ പണിമുടക്ക് നടത്തും. ഇതിനായി തൊഴിലാളികളുടെ ദേശീയ കൺവൻഷൻ താഴെപറയുന്ന പരിപാടികൾ അംഗീ കരിച്ചു.

1. ആവശ്യങ്ങൾ ഉയർത്തി രാജ്യത്തെ എല്ലാ മേഖല യിലും കൂട്ടായ പ്രക്ഷോഭങ്ങൾ ത്വരിതപ്പെടുത്താൻ പരിശ്രമിക്കുക. ഇക്കാര്യം നിലവിൽ ആരംഭിച്ചു കഴിഞ്ഞു.
2. വ്യവസായ കേന്ദ്രങ്ങളിലും സംസ്ഥാന-ജില്ല-ബ്ലോക്ക് തലങ്ങളിലും കൺവൻഷനുകളും പ്രചാ രണ പ്രവർത്തനങ്ങളും നടത്തുക.
3. പ്രക്ഷോഭത്തിന്റെ ഭാഗമായി, ഡൽഹിയിൽ നവം ബർ 9, 10, 11 തീയതികളിൽ മഹാധർണ നടത്തും. രാജ്യത്തിന്റെ എല്ലാ ഭാഗത്തു നിന്നുള്ള തൊഴിലാ ളികളെ ധർണയിൽ പങ്കെടുപ്പിക്കണം.
4. കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ-തൊഴിലാളിവി രുദ്ധ നയങ്ങൾക്കെതിരെ രാജ്യവ്യാപക പ്രക്ഷോ ഭത്തിന് തൊഴിലാളി വർഗം തയ്യാറെടുക്കണം.

എല്ലാ മേഖലയിലെയും തൊഴിലാളികൾ മുകളിൽ പറഞ്ഞ പരിപാടികൾ പരിപൂർണ വിജയത്തിലെ ത്തിക്കാൻ അഫിലിയേഷൻ കണക്കിലെടുക്കാതെ രംഗത്തിറങ്ങണമെന്ന് ദേശീയ കൺവൻഷൻ ആ ഹ്വാനം ചെയ്യുന്നു.

**ഇന്ത്യൻ തൊഴിലാളിവർഗ്ഗം ഉയർത്തുന്ന പന്ത്രണ്ടിന അവകാശ പത്രിക**

1. ചരക്കു കമ്പോളത്തിലെ ഊഹക്കച്ചവടം നിരോ ധിച്ചും പൊതുവിതരണം സമ്പ്രദായം സാർവത്രി കമാക്കിയും വിലക്കയറ്റം നിന്ത്രിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുക.
2. തൊഴിലുകൾ സൃഷ്ടിക്കാൻ മൂർത്തമായ നടപടി സ്വീകരിച്ച് തൊഴിലില്ലായ്മ നിയന്ത്രിക്കുക.
3. ഒഴിവുകളോ, സൗജന്യങ്ങളോ അനുവദിക്കാതെ അടിസ്ഥാന തൊഴിൽ നിയമങ്ങൾ ശക്തമായി നടപ്പി ലാക്കുകയും നിയമലംഘകർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുകയും ചെയ്യുക.
4. എല്ലാ തൊഴിലാളികൾക്കും സാമൂഹ്യ സുരക്ഷ സാർവത്രികമാക്കുക.
5. പ്രതിമാസം മിനിമം വേതനം 18000/- രൂപയാക്കു ക. അത് വില സൂചികയുമായി ബന്ധപ്പെടുത്തുക.
6. തൊഴിലെടുക്കുന്നവർക്കെല്ലാം പ്രതിമാസം 3000/- രൂപ പെൻഷൻ ഉയർത്തി നൽകുക.
7. കേന്ദ്രസംസ്ഥാന പൊതുമേഖലയുടെ ഓഹരി കൈയൊഴിയുന്ന തന്ത്രപ്രധാന വില്പന നിർത്ത ലാക്കുക.
8. സ്ഥിരവും തുടർച്ചയായുള്ളതുമായ തൊഴിലുകൾ കോൺട്രാക്ട് നൽകുന്നത് അവസാനിപ്പിക്കുക. സ്ഥിരം തൊഴിലാളികൾക്ക് നൽകുന്ന വേതനവും മറ്റാനുകൂല്യങ്ങളും കോൺട്രാക്ട് തൊഴിലാളി കൾക്കും നൽകുക.
9. ബോണസ്, പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റ്വിറ്റി എന്നി വക്ക് നിശ്ചയിച്ചിട്ടുള്ള എല്ലാ പരിധികളും എടു ത്തു മാറ്റുക.
10. ഐ.എൽ.ഒ. കൺവെൻഷനിലെ സി. 87, സി 98 വ്യവസ്ഥ പ്രകാരം അപേക്ഷ നൽകി 45 ദിവസ ത്തിനുള്ളിൽ ട്രേഡ് യൂണിയനുകളുടെ നിർബ ന്ധിത രജിസ്ട്രേഷൻ എന്ന തത്വം നടപ്പിൽ വരു ത്തുക.
11. തൊഴിൽ നിയമ ഭേദഗതികൾ പിൻവലിക്കുക.
12. റെയിൽവെയിലെയും, ഇൻഷ്വറൻസിലെയും പ്രതി രോധ മേഖലയിലെയും വിദേശ നിക്ഷേപനീക്കം ഉപേക്ഷിക്കുക.

•

ജാഹ്നവി



# കർഷകൻ

മറന്നുവോ മലനാടേ,
മർത്ത്യ കുലം തളിർപ്പിച്ചോ
രാദി ഗോത്ര രാജാവിനെ,
പാവമീ കൃഷിക്കാരനെ?
അവൻ പാടുന്നു ശോകാർദ്ര
മേതോ ഗീത; മതിൻ ധ്വനി
ധ്യാനത്തിൽ വിലയം കൊള്ളും
പർവ്വത്തെയുണർത്തിയോ?
അവൻ കർഷകൻ, കേവലൻ
മണ്ണിനിഷ്ടൻ, നിരാശ്രയൻ;
കിഞ്ചനൻ നിസ്വനെന്നാലും
നന്മയാൽ ജന്മിയായവൻ
കീഴടങ്ങിയ വെയിലിന്റെ
ശ്യാമഭസ്മം പുരട്ടിയോൻ
ലംബദൂരങ്ങളെ യവ-
ലംബമില്ലാതെ താണ്ടിയോൻ
പൊള്ളയാമീ മുളന്തണ്ടിൽ
പാട്ടുണ്ടെന്നറിഞ്ഞവൻ
ഉഴവു ചാലിൽ സീതയാ
മിതിഹാസത്തെ വീണ്ടവൻ
ഹലത്താലൂഷര ഭൂവിൻ
മാറു കീറി വിതച്ചവൻ;
മുളകൾക്കു കാവലായി
യിളവില്ലാതെയിരുന്നവൻ
വിൺഗംഗയെ മണ്ണിലേയ്ക്കു
ചാലു കീറി കളിച്ചവൻ
കിതപ്പാറാത്ത നെഞ്ചുമാ-
യെരിതീ പോൽ ജ്വലിച്ചവൻ
നഗ്നപാദങ്ങളാദരാൽ
നീ ചേർക്കേ ക്ഷണ മാത്രയിൽ
പുളകത്താലേയുർവര-
യായ് കതിരാർന്നു പൂഞ്ചകൾ
തണ്ടെല്ലേന്തും ബലത്തിനാൽ
കാലത്തെക്കളിയാക്കിയോൻ,
നീ കർഷകൻ, മരുഭൂവിൽ
മരതകാഭ നിറച്ചവൻ
നാട്ടുതെങ്ങിൻ പൊക്കത്തിൽ
നാളികേരങ്ങൾ കണ്ടവൻ
നാട്ടു പുഴ തന്നോരത്തിൽ
സംസ്കാരങ്ങൾ പടുത്തവൻ
കൊച്ചുവീടിന്റെയുമ്മറം
നിലവിളക്കാൽ മിന്നവേ
ഗ്രാമ ലക്ഷ്മി വിരുന്നിനാ-
യെത്തുമാറുണ്ടു നിത്യവും
അച്ചേരാതിന്റെ ധാരകൾ
മുച്ചൂടും നാട്ടിലെത്തിച്ചു
നിറഞ്ഞ ഹൃദയത്തോടെ
നോക്കി നോക്കി രസിച്ചവൻ
അരുവിയും തോടും കുളവും
തെരുവും പൂവും ചേർത്തു ഹാ
ഒരു സുന്ദര ഗ്രാമ ചിത്രം
കരുതലോടെ വരച്ചവൻ
മുഖം മൂടിയണിഞ്ഞീടാ-
താകും ചോർത്തി ചിരിച്ചവൻ
പുഞ്ചിരി പ്രദീപത്താൽ
നാടണിയച്ചൊരുക്കിയോൻ
വിയർപ്പിൻ പനിനീരാൽ പൂ-
ങ്കാവനങ്ങൾ നിരത്തിയോൻ
മനസ്സിലെന്നും പൂക്കാലും
നിലനിർത്തിക്കഴിഞ്ഞവൻ
സഹജാവബോധത്തിന്റെ
മഴവിൽമാല ചാർത്തിയോൻ
സങ്കല്പ വിണ്ടലമാകെ
സ്നേഹ മേഘങ്ങളാണ്ടവൻ
നെഞ്ചു വേവിച്ചു ചുടുപാ-
ലുണ്ണികൾക്കു ചുരത്തിയ
തൻ ഗേഹിനിയെ കണ്ടു ക-
ണ്ടെന്നും പുളകം കൊണ്ടവൻ
രാത്രി മുല്ലകളൊട്ടിയ
കരിമ്പാറ പോല കപോലം
വെള്ള ദീക്ഷ നിറഞ്ഞിപ്പോൾ
തുള്ളിത്തുള്ളി തുളുമ്പിയോൻ
വിണ്ടുകീറിയ പാടത്തിൽ
സങ്കടത്തോടിരുന്നവൻ
സന്തതീ ദു:ഖത്താൽ നൊന്തു
വെന്തുപോയ പിതാമഹൻ
വിതയ്ക്കും ഹസ്തമേ നിന്നിൽ
കുടി കൊണ്ടീടുമീശ്വരൻ
ധാന്യമായ് ഫലമായെന്നും
തീറ്റിപ്പോറ്റുന്നു ഞങ്ങളെ
വഴിവെട്ടി, കിണർ വെട്ടി
യഴലിനു കുഴി വെട്ടി
വാഴട്ടേ ഞങ്ങൾ തൻ ഹൃത്തി
നാഴത്തിലാ കൃഷിവലൻ.....



# സമകാലികം

ഇന്ത്യയിലെ മതേതരത്വ ജനാധിപത്യം മുമ്പൊരിക്കലും നേരിടാത്ത കഠിനമായ സമ്മർദ്ദവും വെല്ലുവിളികളുമാണ് ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്നത്. കേന്ദ്രത്തിലെ ബി.ജെ.പി. ഭരണം സൃഷ്ടിക്കുന്നത് ആപത്കരമായ അന്തരീക്ഷമാണ്. എതിർക്കുന്നവരെ കൊന്നും, ഭയപ്പെടുത്തിയും എല്ലാം വരുതിയിലാക്കുകയാണ് ഒരുവശത്ത് കോർപ്പറേറ്റുവൽക്കരണവും, മറുവശത്ത് തീവ്രമായ വർഗ്ഗീയ വൽക്കരണവും. രാജ്യത്തെ സാംസ്കാരിക-ചരിത്ര മേഖലയാകെ കാവിവൽകരിക്കുക, സ്ഥാനമാനങ്ങൾ വച്ചു നീട്ടി ആളുകളെ ഒപ്പം നിർത്തുക, വഴങ്ങാത്തവരെ ഭീഷണിപ്പെടുത്തി നിശബ്ദരാക്കുക എന്നിവ നിലവിൽ സംഘപരിവാർ സ്വീകരിച്ചിട്ടുള്ള ഫാസിസ്റ്റ് തന്ത്രങ്ങളിൽ ചിലത് മാത്രം. നരേന്ദ്ര ധബോൽക്കർ, ഗോവിന്ദ് പൻസാരെ, എം.എം.കൽബുർക്കി, ഗൗരിലങ്കേഷ്- വർഗ്ഗീയ വാദികളുടെ തോക്കിൻ മുനയ്ക്ക് ഇരയാകുന്ന യുക്തിവാദികളുടെയും, അന്ധവിശ്വാസ വിരുദ്ധ പ്രവർത്തകരുടെയും പട്ടിക നീളുകയാണ്. ഇവരൊന്നും ആശയപ്രചരണത്തിനായി ആയുധങ്ങൾ കൈയ്യിലെടുത്തവരല്ല. ഇവരുടെ വാക്കുകളും എഴുത്തുകളും പലരിലും അസഹിഷ്ണുതയും ഭീതിയുമുളവാക്കി.

അഴിമതിയ്ക്കും, വർഗ്ഗീയതയ്ക്കുമെതിരെ വിട്ടുവീഴ്ചയില്ലാതെ പോരാടിയ മാധ്യമപ്രവർത്തക ഗൗരി ലങ്കേഷിനെ സെപ്തംബർ 5-ന് രാത്രി എട്ടുമണിക്ക് വെടിവച്ചുകൊന്നു. ധരേന്ദ്ര ധാബോൽക്കറും, ഗോവിന്ദ് പൻസാരയും, പ്രൊഫ. എം.എം. കൽബുർഗിയും കൊല്ലപ്പെട്ട അതേ രീതിയിൽ തന്നെയാണ് ഗൗരിലങ്കേഷും കൊല്ലപ്പെട്ടത്. പത്രപ്രവർത്തകനും അധ്യാപകനുമായ പി.ലങ്കേഷിന്റെ മകളാണ് ഗൗരി ലങ്കേഷ്. ഗൗരിലങ്കേഷ് പത്രിക പരസ്യങ്ങൾ പ്രസിദ്ധീകരിക്കാതെ വരിസംഖ്യകൊണ്ട് മാത്രമാണ് പ്രവർത്തനം മുന്നോട്ട് കൊണ്ടുപോയത്. കോർപ്പറേറ്റ്-വർഗ്ഗീയ-ഭരണതാൽപര്യങ്ങൾക്ക് വിധേയപ്പെടാതെയാണ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. സംഘപരിവാർ ആശയങ്ങളോട് കടുത്ത വിരോധിയായിരുന്ന ഗൗരിലങ്കേഷ്, അവരുടെ വർഗ്ഗീയതയും അഴിമതിയും തുറന്നുകാട്ടി.

ത്രിപുരയിലെ ഇടതു പുരോഗമന വാദിയും മാധ്യമപ്രവർത്തകനുമായ ദിൻരാത്ത് ചാനലിന്റെ റിപ്പോർട്ടറുമായ 28 കാരൻ ശന്തനു ഭൗമിക്കിനെ അഗർത്തലയിൽ നിന്ന് മുപ്പത് കിലോമീറ്റർ അകലെയുള്ള മണ്ഡായ് ടൗണിന്റെ അതിർത്തിയിൽ ബി.ജെ.പി. യുമായി ബന്ധമുള്ള ഇൻഡീജിനസ് പീപ്പിൾസ് ഫ്രണ്ട് ഓഫ് ത്രിപുര (IPFT) പ്രവർത്തകർ മർദ്ദിച്ച് കൊലപ്പെടുത്തിയത് രാജ്യത്തെ വീണ്ടും ഭീതി പടർത്തുകയാണ്. സംസ്ഥാന ഭരണത്തെ അസ്ഥിരപ്പെടുത്താനും വംശീയത ഉയർത്തി ജനാധിപത്യത്തെ തകർക്കാനും ലക്ഷ്യമിട്ട് നടന്ന അക്രമസംഭവങ്ങളുടെ ദൃശ്യങ്ങൾ ശന്തനു പകർത്തിയിരുന്നു. ബി.ജെ.പി. ഇളക്കിവിട്ട ഗോത്രവിഭാഗക്കാരുടെ വിവേകശൂന്യമായ രാജ്യാഭിമാനത്തിന്റെ രക്ത സാക്ഷിയാണ് ഭൗമിക്.

മഹാരാഷ്ട്രയിൽ അന്ധവിശ്വാസ വിരുദ്ധ പ്രചരണപ്രവർത്തനങ്ങൾ നടത്തിയതിനാണ് 2013 ആഗസ്റ്റ് 20-ന് നരേന്ദ്ര ധാബോൽക്കറെ കൊന്നത്. പൂനയിൽ പ്രഭാതനടത്തത്തിനിടെ 67 വയസുള്ള അദ്ദേഹത്തെ ബൈക്കിലെത്തിയ രണ്ട് അക്രമികൾ വെടിവച്ചുവീഴ്ത്തി.

ഹിന്ദുത്വ വർഗ്ഗീയതയ്ക്കെതിരെ ഉറച്ച് നിലപാട് സ്വീകരിച്ച ഗോവിന്ദ് പൻസാരെയെ മഹാരാഷ്ട്രയിലെ കോലംപൂരിൽ പ്രഭാതനടത്തത്തിനിടെ 2015 ഫെബ്രുവരി 16-ന് വെടിവച്ചത്. ഫെബ്രുവരി 20-ന് മരിച്ചു.

ഹംപിയിലെ കന്നട സർവ്വകലാശാല മുൻ വൈസ്ചാൻസലറും, അധ്യാപകനും, കന്നട എഴുത്തുകാരനും, എം.എം.കൽബുർഗിയെ 2015 ആഗസ്റ്റ് 15-നാണ് വെടിവച്ചു കൊന്നത്. പ്രഭാതഭക്ഷണം കഴിക്കുന്നതിനിടെ വാതിൽ മുട്ടുന്ന ശബ്ദം കേട്ട് പുറത്തിറങ്ങിയ കൽബുർഗിയെ വെടിവച്ച് കൊല്ലുകയായിരുന്നു. വിഗ്രഹാരാധനയ്ക്കും, അന്ധവിശ്വാസത്തിനെതിരെയും കൽബുർഗി നടത്തിയ വിമർശനങ്ങളാണ് സംഘപരിവാറിനെ ചൊടിപ്പിച്ചത്.

മധോരു ഭാഗൻ എന്ന നോവൽ എഴുതിയതിന്റെ പേരിലാണ് തമിഴ് എഴുത്തുകാരൻ പെരുമാൾ മുരുകൻ തീവ്രഹിന്ദുത്വ സംഘടനകളുടെ ഭീഷണി നേരിട്ടത്. ഭഗവദ്ഗീത സംബന്ധിച്ച മൈസൂറിൽ നടത്തിയ പ്രഭാഷണത്തിന് ശേഷമാണ് കെ.എസ്.ഭഗവാനെതിരെ സംഘപരിവാർ ഭീഷണികൾ വന്നത്. നോട്ട് അസാധുവാക്കൽ ജനങ്ങളെ ബുദ്ധിമുട്ടിച്ചു എന്ന് അഭിപ്രായപ്പെട്ടതിന്റെ പേരിലായിരുന്നു മലയാള സാഹിത്യത്തിലെ പ്രമുഖനായ എം.ടി.വാസുദേവൻ നായർക്കെതിരെ അധിക്ഷേപങ്ങൾ ഉയർന്നത്. മാധവിക്കുട്ടിയുടെ ജീവിതം ആസ്പദമാക്കി സിനിമ സംവിധാനം ചെയ്തതിനാണ് സംവിധായകൻ കമലിനെതിരെ സംഘപരിവാർ ഭീക്ഷണികൾ ഉയർന്നത്.

എഴുത്തുകാരിയും, സാമൂഹ്യപ്രവർത്തകയുമായ ചേതന തീർത്ഥഹള്ളിക്കെതിരെയും, കർണ്ണാടകയിലെ ജാതിമേൽക്കോയ്മയ്ക്കെതിരെ എഴുതിയതിന് യുവകവിയും ദളിതനമായ ഹുച്ചംഗി പ്രസാദിനെതിരെയും ജ്ഞാനപീഠം ജേതാവ് ഗിരിഷ് കർണാടിനെതിരെയും സംഘപരിവാർ ഭീക്ഷണികളും അധിക്രമങ്ങളുമുണ്ടായി.

വിഖ്യാത സാഹിത്യകാരനായ ഡോ. യു.ആർ.അനന്തമൂർത്തിയെ പാകിസ്ഥാനിലേയ്ക്ക് പോകാനായി വിമാനടിക്കറ്റ് അയച്ചുകൊടുത്തുകൊണ്ടാണ് അപഹസിച്ചത്. പാകിസ്ഥാൻ മുൻ വിദേശമന്ത്രി ഖുർദിഷ് മുഹമ്മദ് കസൂരിയുടെ പുസ്തകത്തിന്റെ പ്രകാശനം മുംബൈയിൽ സംഘടിപ്പിച്ചതിന്റെ പേരിലാണ് സുധീന്ദ്ര കുൽക്കർണിയുടെ ദേഹത്ത് കരി ഓയിൽ ഒഴിച്ചത്. രാജ്യത്ത് വളരുന്ന അസഹിഷ്ണുതയിൽ ആശങ്ക പ്രകടിപ്പിച്ചതിന്റെ പേരിലാണ് ബോളിവുഡ് സൂപ്പർ താരങ്ങളായ ഷാരുഖ്ഖാനും, അമീർഖാനും സംഘപരിവാറിന്റെ ഭീഷണി നേരിടേണ്ടിവന്നതും.

കർക്കിടമാസത്തിലെ രാമായണത്തെക്കുറിച്ച് ലേഖന പരമ്പര എഴുതിയതിന് അധ്യാപകനും പണ്ഡിതനുമായ ഡോ. എം.എം.ബഷീറിനെ സംഘപരിവാർ ഭീഷണിപ്പെടുത്തി. സംഘപരിവാറിനെ സാമൂഹ്യമാധ്യമങ്ങളിൽ വിമർശിച്ച അധ്യാപികയും, എഴുത്തുകാരിയുമായ ദീപനിശാന്തിനെതിരെയും ഭീഷണി ഉയർന്നത്.

ഗൗരിലങ്കേഷിന്റെയും, ഗോവിന്ദ് പൻസാരെയും, നരേന്ദ്ര ധബോൽക്കറുടെയും, കൽബുർഗിയുടെയും കൊലപാതകങ്ങൾ വിരൽ ചൂണ്ടുന്നത് ഹിന്ദുത്വ വർഗ്ഗീയ ശക്തികൾക്കെതിരെ എഴുതുകയും ചിന്തിക്കുന്നവരെയും ഉന്മൂലനം ചെയ്യാനുള്ള ആസൂത്രിത നീക്കത്തിലേക്കാണ്. ഇതേ ആസൂത്രിത ആക്രമണങ്ങളാണ് കേരളത്തിൽ ഇടതു പുരോഗമന പ്രസ്ഥാനങ്ങൾക്കെതിരെയും അഴിച്ചുവിടുന്നത്.

**ഗൗരിലങ്കേഷിന്റെയും, ഗോവിന്ദ് പൻസാരെയും, നരേന്ദ്ര ധബോൽക്കറുടെയും, കൽബുർഗിയുടെയും കൊലപാതകങ്ങൾ വിരൽ ചൂണ്ടുന്നത് ഹിന്ദുത്വ വർഗ്ഗീയ ശക്തികൾക്കെതിരെ എഴുതുകയും ചിന്തിക്കുന്നവരെയും ഉന്മൂലനം ചെയ്യാനുള്ള ആസൂത്രിത നീക്കത്തിലേക്കാണ്. ഇതേ ആസൂത്രിത ആക്രമണങ്ങളാണ് കേരളത്തിൽ ഇടതു പുരോഗമന പ്രസ്ഥാനങ്ങൾക്കെതിരെയും അഴിച്ചുവിടുന്നത്.**

**ഗോരഖ്പൂരിലെ ദുരന്തം**

കിഴക്കൻ ഉത്തർപ്രദേശിലെ ഗോരഖ്പൂർ ബാബ രാഘവ് ദാസ് മെഡിക്കൽ കോളേജിലെ തീവ്രപരിചരണ വിഭാഗത്തിൽ മസ്തിഷ്ക ജ്വരം ബാധിച്ച് അഡ്മിറ്റ് ചെയ്യപ്പെട്ട നൂറിലേറെ കുഞ്ഞുങ്ങൾ ഓക്സിജൻ കിട്ടാത്തതിനാൽ മരിച്ചുവീണ വാർത്ത രാജ്യത്തെയാകെ ഞെട്ടിച്ചു. രാജ്യം 71-ാം സ്വാതന്ത്ര്യ ദിനമാചരിക്കുന്ന ഘട്ടത്തിലുണ്ടായ ഈ ദേശീയ ദുരന്തം നമ്മുടെ രാജ്യം എവിടെ പോയി നിൽക്കുന്നു എന്ന് മനസ്സിലാക്കാം.

ഉത്തർപ്രദേശിലെ പകുതിയിലേറെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് ആവശ്യത്തിന് ഡോക്ടറോ, നഴ്സോ ഇല്ലാതെയാണ്. ദശാബ്ദങ്ങളായി മാറ്റമില്ലാതെ തുടരുന്ന ഈ അവസ്ഥയാണ് കുഞ്ഞുങ്ങളെ കിലോമീറ്ററോളം ചുമലിലേറ്റി ഗോരഖ്പൂരിലെത്താൻ ജനങ്ങളെ പ്രേരിപ്പിക്കുന്ന ഘടകം. ഗോരഖ്പൂർ ബി.ഡി.ആർ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആഗസ്റ്റ് ഏഴിന് തുടങ്ങിയ ദുരന്തം വേഗത്തിൽ പരിഹരിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപടികളൊന്നും സ്വീകരിച്ചില്ല. മസ്തിഷ്കജ്വരം ബാധിച്ച കുട്ടികൾക്ക് അവരുടെ തലച്ചോറിലുണ്ടായ വീക്കം സ്വാഭാവിക ശ്വസന സംവിധാനത്തെ തകരാറിലാക്കുമെന്നതിനാൽ ഓക്സിജൻ നൽകേണ്ടത് അത്യാവശ്യമാണ്. ഏഴു മാസമായി ഓക്സിജൻ വിതരണം നടത്തിയ വകയിൽ നൽകാനുള്ള 68 ലക്ഷം രൂപ നൽകാത്തതിനാൽ ഓക്സിജൻ വിതരണം സ്വകാര്യ കമ്പനി നിർത്തിയത് പ്രശ്നം ഗുരുതരമാക്കി. കോളേജ് പ്രിൻസിപ്പൽ ആരോഗ്യവകുപ്പിന് പലതവണ കത്ത് അയച്ചിട്ടും തുക അനുവദിച്ച് നൽകിയില്ല. ഭരണകേന്ദ്രങ്ങൾ ഉണരാനിടയില്ലെന്ന് തിരിച്ചറിഞ്ഞു. സ്വന്തം കീശയിൽ നിന്നും പണം ചെലവാക്കി സമീപത്തെ ആശുപത്രിയിൽ നിന്നും ഓക്സിജൻ സിലിണ്ടർ വാങ്ങിയെത്തിച്ച

**കേന്ദ്രത്തിൽ ബി.ജെ.പി. സർക്കാർ അധികാരമേറ്റ 2014 മെയ് മാസത്തില അന്താരാഷ്ട്ര വിപണിയിൽ ക്രൂഡോയിൽ വില ബാരലിന് 106.9 ഡോളറായിരുന്നു. മുംബൈയിൽ അന്ന് പെട്രോളിന് 80.1 രൂപ ഇന്ന് (15–09–2017) ക്രൂഡോയിലിന് ബാരലിന് 49.2 ഡോളർ ആയപ്പോൾ മുംബൈയിൽ പെട്രോൾ വില 79.50 രൂപ.**

ഡോ. കഫിൽ അഹമ്മദിന്റെ അവസാന ശ്രമം പോലും സസ്പെൻഷനും അറസ്റ്റിന് കാരണമായ കുറ്റമായി മാറുകയാണുണ്ടായത്.

സർക്കാരിന്റെ പിടിപ്പുകേടുകൊണ്ടു സംഭവിച്ച ദുരന്തം സ്വാഭാവികമരണമായി കാണാനും, പ്രതികരിക്കാനുമാണ് കേന്ദ്ര-സംസ്ഥാന ബി.ജെ.പി. സർക്കാരുകൾ ശ്രമിച്ചത്. അതുകൊണ്ടാണ് ഓക്സിജൻ കിട്ടാതെ മരിച്ച കുട്ടികളെ പോസ്റ്റ്മാർട്ടം ചെയ്യണമെന്ന ആവശ്യം നിരസിക്കപ്പെടുകയും ആംബുലൻസുകൾ അനുവദിക്കാതിരുന്നതും കുഞ്ഞുങ്ങൾ കൂട്ടത്തോടെ മരണമടഞ്ഞിട്ടും ഒരു കേസുപോലും രജിസ്റ്റർ ചെയ്തുമില്ല. ലോകസഭയിൽ സ്വന്തം മണ്ഡലമായിരുന്ന ഗോരഖ്പൂറിലെ മെഡിക്കൽ കോളേജിന്റെ ദുരവസ്ഥ മുഖ്യമന്ത്രിയായ ആദിത്യനാഥിന് ബോധ്യമുള്ളതാണ്. അദ്ദേഹം ഇക്കാര്യം മുമ്പ് പാർലമെന്റിൽ നിരവധി തവണ ഉന്നയിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയായിട്ടുപോലും ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിക്കുന്നതിന് ബി.ജെ.പി. സർക്കാർ താൽപര്യം കാണിച്ചില്ല.

വിദ്യാഭ്യാസ, ആരോഗ്യ മേഖലയിൽ വളരെയേറെ പിന്നോക്കാവസ്ഥയിലാണ് രാജ്യത്തെ പല സംസ്ഥാനങ്ങളും. ഉത്തർപ്രദേശിലെ ഈ ദുരന്തത്തിന് മാറി മാറി ഭരണം നടത്തിയ കോൺഗ്രസ് സമാജ്‌വാദി പാർട്ടി-ബി.എസ്.പി.-ബി.ജെ.പി. എന്നീ പാർട്ടികൾക്ക് തുല്യ ഉത്തരവാദിത്വമുണ്ട്. വർഗ്ഗീയ-ജാതി കാർഡുകൾ കാണിച്ച് അധികാരത്തിലെത്തണമെന്നല്ലാതെ ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു ശ്രമവും നടത്തുന്നില്ല. 71-ാം സ്വാതന്ത്ര്യ ദിനമാചരിക്കുന്ന രാജ്യത്തെ സാക്ഷരത നിരക്ക് പരിശോധിച്ചാൽ മനസ്സിലാക്കാം നാം എവിടെ എത്തി നിൽക്കുന്നുവെന്ന്. ആരോഗ്യ മേഖലയിലെ രാജ്യത്തിന്റെ അവസ്ഥ പല ദരിദ്രരാജ്യങ്ങളേക്കാൾ പിന്നിലാണ്. നവജാത ശിശുക്കളുടെ ആയുർ ദൈർഘ്യത്തിന്റെ കാര്യത്തിൽ പിന്നോക്ക രാജ്യമായ സോമാലിയ പോലും ഇന്ത്യയ്ക്ക് മുന്നിലാണ്. നിലവിൽ ആരോഗ്യ മേഖലയിൽ ചെലവിടുന്നത് മൊത്തം ആഭ്യന്തര വരുമാനത്തിന്റെ (ജി.ഡി.പി) 1.2 ശതമാനം മാത്രമാണ്. ഈ മേഖലയിൽ ആഗോളതല ശരാശരി 5.99 ശതമാനമാണ്. ബി.ഡി.ആർ. ആശുപത്രിയുടെ ദുരവസ്ഥ ഇന്ത്യയിലെ പൊതുജനാരോഗ്യ മേഖല നേരിടുന്ന ദുർഗതിയുടെ നേർ ചിത്രമാണ്.

സ്വച്ഛ ഭാരത് പോലുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടും വൃത്തിയുടെ കാര്യത്തിൽ രാജ്യം മുന്നോട്ട് പോയിട്ടില്ലെന്നതാണ് ഈ പ്രശ്നം കാണിക്കുന്നത്. മാലിന്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിൽ സർക്കാർ ഉണർന്ന് പ്രവർത്തിക്കുന്നില്ല. നഗരമാലിന്യത്തെ കുറിച്ച് ചർച്ച നടത്തുന്നവർ ഗ്രാമീണമേഖലയിലെ മാലിന്യ പ്രശ്നം ഗൗരവകരമായി കാണുന്നുപോലുമില്ല.

സംസ്ഥാനത്തെ പ്രധാന വെല്ലുവിളിയായ ജപ്പാൻ ജ്വരത്തിന്റെയും, മസ്തിഷ്ക ജ്വരത്തിന്റെയും ചികിൽസയ്ക്കുള്ള മുഖ്യ കേന്ദ്രമായ ബി.ആർ.സി. മെഡിക്കൽ കോളേജിന് ആവശ്യമായ ഒരു സഹായവും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായില്ലെന്നാണ് പല റിപ്പോർട്ടുകളും തെളിയിക്കുന്നത്. ഐ.സി.യു, വെന്റിലേറ്റർ, ഫാർമസി, ലാബ് തുടങ്ങിയ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 37 കോടി രൂപ അനുവദിക്കണമെന്നുള്ള സർക്കാർ ആവശ്യം നിരസിക്കപ്പെട്ടു. മൂന്നുപതിറ്റാണ്ടിനിടെ കിഴക്കൻ ഉത്തർപ്രദേശിൽ മാത്രം മസ്തിഷ്ക ജ്വരവും, ജപ്പാൻജ്വരവും അമ്പതിനായിരത്തോളം കുഞ്ഞുങ്ങളുടെ ജീവനെടുത്തു. ഇതിൽ ഭൂരിഭാഗവും ഗോരഖ്പൂരിലാണ്. പ്രധാനമന്ത്രിയുടെ മുഖംമിനുക്കുന്നതിനായി പരസ്യങ്ങൾക്കായി കോടികൾ മുടക്കുന്ന രാജ്യത്താണ് ഓക്സിജൻ പോലും വാങ്ങാൻ ഫണ്ട് നൽകാതെ കുഞ്ഞുങ്ങൾ കൂട്ടത്തോടെ മരിച്ചു വീഴുന്നത്.

**കർഷക പ്രശ്നം**

രാജസ്ഥാനിൽ അഖിലേന്ത്യ കിസാൻ സഭയുടെ നേതൃത്വത്തിൽ 13 ദിവസമായി നടന്നുവന്ന കർഷക പ്രക്ഷോഭത്തിന് ചരിത്ര വിജയം. സെപ്തംബർ ഒന്നിന് കലക്ട്രേറ്റുകൾ ഉപരോധിച്ചുകൊണ്ട് ആരംഭിച്ച സമരം ഇരുപതോളം ജില്ലകൾ അക്ഷരാർത്ഥത്തിൽ നിശ്ചലമായി. അടിച്ചമർത്തൽ ശ്രമങ്ങളെ അതിജീവിച്ച് മൂന്നുദിവസമായി കർഷകർ റോഡുപരോധമടക്കം നടത്തിയതോടെ വസുന്ധരരാജ സിന്ധ്യയുടെ നേതൃത്വത്തിലുള്ള ബി.ജെ.പി. സർക്കാർ കർഷകരുടെ ആവശ്യങ്ങൾ അംഗീകരിക്കുകയായിരുന്നു.

50,000/- രൂപവരെയുള്ള കടം എഴുതിത്തള്ളും, താങ്ങുവിലയ്ക്കുള്ള സ്വാമിനാഥൻ കമ്മിഷന്റെ നിർദ്ദേശം സമയബന്ധിതമായി നടപ്പാക്കണമെന്ന് കേന്ദ്ര സർക്കാരിനെ അറിയിക്കും. നിലക്കടല, ചെറുപയർ, ഉഴുന്ന് എന്നിവ ജില്ലാ കേന്ദ്രങ്ങളിൽ സംഭരിക്കും, കണിക ജലസേചനത്തിനുള്ള വൈദ്യുതി നിരക്ക് പിൻവലിക്കും. പട്ടികജാതി-വർഗ്ഗ-ഒ.ബി.സി. ഫെലോഷിപ്പുകളുടെ കുടിശ്ശിക ഉടൻ നൽകും. കന്നുകാലി കച്ചവടത്തിന് ഇളവ് വരുത്തും. അലഞ്ഞു നടക്കുന്ന കന്നുകാലികൾ, വന്യജീവികൾ എന്നിവമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളിൽ നിന്ന് വിളകൾക്ക് സംരക്ഷണ നൽകും. 60 വയസ്സിനുമേലുള്ള കർഷകർക്കും, കർഷക തൊഴിലാളികൾക്കും മാസം 2000/- രൂപ വീതം പെൻഷൻ നൽകും. കനാൽ വെള്ളമെത്തിക്കുന്നതിലെ വീഴ്ചമൂലമുള്ള കൃഷി നാശത്തിന് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തും എന്നിങ്ങനെയുള്ള കർഷകരുടെ ആവശ്യങ്ങളാണ് അംഗീകരിച്ചത്.

**സാമ്പത്തിക മാന്ദ്യം**

കേന്ദ്രത്തിലെ ബി.ജെ.പി. സർക്കാരിന്റെ വീണ്ടുവിചാരമില്ലാത്ത നടപടികൾ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ മാന്ദ്യത്തിലേക്ക് തള്ളിവിട്ടിരിക്കുകയാണ്.




ഇതിന്റെ ഭാരം താങ്ങേണ്ടിവരുന്നത് സാധാരണക്കാരും , കർഷകരും, നിർധനരുമാണ്. പണപ്പെരുപ്പം സംബന്ധിച്ച സർക്കാരിന്റേ കണക്കുകൾ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല. വിപണിയിൽ സർവ്വതിനും വിലക്കയറ്റമാണ്. കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല.

ബി.ജെ.പി. സർക്കാരിന്റെ തുടക്കം മുതൽ അന്തർദേശീയ വിപണിയിൽ എണ്ണവില ഇടിഞ്ഞത് സർക്കാർ ശരിക്കും മുതലെടക്കുകയും എകസൈസ് തീരുവ കുത്തനെകൂട്ടി ജനങ്ങളെ ദുരിതത്തിലാക്കി. ഇങ്ങനെ എക്സൈസ് തീരുവയിലൂടെ നേടിയ തുകയും, നിലച്ചുപോയ പദ്ധതികൾക്കായി മാറ്റിവച്ച് പണവും, ബാങ്കുകളുടെ നിഷ്ക്രിയ ആസ്തിയും ഉൾപ്പെടെ വലിയൊരു തുക സർക്കാരിൽ വന്നു ചേർന്നെങ്കിലും ഇതൊന്നും കേന്ദ്ര സർക്കാർ ക്രിയാത്മകമായി ഉപയോഗിച്ചില്ലെന്നാണ് സമീപകാലത്തെ സാമ്പത്തിക റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

കേന്ദ്ര സർക്കാരിന്റെ ധനകാര്യ നേട്ടങ്ങൾസാധാരണക്കാർക്ക് അപ്രാപ്യമാക്കുന്ന നയങ്ങളാണ് സ്വീകരിച്ചത്. കോർപ്പറേറ്റുകൾക്ക് വൻതോതിൽ നികുതി ഇളവുകൾ നൽകിയപ്പോൾ ദേശീയ തൊഴിലുറപ്പു പദ്ധതിയ്ക്കും, സാമൂഹ്യക്ഷേമമേഖലയിലേക്കുള്ള വിഹിതങ്ങളിലും കുറവ് വരുത്തി. ഇതിനിടെ പ്രഖ്യാപിച്ച നോട്ടു നിരോധനം അനൗപചാരിക മേഖലയെ തകർത്തെറിഞ്ഞു. ഗ്രാമീണ, കാർഷിക, ചെറുകിട, ഉൽപാദനമേഖലകളിൽ ലക്ഷക്കണക്കിനാളുകൾക്ക് തൊഴിൽ നഷ്ടമുണ്ടാക്കി. നിർമ്മാണം, നിർമ്മിതോൽപ്പന്നമേഖലകളിലും ചലനമറ്റു. സേവനമേഖലകളിലും തകർച്ച അനുഭപ്പെട്ടു. രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ രണ്ടു ശതമാനം ഇടിവാണ് നോട്ടു നിരോധനം വരുത്തിയത്. നോട്ടു നിരോധനത്തിനു പിന്നാലെ യാതൊരു മുന്നൊരുക്കവുമില്ലാതെ ജൂലൈ 1 മുതൽ ഏർപ്പെടുത്തിയ ചരക്കു സേവന നികുതി ഉത്പാദന വിപണന മേഖലയെ സാരമായി ബാധിച്ചു.

ആഗസ്റ്റ് 31-ന് കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം പുറത്തു വിട്ട കണക്കുകൾ സാമ്പത്തിക തകർച്ച വ്യക്തമാക്കുന്നു. നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ ക്വാർട്ടറിൽ (മൂന്നു മാസം) ജി.ഡി.പി. വളർച്ച 5.7 ശതമാനത്തിലേക്ക് കൂപ്പുകുത്തി. (ജി.ഡി.പി. കണക്കാക്കുന്ന രീതിയിൽ ബി.ജെ.പി. സർക്കാർ 2015-ൽ മാറ്റം വരുത്തിയിരുന്നു. അതിനെതുടർന്ന് മുമ്പുണ്ടായിരുന്നതിനേക്കാൾ 200 പോയിന്റു വരെ അധികമാണ് സാമ്പത്തിക വളർച്ചയുടെ സൂചിക ഉയർന്നത്. മുമ്പ് നിലവിലുണ്ടായിരുന്ന മാനദണ്ഡപ്രകാരം കണക്കാക്കിയാൽ 5.7 ശതമാനമെന്ന ഇപ്പോഴത്തെ വളർച്ചനിരക്ക് യഥാർത്ഥത്തിൽ കേവലം 3.7 ശതമാനമോ അതിനു താഴെയോ മാത്രമാണ്-യശ്വന്ത് സിൻഹ മുൻ ധനകാര്യമന്ത്രി) കഴിഞ്ഞവർഷം ഇതേ കാലയളവിൽ വളർച്ച 7.9 ശതമാനമായിരുന്നു. വ്യാവസായിക വളർച്ച വെറും 1.2 ശതമാനമാണ്. (കഴിഞ്ഞ വർഷം 10.7 ശതമാനം) ജി.ഡി.പി. വളർച്ചയിൽ ഒരു ശതമാനം കുറവുണ്ടാകുമ്പോൾ ദേശീയ വരുമാനത്തിൽ 1.5 ലക്ഷം കോടി രൂപയുടെ നഷ്ടവും ഒരു ദശലക്ഷം തൊഴിൽ നഷ്ടവുമാണ് ഉണ്ടാക്കുന്നതെന്ന ധനകാര്യ വിദഗ്ധൻ അജിത് റാനെഡെയുടെ അഭിപ്രായം തകർച്ചയുടെ യാഥാർത്ഥ്യം ബോധ്യമാക്കുന്നു.

**എണ്ണ വിപണിയിലെ തീവെട്ടികൊള്ള**

പെട്രോളിന്റെയും ഡീസലിന്റെയും നികുതി അടിക്കടി വർദ്ധിപ്പിക്കുന്ന കേന്ദ്ര സർക്കാരിന്റെ നയസമീപനം ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമാക്കിയിരിക്കുകയാണ്. മുമ്പ് കേന്ദ്ര സർക്കാറാണ് എണ്ണവില നിശ്ചയിച്ചിരുന്നത്. എന്നാൽ യു.പി.എ. സർക്കാർ തന്നെ ആ പതിവ് മാറ്റി. പെട്രോൾ ഉൾപ്പെടെയുള്ള എണ്ണ ഉൽപ്പന്നങ്ങളുടെ വിലനിർണ്ണയാധികാരം എണ്ണക്കമ്പനികൾക്ക് കൈമാറി. ബി.ജെ.പി. സർക്കാർ അധികാരത്തിലെത്തിയപ്പോൾ ഡീസലിന്റെ വില നിയന്ത്രണാധികാരവും എണ്ണക്കമ്പനികൾക്ക് കൈമാറി. കമ്പോളത്തിലെ ഗതിവിഗതികളനുസരിച്ച് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില ദിവസേന പുതുക്കി



**വില വർദ്ധനവിന്റെ യഥാർത്ഥ കാരണം കേന്ദ്ര സർക്കാരിന്റെ നയങ്ങളാണ്. അന്താരാഷ്ട്ര വിപണയിൽ ക്രൂഡോയിൽ വില വർദ്ധനവ് പറഞ്ഞു എണ്ണവില വർദ്ധിപ്പിക്കുന്ന കേന്ദ്ര സർക്കാർ വിലകുറയുമ്പോൾ ആ ആനുകൂല്യങ്ങൾ ജനങ്ങൾക്ക് നൽകുന്നില്ല. അതിനാൽ എണ്ണവില ഇഷ്ടം പോലെ നിശ്ചയിക്കാനുള്ള കമ്പനികളുടെ അവകാശം എടുത്തുകളയണം. ഒപ്പം പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള അധീക നികുതികൾ പിൻവലിക്കുകയും വേണം.**

നിശ്ചയിക്കുതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയത് 2017 ജൂണിലാണ്. തുടർന്ന് മൂന്ന് മാസത്തിനിടെ പെട്രോളിന് 12 രൂപയോളവും, ഡീസലിന് 10 രൂപയോളവും വർദ്ധിച്ചു. വർഷത്തിൽ ഒന്നോ രണ്ടോ തവണയും പിന്നീട് പ്രതിമാസം രണ്ടു തവണയിലും നടത്തിയിരുന്ന ഇന്ധന വില വർദ്ധനവിനെതിരെ ഉയരുന്ന സ്വാഭാവിക പ്രതിഷേധം അവസാനിപ്പിക്കുകയെന്ന കണക്കുകൂട്ടലുകളാണ് കേന്ദ്ര സർക്കാരിനുള്ളത്.

കേന്ദ്രത്തിൽ ബി.ജെ.പി. സർക്കാർ അധികാരമേറ്റ 2014 മെയ് മാസത്തില അന്താരാഷ്ട്ര വിപണിയിൽ ക്രൂഡോയിൽ വില ബാരലിന് 106.9 ഡോളറായിരുന്നു. മുംബൈയിൽ അന്ന് പെട്രോളിന് 80.1 രൂപ ഇന്ന് (15-09-2017) ക്രൂഡോയിലിന് ബാരലിന് 49.2 ഡോളർ ആയപ്പോൾ മുംബൈയിൽ പെട്രോൾ വില 79.50 രൂപ. ക്രൂഡോയിൽ വില കുറഞ്ഞപ്പോഴും എക്സൈസ് തീരുവ പല തവണ വർദ്ധിപ്പിച്ചു. ബി. ജെ.പി. സർക്കാർ അധികാരത്തിലെത്തുമ്പോൾ പെട്രോളിനും, ഡീസലിനും എക്സൈസ് തീരുവ ലിറ്ററിന് യഥാക്രം 9.48 രൂപയും 3.58 രൂപയുമായിരന്നു. ഇന്നത് 21.48 രൂപയും 17.33 രൂപയുമാണ്.

ലോക കമ്പോളത്തിൽ എണ്ണവില സമീപകാലത്ത് വലിയ തോതിൽ വർദ്ധിപ്പിച്ചത് 2008 ജൂലൈ മൂന്നിനാണ്. അന്ന് ക്രൂഡോയിൽ വിലയ്ക്ക് 145.29 ഡോളറായിരുന്നു. അന്ന് ഇവിടെ പെട്രോൾവില ലിറ്ററിന് 50.56 രൂപയും, ഡീസലിന് 34.8 രൂപയും ആയിരുന്നു. എണ്ണവില ലോക കമ്പോളത്തിൽ ഏറ്റവും കുറഞ്ഞത് 2016 ഫെബ്രുവരി 17 നാണ് ഒരു വീപ്പയ്ക്ക് വെറും 27.87 ഡോളർ. അന്നു പക്ഷേ ഇവിടെ പെട്രോളിന് 59.63 രൂപയും, ഡീസലിന് 44.96 രൂപയുമായിരുന്നു. ഇതിനർത്ഥം ലോക കമ്പോളത്തിന്റെ വിലക്കുറവിന്റെ പ്രയോജനം ഇന്ത്യൻ ജനതയ്ക്ക് ലഭിക്കിന്നില്ലെന്നതാണ്. ഇന്നത്തെ ഉയർന്ന എണ്ണ വിലയ്ക്ക് ഒരു ന്യായീകരണവുമില്ല. എണ്ണയുടെ മേലുള്ള എക്സൈസ് തീരുവ കഴിഞ്ഞവർഷത്തിൽ നിന്നും ഇരട്ടിയിലധികമാണ് ഈ വർഷം ഈടാക്കിയത്. ഒരു ലിറ്റർ പെടോളിൽ നിന്നും എക്സൈസ് നികുതിയിനത്തിൽ മാത്രം കേന്ദ്ര സർക്കാരിന് ലഭിക്കുന്നത് 21.48 രൂപയാണ്. അതിനു പുറമെ ഇറക്കുമതി നികുതിയുണ്ട്. പെട്രോൾ നേരിട്ടിറക്കുമതി ചെയ്യുകയാണെങ്കിൽ 2.5 ശതമാനം ബേസിക് കസ്റ്റംസ്/കൗണ്ടർ വെയിലിംഗ് ഡ്യൂട്ടിയും കേന്ദ്രം ഈടാക്കുന്നു. കഴിഞ്ഞ വർഷം കേന്ദ്ര സർക്കാരിന് ലഭിച്ചത് 2.72 ലക്ഷം കോടി രൂപയാണ്. തൊട്ടുമുൻവർഷം 1.25 ലക്ഷം കോടി രൂപയും.

നരേന്ദ്ര മോഡി സർക്കാർ കേന്ദ്രത്തിൽ അധികാരത്തിൽ വന്നതിനുശേഷം 16 തവണയാണ് സെൻട്രൽ എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ചത്. ബേസിക് ഡ്യൂട്ടി ലിറ്ററിന് 1.20 രൂപയിൽ നിന്നും 8.48 രൂപയായി ഉയർത്തി. അഡീഷണൽ എക്സൈസ് ഡ്യൂട്ടി ലിറ്ററിന് രണ്ടു രൂപയിൽ നിന്ന് ആറ് രൂപയായി ഉയർത്തി. സ്പെഷ്യൽ അഡീഷണൽ ഡ്യൂട്ടി ലിറ്ററിന് ആറു രൂപയിൽ നിന്നും എഴുരൂപയായി ഉയർത്തി. ഇതാണ് എണ്ണവില വർദ്ധനയ്ക്ക് കാരണം. എപ്പോഴെല്ലാം ക്രൂഡോയിൽ വില താഴ്ന്നോ, അപ്പോഴെല്ലാം നികുതി വർദ്ധിപ്പിച്ചു അതുവഴിയാണ് കേന്ദ്ര സർക്കാരിന് ഇത്രയേറെ വരുമാനമുണ്ടായത്.

വില വർദ്ധനവിന്റെ യഥാർത്ഥ കാരണം കേന്ദ്ര സർക്കാരിന്റെ നയങ്ങളാണ്. അന്താരാഷ്ട്ര വിപണയിൽ ക്രൂഡോയിൽ വില വർദ്ധനവ് പറഞ്ഞു എണ്ണവില വർദ്ധിപ്പിക്കുന്ന കേന്ദ്ര സർക്കാർ വിലകുറയുമ്പോൾ ആ ആനുകൂല്യങ്ങൾ ജനങ്ങൾക്ക് നൽകുന്നില്ല. അതിനാൽ എണ്ണവില ഇഷ്ടം പോലെ നിശ്ചയിക്കാനുള്ള കമ്പനികളുടെ അവകാശം എടുത്തുകളയണം. ഒപ്പം പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള അധീക നികുതികൾ പിൻവലിക്കുകയും വേണം.

•

# ഹ്ളക്സായോണ്ട് ഒരു റിലാക്സേഷനൊണ്ട്..

കൂടെക്കൂടെ ഒരു ഉടച്ച് വാർപ്പാണ്. അഴിച്ചുപണി എന്നും പറയും. പ്രാപ്തി കുറഞ്ഞവരെ തഴഞ്ഞ് കൊടുംപ്രാപ്തന്മാരെ ഉൾപ്പെടുത്തുന്നു എന്നാണ് പറയപ്പെടുന്നത്. പ്രാപ്തി എങ്ങനെയാണ് അളക്കുന്നത് എന്ന് ചരിത്രബോധമില്ലാത്തവർ മാത്രമേ ചോദിക്കാനിടയുള്ളൂ. ബഹുവിധമായ പ്രാപ്തി നിർണയ സംവിധാനങ്ങൾ നിലനിന്നിരുന്ന ഒരു നാടാണിത്. വില്ലൊടി, കിളിയെകെട്ടിത്തൂക്കി കറക്കി വിട്ടിട്ട് കണ്ണു കുത്തിപ്പൊട്ടിക്കൽ മുതലായവയായിരുന്നു പണ്ട്. പിന്നീട് ചതുരംഗം, സുഡോകു തുടങ്ങിയ ബുദ്ധിപരീക്ഷകളുടെ കാലംവന്നു. ചില നാട്ടുരാജ്യങ്ങൾ ചാക്കിൽക്കയറി ഓട്ടം, ഏണിയും പാമ്പും തുടങ്ങിയ പിള്ളാരുകളികളും പ്രാപ്തി നിർണയിക്കാനായി പയറ്റിയിരുന്നു. നിലവിൽ രാജ്യം വാഴുന്നവർ അതിശക്തരായ പാരമ്പര്യ മഹിമാ വാദികളാണെങ്കിലും പുരാണങ്ങളിലും ചരിത്രത്തിലുമൊന്നും കേട്ടുകേൾവി പോലുമില്ലാത്ത ഒരു വിദ്യയാണ് പ്രാപ്തി നിർണയത്തിനായി പ്രയോഗിച്ചുവരുന്നത്. തള്ളൽ മത്സരം എന്നാണ് നൂതനമായ ഈ പ്രാപ്തി നിർണ്ണയ സംവിധാനത്തിന്റെ നാമധേയം.

പണിസൈറ്റിലേക്കു പോകാൻ ബസുകാത്തു നില്ക്കുന്ന കണ്ണപ്പൻ എല്ലാരും അടുത്തുവരിൻ അയ്യായിരം രൂപ വീതം ഞാൻ ഫ്രീയായിട്ടുതരാം, എന്നു വിളിച്ചു കൂകിയാൽ സ്ഥിരബുദ്ധിയുള്ള ആരും അങ്ങോട്ട് ഓടിച്ചെല്ലില്ല .. ചിലർ ഒന്ന് പാളി നോക്കും. പാവത്തിന് വട്ടായിപ്പോയി, കഷ്ടം! എന്ന് ആത്മഗതം പറയും. കോട്ടും കളസവുമിട്ട ഒരു മാന്യൻ കാറിൽ വന്നിറങ്ങി ഇതേ കാര്യം വിളിച്ചു പറഞ്ഞാലോ? ആൾക്കൂട്ടം അയാളെ പൊതിയും. എനിക്കൊരു അൻപത് ദിവസം തരൂ എന്നു പറഞ്ഞിട്ട് അയാൾ വാതിലടച്ച് കാർ വിട്ടുപോയാലും കുറെ മണ്ടൻമാർ അവിടെത്തന്നെ നിൽക്കും. പുള്ളി ഉണ്ട കൊണ്ടുവരും എന്ന് പ്രതീക്ഷിച്ചു നില്ക്കുന്നതാണ്. എത്ര നാൾ നില്ക്കും എന്നു ചോദിച്ചാൽ അത് വാഗ്ദാനം ചെയ്ത സംഖ്യയുടെ വലിപ്പത്തിനനുസരിച്ചിരിക്കും. ഒരു പതിനഞ്ചു ലക്ഷമൊക്കെയാണെങ്കിൽ മുട്ടൊടിഞ്ഞു നിലത്തുവീഴും വരെയും നിന്നേക്കാം. കോട്ടുധാരി പ്രയോഗിച്ചതും മണ്ടൻമാരെ ഇങ്ങനെ വാപൊളിച്ചു നിർത്തിക്കുന്നതുമായ ഒടിവിദ്യയുടെ പേരാണ് തള്ളൽ.

തള്ളൽ നൈപുണ്യം ചിലർക്ക് ജന്മസിദ്ധമായി ലഭിക്കുന്നതാണ്. ഇത്തരക്കാരെ ബാല്യത്തിലേ തിരിച്ചറിയാം. ഒരു സാധാരണ മകൻ അമ്മേ ഞാൻ ഹോട്ടലീന്ന് കഴിച്ചിട്ട് അമ്മയ്ക്കൊരു പാഴ്സലും വാങ്ങി വരാം എന്നു പറഞ്ഞിട്ട് പുറപ്പെടുമെങ്കിൽ തള്ളൽ വാസനയുള്ള മകൻ ഞാൻ ഹോട്ടലീന്ന് കഴിക്കാൻ നില്ക്കില്ലമ്മേ, രണ്ടു പാഴ്സൽ വാങ്ങി വരാം. ഇവിടെ വന്ന് നമുക്കൊരുമിച്ചു കഴിക്കാം. അമ്മയുടെ അടുത്തിരുന്ന് കഴിച്ചാലേ എനിക്ക് വയറുനിറയൂ എന്ന് പറഞ്ഞിട്ടാണിറങ്ങുക. മകൻ വന്നില്ലെങ്കിലും ആദ്യത്തെ അമ്മ അവൻ കഴിച്ചു കാണും എന്ന സമാധാനത്തിൽ കിടന്നുറങ്ങും. രണ്ടാമത്തെ അമ്മയ്ക്ക് ഉറങ്ങാനേ പറ്റില്ല. മകൻ കഴിച്ചുകാണില്ല ഇപ്പൊ വരും ഇപ്പൊ വരും എന്ന് അവരു കാത്തിരിക്കും. അതാണ് തള്ളലിന്റെ ശക്തി. ഇത്തരം പുത്രന്മാർ ഭാവിയിൽ ഞാൻ രാഷ്ട്രത്തിനുവേണ്ടി കുടുംബം ഉപേക്ഷിച്ചവനാണ് എന്നുവരെ തള്ളിയേക്കാം. അമ്മയോട് തള്ളിയത് സൗകര്യപൂർവം മറന്നിട്ട് സ്വന്തമായി കപ്പൽഫാക്ടറി നടത്തുന്ന കൂട്ടുകാരന്റെ വീട്ടിൽ പോയി നെയ്ചോറും തിന്ന് കിടന്നുറങ്ങിയതാണെന്ന കാര്യം ആരറിയുന്നു.

തള്ളൽ ഒരു സുകുമാര കലയാണ്. അറിഞ്ഞു പ്രയോഗിക്കണം. കണ്ടിടത്തെല്ലാം ചെന്നു നിന്ന് ഇവിടെ പാലം കെട്ടും പാലത്തിനടിയിൽ പുഴവെട്ടും എന്നൊന്നും തള്ളരുത്. അതിന്റെയൊക്കെ കാലം കഴിഞ്ഞു. തള്ളുമ്പോൾ നല്ല കനത്തിന് തള്ളണം. അക്കൗണ്ടിൽ 15 ലക്ഷം, വർഷം ഒരു കോടി തൊഴിൽ, 154 ശതമാനം വളർച്ചാനിരക്ക് എന്നിങ്ങനെ. കേൾക്കുന്നവന്റെ വായ തുറന്നുപോയാൽ പിന്നെ അടയരുത്. എം.എൽ.എ. യോ പഞ്ചായത്തംഗമോ ഇങ്ങനെ തള്ളിയാൽ ജനം കൂകി വിളിക്കും. അതുകൊണ്ട് ചോട്ടാകൾ തള്ളുന്നതിന് വിലക്കുണ്ട്. മുഴുവൻ തള്ളും

തള്ളുമാമൻ ഒറ്റയ്ക്കു തന്നെ തള്ളിക്കോളും. പ്രധാൻ മന്ത്രിജി നേ പൂഛാ എന്നൊരു prefix ചേർത്ത് തള്ള് ഏറ്റു തള്ളുക എന്നതാണ് ഷോട്ടാകളുടെ ജോലി.

തള്ളിയ കാര്യം നടപ്പിലാകാതെ വരുമ്പോൾ ജനം ഭഗ്നാശരായി സ്റ്റാന്റ് വിട്ടുപോകാതിരിക്കുന്നതിനായി കൂടുതൽ ഉഗ്രമായി തള്ളുക എന്ന പരിപാടിയാണ് നിലവിൽ നടത്തിവരുന്നത്. ഇവിടെനിന്നു തള്ളിയാൽ ജനം വിശ്വസിക്കില്ല എന്നു തോന്നുമ്പോൾ ഫ്ളൈറ്റെടുത്ത് വിദേശത്ത് പോയി ഏതെങ്കിലും കല്യാണ മണ്ഡപത്തിൽ പത്തഞ്ഞൂറു പേരെ വിളിച്ചിരുത്തി ഭാരത് മേം മൈം ഏക് അടാർ ഐറ്റം ബനാനേ കീ ആലോചനാ ഹും എന്ന് തള്ളും. അത് അവിടത്തെ പത്രത്തിൽ വന്നുവെന്ന് ഇവിടത്തെ പത്രത്തിൽ വരുമ്പോൾ ജനം കരുതും ജപ്പാനിലും പോയി പറഞ്ഞതല്ലേ, അപ്പോപ്പിന്നെ ഉടനെ കിട്ടുമായിരിക്കും എന്ന്.

തള്ളൽ സർവ്വരിലും എത്തിക്കാനായി നാനാവിധമായ മാർഗ്ഗങ്ങളാണ് അവലംബിച്ചു പോരുന്നത്. ആകാശവാണിയിൽ തൾ കീ ബാത്, ദൂരദർശനിൽ തൾദർശൻ, കോളേജുകളിൽ കേൾപ്പിക്കാനായി തൾ സിന്ദഗി എന്നു വേണ്ട രണ്ടായിരത്തിന്റെ നോട്ടും മൊബൈലും ഒരുമിച്ച് പോക്കറ്റിലിട്ടാൽ പോലും മൊബൈലിൽ നിന്ന് തള്ളൊച്ച കേൾക്കുന്ന സ്ഥിതിയാണ്.

ഇനി പറഞ്ഞുവന്ന കാര്യത്തിലേക്കുവരാം. ഏറ്റവും കിടിലമായി തള്ളിയവരെ നിലനിർത്താനും പുതിയ തള്ളൽകാരെ റിക്രൂട്ട് ചെയ്യുന്നതിനുമാണ് പുന:സംഘടന. അല്ലാന്ന് തർക്കിക്കാൻ ഭാവമുണ്ടെങ്കിൽ കേരളത്തിൽ നിന്ന് മന്ത്രിസഭയിലേക്ക് wild card entry ഒപ്പിച്ചെടുത്ത മഹാന്റെ വീഡിയോകൾ യൂട്യൂബിൽ പരതിയാൽ മതി. ഇനി കാര്യപ്രാപ്തി തന്നെ മാനദണ്ഡമെങ്കിൽ മന്ത്രിസഭയിൽനിന്ന് ആദ്യം പുറത്തുപോകുന്നത് ആരായിരിക്കും. നേരാംവണ്ണം ഓടിക്കൊണ്ടിരുന്ന വണ്ടി കട്ടയും ടയറും ഊരി കട്ടപ്പുറത്താക്കിയതാരാണ്? അയാൾ തന്നെ.

ഇനി അധികദൂരം ഈ തള്ളുവണ്ടി ഓടുകയില്ല. നിരപ്പു തീർന്നു. ഇനി കയറ്റമാണ്. ദുർഘടമായ കയറ്റം........

**നോട്ടുനിരോധനം കൊണ്ടുവന്ന മഹാനായ ഭാരതപുത്രനായിരുന്നു ആദ്യത്തെ ഫ്ളക്സ് സമർപ്പിച്ചത്. പുള്ളി രാജ്യം അൻപത് ദിവസംകൊണ്ട് കിടിലമാക്കി. എലിവാണം കത്തിക്കുമ്പോൾ കുപ്പി മറിഞ്ഞാലെങ്ങനെയിരിക്കും. ഏതാണ്ടതുപോലെയാണ് രാജ്യത്തിന്റെ പോക്ക്. തള്ളുമാമന്റെ ഓരോ ശുഷ്പാണ്ടിത്തരവും പാവങ്ങളുടെ നെഞ്ചത്തു ചെന്ന് കുത്തിക്കയറുകയാണ്.**




************************

ജീവനക്കാർ ഓണസദ്യ കഴിച്ചുകൊണ്ടിരുന്നപ്പോഴാണ് ഒരു കോലാഹലം കേട്ടത്. വല്ല വടംവലിയോ ഓണത്തല്ലോ ആയിരിക്കുമെന്നു കരുതി തിരിഞ്ഞു നോക്കിയവർക്ക് കാണാനായത് പുതിയൊരു കലാപരിപാടിയാണ്, വാമനജാഥ. ഇങ്ങു തെക്കൻ കേരളത്തിൽ തുളസിക്കുന്നിൽ തത്സമയം ഉണ്ടായിരുന്നവർക്കു മാത്രമേ അതിനൂതനവും അത്യപൂർവ്വവുമായ ഈ കലാപ്രകടനം കണാനുള്ള ഭാഗ്യം സിദ്ധിച്ചുള്ളൂ.

വാമനജാഥ എന്ന ഈ കലാപരിപാടിയുടെ പ്രത്യേകത അതിൽ മൂന്നു മുതൽ അഞ്ചുവരെ ആൾക്കാർ മാത്രമേ അണിനിരക്കൂ എന്നതാണ്. അലങ്കാരങ്ങളൊന്നും നിർബന്ധമില്ല. നിന്ന വേഷത്തിലോ, വേഷം തന്നെയില്ലാതെയോ പങ്കെടുക്കാം. ഓണസദ്യയോ, വള്ളംകളിയോ, ആൾക്കൂട്ടം ഒരുമിച്ചുല്ലസിക്കുന്ന മറ്റേതെങ്കിലും പരിപാടിയോ നടക്കുമ്പോൾ ആ പരിസരത്തു ചെന്നു വരിവരിയായി ബഹളം കൂട്ടി നടന്നു പോകുക എന്നതാണ് വാമന ജാഥയിലെ മുഖ്യ ഇനം. കോലാഹലം കേട്ട് ആൾക്കാർ അങ്ങോട്ടു നോക്കുമ്പോൾ കലപില ബഹളം ഉച്ചത്തിലാക്കുകയും ജനം തമ്മിൽ തമ്മിൽ നോക്കി ഇവൻമാർക്കിതെന്തു പറ്റി എന്ന് ആശ്ചര്യം കൂറുകയും വേണം. വേറേ ഏതെങ്കിലും പരിപാടിയ്ക്കിടയിൽ ചെന്ന് ബഹളം കൂട്ടുന്നതു കാരണംകുറെ പേർ ഇവരെ കാണാനും അങ്ങനെ ചെലവില്ലാതെ ബഹളവും അലമ്പുമുണ്ടാക്കാനുള്ള തങ്ങളുടെ വൈഭവം നാട്ടുകാരെ കാണിക്കാനും അതുവഴി ജാഥാംഗങ്ങളെ നാലാൾ അറിയാനും ഇടവരണം എന്നതാണ് ലക്ഷ്യം. ഓണസദ്യയോ ഉറിയടിയോ ഇല്ലാത്ത നേരം ഇത്തരമൊരു ജാഥ നടന്നാൽ ജാഥക്കാരല്ലാതെ വേറെയാരും അതുകാണാനിടവരില്ലല്ലോ. അതുകൊണ്ടാണ് സദ്യപ്പന്തി, വിവാഹസ്ഥലം തുടങ്ങിയയിടങ്ങളിൽ മാത്രം ഈ കലാരൂപം അവതരിപ്പിക്കുന്നത്. തിറയുത്സവമായാലും പള്ളിപ്പെരുന്നാളായാലും എലിവിഷം വില്ക്കുന്നവൻ പറമ്പിന്റെ ഒരറ്റത്ത് കാണുമല്ലോ. വാമന ജാഥയും അതുപോലൊരു ഏർപ്പാടായാണ് വിലയിരുത്തപ്പെടുന്നത്.

മൊത്തത്തിൽ ആൾക്കാരുടെ ഒരുമയോ, സാഹോദര്യമോ, സഹിഷ്ണുതയോ ഒന്നുമായും ഒരു ബന്ധവുമില്ലാത്ത ഈ കലാരൂപം അധികം പ്രചാരം ലഭിക്കാതെ അന്യം നിന്നു പോകുമല്ലോ എന്നോർക്കുമ്പോൾ ഓർക്കുന്നവർക്ക് മാത്രമല്ല അടുത്ത് നില്ക്കു

ന്നവർക്കും ചിരിവരും.

*************************

ഫ്ളക്സ് പ്രിന്റിംഗിന്റെ കണ്ടുപിടിത്തം മാനവരാശിയുടെ വലിയ കുതിച്ചു ചാട്ടങ്ങളിലൊന്നായാണ് തുളസിക്കുന്നിലെ ചില സംഘടനകൾ വിലയിരുത്തുന്നത്. കാര്യം മറ്റൊന്നുമല്ല, മൂന്നുറോ മുന്നൂറ്റമ്പതോ രൂപ വീശിയെറിഞ്ഞാൽ വായിൽ തോന്നുന്നത് ഫ്ളക്സിലടിച്ചു കിട്ടും. അത് ക്യാന്റീൻ മുറ്റത്ത് പ്രദർശിപ്പിക്കുന്നതാണ് അവരെ സംബന്ധിച്ചിടത്തോളം സുപ്രധാന സംഘടനാ പ്രവർത്തനം. ഫ്ളക്സിൽ പേരുകാണുമ്പോഴാണ് ഇങ്ങനെയൊരു സംഘടനയും ഇവിടെ നിലവിലുണ്ടെന്ന കാര്യം ചായ കുടിക്കാനെത്തുന്നവരുടെ കണ്ണിൽപ്പെടുന്നത്. ജീവനുണ്ടെന്ന് നാട്ടുകാരെ അറിയിക്കാനും ചത്തിട്ടില്ലെന്ന് സ്വയം തോന്നാനും അത്രയൊക്കെ മതി.

കഴിഞ്ഞ ഒന്നു രണ്ടുമാസങ്ങളിലായി നൂറ്റിയൻപതോളം പേർ തുളസിക്കുന്നിൽ പുതുതായി ജോലിക്കുചേർന്നു. വലയും തീറ്റയുമൊക്കെയിട്ടു കാത്തിരുന്നിട്ടും അരഡസൻ പേരുപോലും വഴിതെറ്റിയെങ്കിലും ചെന്നു കയറാത്തതിന്റെ ഒരു ചൊരുക്ക് ഫ്ളക്സ് സംഘങ്ങൾക്കുണ്ടാകുക സ്വാഭാവികം മാത്രം. സാധാരണ ഇത്തരം സന്ദർഭങ്ങളിൽ വായിക്കാനറയ്ക്കുന്ന നീല നോട്ടീസാണ് റിലീസ് ചെയ്യാറ്. ഇത്തവണ കുറച്ച് സർക്കാസ്റ്റിക് ആയിക്കോട്ടേന്നു കരുതിയാവണം പപ്പുവിന്റെ (പപ്പുമോൻ അല്ല) പടം വച്ച രണ്ടു ഫ്ളക്സുകൾ കെട്ടിത്തൂക്കിയത്. എൽ.ഡി.എഫ് സർക്കാർ വന്നിട്ടും കോൺട്രിബ്യൂട്ടറി പെൻഷൻ പിൻവലിച്ചില്ല എന്നതാണ് ഫ്ളക്സിലെ ആവലാതി. അല്ല മാഷേ... ചാണ്ടിക്കുഞ്ഞ് കൊണ്ടുവന്ന ആ പെൻഷൻ അത്രമോശപ്പെട്ട സാധനമായിരുന്നോ? എങ്കിൽപ്പിനെ കൊണ്ടുവന്ന സമയത്ത് മിണ്ടാഞ്ഞതെന്ത്! വായിൽ അമ്പഴങ്ങയൊന്നും ഇല്ലായിരുന്നല്ലോ. ജീവനക്കാർ ഒന്നടങ്കം സമരത്തിനിറങ്ങിയ ദിനങ്ങളിൽ നിങ്ങൾ ഒളിച്ചു വന്ന് പഞ്ചു ചെയ്ത് ജോലിക്കുകയറിയപ്പോൾ ഞങ്ങൾക്ക് തോന്നിയത് അത് നിങ്ങൾക്ക് വല്ലാതെ അങ്ങ് ഇഷ്ടപ്പെട്ട സാധനമാണെന്നാണ്. നിങ്ങൾക്ക് പെരുത്തിഷ്ടമായ സാധനം പിണറായി സർക്കാർ എടുത്തുകളയുന്നില്ലെങ്കിൽ സന്തോഷിക്കുകയല്ലേ വേണ്ടത്. സങ്കടപ്പെട്ട് ഫ്ളക്സ് വയ്ക്കേണ്ട കാര്യമുണ്ടോ? ഇനി ജീവനക്കാർക്കിഷ്ടപ്പെടാത്ത സാധനം ജനകീയ സർക്കാർ വന്നിട്ടും എടുത്തുകളയാത്തതിൽ ജീവനക്കാരോടുള്ള സ്നേഹം കൊണ്ട് നിങ്ങൾക്കൊരു കുണ്ഠിതം തോന്നിയതാണെങ്കിൽ ശരി. അതിന്റെ മറുപടി ഒരു സിംപിൾ ഉദാഹരണത്തിലൂടെ പറഞ്ഞു തരാം.

ദ്രോഹിയായ കുടുംബ കാരണവർ നെറികെട്ട ഒരു സ്ത്രീയെ വീട്ടിലേക്കു വിളിച്ചുകൊണ്ടു വരാൻ പോകുന്നു വെന്നറിഞ്ഞാൽ കടുംബാംഗങ്ങൾ ഒന്നടങ്കം അതിനെയെതിർക്കും. എന്താന്നറിയില്ല അപ്പോഴും ചില താന്തോന്നികൾ കാരണവരുടെ സൈഡുനില്ക്കും. എതിർപ്പ് അവഗണിച്ച് കാരണവർ അവരെ വിളിച്ചുകൊണ്ടുവന്നപ്പോൾ സൈഡ് നിന്ന താന്തോന്നികൾ അവർക്ക് വിശറി വീശിക്കൊടുക്കാൻ മത്സരിയ്ക്കുകയായിരുന്നു. പിന്നീട് ആ കാരണവരു ചത്തു. കുടുംബത്തോട് അലിവുള്ള പുതിയ കാരണവർ വന്നു. പക്ഷെ ചത്തകാരണവർ വിളിച്ചുകയറ്റിയ പെണ്ണുംപിള്ളയെ അങ്ങനങ്ങു പറഞ്ഞു വിടാൻ ഒക്കുമോ. പഴയ കാരണവർ അവരെ ചുമ്മാ വിളിച്ചുകൊണ്ട് വന്നതല്ല, പുടവകൊടുത്ത് താലികെട്ടി കൊണ്ടു വന്നതാണ്. പോരാത്തതിന് പഞ്ചായത്തിലും, കച്ചേരിയിലും രജിസ്റ്ററും ചെയ്തിട്ടുണ്ട്. വിൽപത്രത്തില് അവകാശവും എഴുതി പതിപ്പിച്ചു. പെണ്ണും പിള്ളയെ ഇറക്കി വിടുന്നതിൽ നിയമപ്രശ്നങ്ങളുണ്ട്. കുരുക്കഴിച്ച് ഇറക്കിവിടാമെന്ന് വച്ചാൽ തന്നെ ചോദിക്കുന്ന സംഖ്യ നഷ്ടപരിഹാരം കൊടുക്കണം. തല്ക്കാലം അതിന് കാശില്ല. പോയ കാരണവർ മുച്ചൂടും മുടിപ്പിച്ചിട്ടാണ് പോയതെന്ന കാര്യം ഓർമ്മ കാണുമല്ലോ അല്ലേ......

പഴയ കാരണവരുടെ ഗുണവതിയാരംകൊണ്ട് വന്ന കുരുക്കാണിതെന്ന് ഇനി പ്രത്യേകം പറഞ്ഞുതരണ്ടതില്ലല്ലോ. പെണ്ണും പിള്ളയെ വീട്ടിൽ കയറ്റണ്ടായിരുന്നെങ്കിൽ ഫ്ളെക്സ് അന്ന് അടിക്കണമായിരുന്നു. അന്നെടുക്കണമായിരുന്നു വെട്ടുകത്തി. അന്ന് ഒപ്പം നിന്ന് വേണ്ടാന്നു പറഞ്ഞിരുന്നെങ്കിൽ അവർ വീടിന്റെ പടി ചവിട്ടില്ലായിരുന്നു. എന്നിട്ടിപ്പോ ഇറക്കി വിടാത്തതെന്തെന്ന് ചോദിച്ചുകൊണ്ട് ഫ്ളക്സ്. അല്ല കുടുംബാംഗമേ...... ഉളുപ്പുണ്ടോ ലേശമെങ്കിലും; ഉണ്ടാകാൻ ചാൻസില്ല. പഴയ കാരണവർക്കും ഇല്ലായിരുന്നു.

ഇനി വേറൊരു കൂട്ടരുണ്ട് കുറെക്കാലം മുമ്പ് വെള്ളക്കടലാസിൽ എമണ്ടൻ ആവശ്യങ്ങൾ ഡി.റ്റി.പി. എടുത്ത് എമ്പാടും വരിവരിയായി പതിച്ചായിരുന്നു പ്രവർത്തനം. കണ്ടാൽ കൊച്ചുപിള്ളാർ ഇമ്പോസിഷൻ എഴുതിപ്പറിച്ചത് ആരോ മതിലിൽ കൊണ്ട് ഒട്ടിച്ചിട്ട് കടന്നു കളഞ്ഞതാണെന്ന് തോന്നും. ഇപ്പോൾ ഫ്ളക്സ് ഒക്കെ അടിക്കാനുള്ള ത്രാണിയായി.

നോട്ടുനിരോധനം കൊണ്ടുവന്ന മഹാനായ ഭാരതപുത്രനായിരുന്നു ആദ്യത്തെ ഫ്ളക്സ് സമർപ്പിച്ചത്. പുള്ളി രാജ്യം അൻപത് ദിവസംകൊണ്ട് കിടിലമാക്കി. എലിവാണം കത്തിക്കുമ്പോൾ കുപ്പി മറിഞ്ഞാലെങ്ങനെയിരിക്കും. ഏതാണ്ടതുപോലെയാണ് രാജ്യത്തിന്റെ പോക്ക്. തള്ളുമാമന്റെ ഓരോ ശുപ്പാണ്ടിത്തരവും പാവങ്ങളുടെ നെഞ്ചെത്തു ചെന്ന് കുത്തിക്കയറുകയാണ്.

പുതുതായി വന്നിട്ടുള്ള കാവി ഫ്ളക്സിൽ സിംപിളായിട്ടുള്ള 237 ഡിമാന്റുകളാണ് വച്ചിട്ടുള്ളത്. അത് തീരെ കുറവാണ്. കാശുമുടക്കി ഫ്ളക്സടിക്കുമ്പോൾ ചുരുങ്ങിയത് അഞ്ഞൂറ് ഡിമാന്റെങ്കിലും കണ്ടുപിടിച്ച് വച്ചില്ലെങ്കിൽ നഷ്ടമാണ്. അഴിമതിക്കാരെ അഴിയെണ്ണിക്കുക, ശിക്ഷാ നടപടി പക്ഷഭേദം കൂടാതെ എല്ലാ ജിവനക്കാർക്കും തുല്യമായി വീതിച്ചു നല്കുക, ക്യാന്റീനിലെ പരിപ്പുവട എ.ജി.യെ ക്കൊണ്ട് എണ്ണിച്ചശേഷം മാത്രം വിതരണം ചെയ്യുക, തുടങ്ങിയ ലഘുവായ ആവശ്യങ്ങളാണ് ഇത്തവണ ഉന്നയിച്ചിട്ടുള്ളത്. കൃത്യമായും സുതാര്യമായും കാര്യങ്ങൾ നടത്തി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്ന ഈ സംവിധാനം മധ്യപ്രദേശിലെ വ്യാപം പോലെ കിക്കിടിലം ആക്കണം എന്നൊരു ഡിമാന്റുകൂടി എഴുതിക്കൊടുത്തിരുന്നെന്നും ഫ്ളക്സടിച്ച പയ്യന്റെ നോട്ടപ്പിശകുകൊണ്ട് അക്കാര്യം വിട്ടുപോയി എന്നുമാണ് പറഞ്ഞുകേൾക്കുന്നത്.

പരിസ്ഥിതിക്കു കേടുണ്ടാക്കുന്ന ഫ്ളക്സ് സമീപഭാവിയിലെങ്ങാനും നിരോധിച്ചുപോയാൽ ജീവൻ നില നിർത്താൻ ഒരു ബദൽ മാർഗ്ഗം ആരാഞ്ഞു വയ്ക്കുന്നത് നന്നായിരിക്കുമെന്ന കാര്യം ടി സംഘടനക്കാർ ഓർമ്മ വച്ചാൽ നന്നായിരിക്കും.

•

കെ.സെബാസ്റ്റ്യൻ






# കൊറിയൻ ഉപദ്വീപിലെ പ്രതിസന്ധി

കിഴക്കനേഷ്യയിലെ കൊറിയൻ ഉപദ്വീപ് വീണ്ടും സംഘർഷാവസ്ഥയിലാണ്. ഇത് റഷ്യ, ചൈന, അമേരിക്ക, ജപ്പാൻ എന്നീ ശക്തികളും ഇരു കൊറിയകളിലും മുഖാമുഖം അണിനിരത്തിയിട്ടുള്ള പ്രശ്നത്തിന്റെ ഭാഗമായിരിക്കുകയാണ്. ഉത്തരകൊറിയ ജൂലൈ മാസത്തിൽ ഭൂഖണ്ഡാന്തര ബാലിസ്റ്റിക് മിസൈലുകൾ വിജയകരമായി പരീക്ഷണം നടത്തിയതോടെയാണ് അമേരിക്കയുടെ നേതൃത്വത്തിൽ പ്രകോപനപരമായ നടപടികൾ ആരംഭിച്ചത്. കൂടാതെ ദക്ഷിണ ചൈനക്കടലിൽ അമേരിക്കയടക്കമുള്ള രാജ്യങ്ങളുടെ പ്രത്യേക താൽപര്യമാണ് ഈ വിഷയം കൂടുതൽ ഗൗരവകരമാക്കിയത്. മാത്രവുമല്ല ഡൊണാൾഡ് ട്രംപിന്റെ വരവോടെ ഉത്തരകൊറിയക്കെതിരായ സൈനിക നീക്കം ശക്തിപ്പെടുകയും ചെയ്തു. അമേരിക്കക്ക് മിസൈൽ പരീക്ഷണമാകാമെങ്കിൽ തങ്ങൾക്കുമാകാമെന്നാണ് ഉത്തരകൊറിയയുടെ നിലപാട്. ആണവ നിർവ്യാപന കരാറിൽ (NPT) ഒപ്പിടാത്ത രാജ്യമെന്ന നിലയിൽ തങ്ങൾക്ക് അണുപരീക്ഷണം നടത്താൻ അവകാശമുണ്ടെന്ന് ഉത്തരകൊറിയ സ്ഥാപിക്കുന്നു.

1950–53 കാലഘട്ടത്തിൽ നടന്ന കൊറിയൻ യുദ്ധത്തിൽ ദക്ഷിണ കൊറിയക്കാരും, ചൈനക്കാരും, അമേരിക്കക്കാരുമായി 15 ലക്ഷത്തിലേറെപേരാണ് കൊല്ലപ്പെട്ടത്. 1910 മുതൽ 1945 വരെ ജപ്പാന്റെ അധീനതയിലായിരുന്നു കൊറിയൻ ഉപദ്വീപ്. 1945–ൽ ആഗസ്റ്റ് 9 ന് ജപ്പാനെതിരെ സോവിയറ്റ് യൂണിയൻ യുദ്ധം പ്രഖ്യാപിക്കുകയും കൊറിയയിലേക്ക് സൈന്യത്തെ അയക്കുകയും ചെയ്തു. കൊറിയ മുഴുവൻ സോവിയറ്റ് യൂണിയന്റെ നിയന്ത്രണത്തിലാകുന്ന സാഹചര്യം ഒഴിവാക്കാൻ 38–ാം സമാന്തരരേഖയിൽ മുന്നേറ്റം അവസാനിപ്പിക്കാൻ അമേരിക്കയും സഖ്യകക്ഷികളും ആവശ്യപ്പെടുകയും അവർ 38–ാം സമാന്തരരേഖയ്ക്ക് തെക്കുള്ള പ്രദേശങ്ങളും തലസ്ഥാനമായ സിയോളും നിയന്ത്രണത്തിലാക്കി. സിയോൾ ആസ്ഥാനമാക്കി റിപ്പബ്ലിക് ഓഫ് കൊറിയ സ്ഥാപിക്കുകയും, കൊറിയൻ മിലിട്ടറി അഡ്വൈസറി ഗ്രൂപ്പ് എന്ന പേരിൽ ഒരു അമേരിക്കൻ സൈനിക ദളം അവിടെ നിലനിർത്തുകയും ചെയ്തു. സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിൽ 1945 ആഗസ്റ്റ് 24–ന് പ്യോങ്യാങ് കേന്ദ്രീകരിച്ച് ഒരു മിലിട്ടറി സർക്കാർ സ്ഥാപിച്ചു. അത് 1948 സെപ്തംബർ 8–ന് ഡെമോക്രാറ്റിക് പീപ്പിൾസ് റിപ്പബ്ലിക് ഓഫ് കൊറിയ ആയി മാറുകയും തുടർന്ന് കിം ഉൽ സങ്ങിന്റെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് സർക്കാർ അധികാരത്തിൽ വന്നതോടെ സോവിയറ്റ് യൂണിയൻ പിൻവാങ്ങി.

അമേരിക്കൻ സഹായവും തുറന്ന കമ്പോളവ്യവ

സ്ഥയും ദക്ഷിണകൊറിയയെ വൻ സാമ്പത്തിക ശക്തിയാക്കി. ലോകത്തെ ഏഴാമത്തെ വലിയ സമ്പദ്ഘടന ദക്ഷണികൊറിയയുടേതാണ്. ജി-20 രാജ്യങ്ങളിൽ ഏറ്റവുമധികം മിച്ച ബഡ്ജറ്റുള്ള രാജ്യമാണ്. കയറ്റുമതിയിൽ 5-ാം സ്ഥാനത്താണ്.



ഉത്തരകൊറിയ 1990-കളുടെ മധ്യത്തിൽ അമേരിക്കൻ പ്രസിഡന്റായിരുന്ന ബിൽ ക്ലിന്റനുമായി നടത്തിയ സമാധാന ചർച്ചയെ തുടർന്ന് 1994-ൽ തങ്ങളുടെ ആണവ റിയാക്ടറുകളുടെ പ്രവർത്തനം നിർവീര്യമാക്കാനും, ആണവായുധ ഗവേഷണം മരവിപ്പിക്കാനും ഊർജ്ജാവശ്യങ്ങൾക്കുള്ള ആണവപദ്ധതികളിൽ നിന്നുപോലും പിൻമാറാനും ഉത്തരകൊറിയ തയ്യാറായി. എന്നാൽ 2002-ൽ പ്രസിഡന്റ് ജോർജ് ബുഷ് ഉത്തരകൊറിയയെ തെമ്മാടി രാഷ്ട്രങ്ങളുടെ പട്ടികയിൽപ്പെടുത്തി. ഇത് ആഗോളതലത്തിൽ ഉത്തരകൊറിയയ്ക്ക് വലിയ തിരിച്ചടിയായി.

ഉത്തരകൊറിയ വലിയൊരു സൈനിക ശക്തിയാണ്. മൊത്തം ജി.ഡി.പി. യുടെ 25 ശതമാനത്തോളം സൈന്യത്തിനായി ഉത്തരകൊറിയ മാറ്റിവച്ചിട്ടുണ്ട്. ഹ്രസ്വ, മധ്യ, ദീർഘദൂര മിസൈലുകൾ ഉത്തരകൊറിയയുടെ പക്കലുണ്ട്. ആണവായുധ ശേഷിയുള്ള ഭൂഖണ്ഡാന്തര ബാലിസ്റ്റിക് മിസൈലുകൾ വിജയകരമായി പരീക്ഷണം നടത്തിയ ഉത്തരകൊറിയ 2006 ഒക്ടോബർ 9-നാണ് ആദ്യമായി അണുപരീക്ഷണം നടത്തിയത്. 2009, 2013, 2015, 2016, 2017 വർഷങ്ങളിൽ തുടർ പരീക്ഷണങ്ങളും നടത്തി. 2015 ലും 2017 ലും ഹൈഡ്രജൻ ബോംബുകളാണ് പരീക്ഷിച്ചത്.

അമേരിക്കൻ വൻകരയിൽ ആണവാക്രമണം നടത്താൻ ശേഷികൈവരിച്ചതായാണ് ഉത്തരകൊറിയയുടെ അവകാശവാദം. ജൂലൈമാസത്തിൽ വടക്കൻ കൊറിയ പരീക്ഷിച്ച് വിജയിപ്പിച്ച ദീർഘദൂര ബാലിസ്റ്റിക് മിസൈലിന് 9000 മുതൽ 10,000 കിലോ മീറ്റർ വരെ എത്താനാകും. അമേരിക്കയുടെ ലോസ് ഏഞ്ചൽസ്, ചിക്കാഗോ തുടങ്ങിയ അമേരിക്കൻ നഗരങ്ങളെ ഈ മിസൈലിന്റെ പരിധിയിൽ വരും.

നിലവിലെ പ്രശ്നങ്ങളെ ഗുരുതരമാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് അമേരിക്കയുടെ നേതൃത്വത്തിൽ അരങ്ങേറുന്നത്. ദക്ഷിണ ചൈനക്കടലിൽ അമേരിക്കൻ, ദക്ഷിണ കൊറിയ-ജപ്പാൻ സഖ്യം നിരന്തരം സൈനികാഭ്യാസങ്ങൾ നടത്തുണ്ട്. കൂടാതെ കൊറിയൻ ഉപദ്വീപിൽ അമേരിക്ക സ്ഥാപിച്ചിട്ടുള്ള താഡ് (ടെർമിനൽ ഹൈഡ്രോ ആൾട്ടിട്ട്യൂഡ് ഏരിയ ഡിഫൻസ്) മിസൈൽ പ്രതിരോധ സംവിധാനം ചൈനയെ കൂടി ലക്ഷ്യം വച്ചിട്ടുള്ളതാണ്. ദക്ഷിണി കൊറിയയിൽ ആണവായുധങ്ങൾ ഉൾപ്പെടെ സംഭരിച്ചുവച്ചിട്ടുള്ള അമേരിക്കൻ സൈനിക താവളങ്ങളുണ്ട്. ഇതിനുപുറമെ ഫിലിപ്പിൻസ്, ജപ്പാൻ, ഗ്വാംദ്വീപ് എന്നിവിടങ്ങളിൽ അമേരിക്കയുടെ സൈനിക താവളമുണ്ട്. മാത്രവുമല്ല ദക്ഷിണ ചൈനക്കടലിൽ യു.എസ്. വിമാനവാഹിനി കപ്പൽ കാൾ വിൽസന്റെ നേതൃത്വത്തിൽ അമേരിക്ക, ജപ്പാൻ, സംയുക്ത കപ്പൽ വ്യൂഹം നിലയുറപ്പിച്ചിട്ടുണ്ട്. ഉത്തരകൊറിയയുടെ മിസൈൽ പരീക്ഷണങ്ങളെ ചൂണ്ടിക്കാട്ടിയാണ് അമേരിക്കയുടെ ഈ പടപ്പുറപ്പാട്. ഉത്തര കൊറിയയെ മാത്രം ലക്ഷ്യം വച്ചുള്ള നീക്കമല്ല അമേരിക്ക നടത്തുന്നത്. ചൈനയെ പ്രതിരോധിക്കാനും, ലോകത്തിലെ ഷിപ്പിംഗിന്റെ മുന്നിലൊന്ന് കടന്നുപോകുന്ന തെക്കൻ ചൈന കടലിന്റെ നിയന്ത്രണം കൈപ്പിടിയിലാക്കാനും അമേരിക്കയ്ക്ക് താൽപര്യമുണ്ട്.

**ഉത്തരകൊറിയയുടെ മിസൈൽ പരീക്ഷണങ്ങളെ ചൂണ്ടിക്കാട്ടിയാണ് അമേരിക്കയുടെ ഈ പടപ്പുറപ്പാട്. ഉത്തര കൊറിയയെ മാത്രം ലക്ഷ്യം വച്ചുള്ള നീക്കമല്ല അമേരിക്ക നടത്തുന്നത്. ചൈനയെ പ്രതിരോധിക്കാനും, ലോകത്തിലെ ഷിപ്പിംഗിന്റെ മുന്നിലൊന്ന് കടന്നുപോകുന്ന തെക്കൻ ചൈനകടലിന്റെ നിയന്ത്രണം കൈപ്പിടിയിലാക്കാനും അമേരിക്കയ്ക്ക് താൽപര്യമുണ്ട്.**

1950-53 കാലത്തെ കൊറിയൻ യുദ്ധ കാലഘട്ടത്തിൽ നിന്നും വളരെ യേറെ മാറിയ പരിതസ്ഥിതിയാണിന്ന്. അന്ന് ആണവായുധങ്ങൾ കൈവശമുണ്ടായിരുന്ന രാജ്യങ്ങൾ വിരളമായിരുന്നു. എന്നാൽ ഇന്ന് ആണവായുധങ്ങൾ ഉത്തരകൊറിയയടക്കമുള്ള നിരവധി രാജ്യങ്ങൾ കൈക്കലാക്കിയിട്ടുണ്ട്. അതുകൊണ്ടാണ് ഇറാഖിലും, ലിബിയയിലും, സിറിയയിലും ഇടപ്പെട്ടതിനു തുല്യമായ ഒരു സൈനിക അതിക്രമങ്ങൾക്ക് അമേരിക്ക ശ്രമിക്കാത്തതും.

•

## യാത്രാ വിവരണം – ഭാഗം മൂന്ന്

**വൈ. സലാഹുദ്ദീൻ ആലപ്പുഴ**



അജന്ത

# അജന്ത എല്ലോറ

രാത്രി 11 മണിയോടുകൂടി ശർമ ട്രാവത്സിന്റെ വോൾവൊ ബസെത്തി. പകൽ മുഴുവൻ നീണ്ട യാത്ര ക്ഷീണവും ആഡംബര ബസിന്റെ സുഖശീതളിമയും ഒരു ഗാഢ നിദ്രസമ്മാനിച്ചു. രാവിലെ 6 മണിയോടെ ഔറംഗാബാദിലെ ടൂറിസ്റ്റ് ഹോമിലെത്തി ഒന്ന് ഫ്രഷായി. അടുത്തയാത്രയ്ക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ അവിടെ നിന്നും ലഭിച്ചു. സാമ്പാർ വടയും ഇഡ്ഡലിയും കഴിഞ്ഞ് ITDC യുടെ അജന്താ സ്പെഷ്യൽ പാക്കേജ് ബസിൽ 9 മണിയോടെ ഞങ്ങൾ തുടർ യാത്രയാരംഭിച്ചു. 100 കിലോമീറ്റർ ദൂരം താണ്ടണം. ഒരു സാധാരണ ബസായിരുന്നെങ്കിലും യാത്ര ആവേശകരമായിരുന്നു. റോഡിനിരുവശവും നോക്കെത്താദൂരത്തോളം വ്യാപിച്ചുകിടക്കുന്ന ഗോതമ്പു വയലുകളും മഞ്ഞുകണങ്ങൾ പെയ്തിറങ്ങിയതാണെന്ന് തോന്നും വിധം വിളവെടുക്കാറായ പരുത്തിത്തോട്ടങ്ങളും കൂടാതെ കൊയ്ത്തിന് പാകമായ ബജ്റ–റാഗി പാടങ്ങളുമെല്ലാം ഒരു സിനിമാസ്ക്രീനിൽ മാറി മാറി പ്രത്യക്ഷപ്പെടുന്നത് പോലെ അനുഭവപ്പെട്ടു. വയലേലകളെ തഴുകി വരുന്ന കാറ്റിന്റെ ഗന്ധവ്യത്യാസങ്ങൾ നുകർന്നകൊണ്ടിരിന്നപ്പോൾ ടൂറിസ്റ്റ് ഗൈഡിന്റെ ഉത്ബോധനങ്ങൾ വെറും പശ്ചാത്തല സംഗീതമായാണനുഭപ്പെട്ടത്. 11 മണിയോടെ ഒരു ഗ്രാമത്തിലെ ചായക്കടയ്ക്ക് മുന്നിൽ വണ്ടി നിർത്തി. മുറ്റത്ത് നിരത്തിയിട്ടിരിക്കുന്ന കയർ വരിഞ്ഞ കട്ടിലിൽ ഇരുന്ന് ഓരോ ചായകുടിച്ചുകൊണ്ട് അല്പം വിശ്രമിച്ചു.

തുടർന്നുള്ള യാത്ര വനമേഖലയിലൂടെയാണ്.

തീർത്തും വിജനമായ കാനനപാതയിൽ ഏത് നിമിഷവും കാട്ടുമൃഗങ്ങൾ പ്രത്യക്ഷപ്പെടാമെന്ന് പ്രതീക്ഷിച്ചെങ്കിലും ഉച്ചസമയമായത് കൊണ്ടാവണം ഒന്നിനെയും പുറത്ത് കണാനായില്ല. ഒരു മണിയോടെ ബസ് അജന്തയിലെ പാർക്കിംഗ് ഏരിയയിലെത്തുകയും അവിടെ നിന്നും പ്രത്യേക വാഹനത്തിൽ 6 കിലോമീറ്റർ സഞ്ചരിച്ച് അജന്താ ശില്പങ്ങളുടെ എന്റർൻസിലെത്തുകയും ചെയ്തു. അവിടുത്തെ ഏക റസ്റ്റോറന്റിൽ നിന്നും ഉച്ചഭക്ഷണം കഴിഞ്ഞ് ഉടൻ തന്നെ ഗുഹാ സന്ദർശനം തുടങ്ങി. 2000 വർഷം പഴക്കമുള്ള ഒരു ബുദ്ധപ്രതിമ ഞങ്ങളെയാ അത്ഭുതലോകത്തേക്ക് സ്വാഗതം ചെയ്യുന്നതായി തോന്നി. വിദേശികളടക്കം നൂറുകണക്കിന് സന്ദർശകരുണ്ടായിരുന്ന ഉൾക്കാട്ടിലെ ഈ ശില്പശാലം കാണാൻ.

കുതിരക്കുളമ്പടിയാകൃതിയിൽ വളഞ്ഞൊഴുകുന്ന വഗോറ നദി (River Vagora) യ്ക്കഭിമുഖമായി സ്ഥിതി ചെയ്യുന്ന ചെങ്കുത്തായ പാറക്കെട്ടിലാണ് തോളോട് തോൾ ചേർന്ന രീതിയിൽ പ്രധാനപ്പെട്ട 30 ഗുഹകൾ നിർമ്മിച്ചിരിക്കുന്നത്. കുത്തനെയുള്ള ഭീമൻ പാറതുരന്ന് ക്ഷേത്രങ്ങളും മൊണാസ്ട്രികളുടെമൊക്കെ നിർമ്മിക്കുന്നതിനായി വെളിച്ചം ഗുഹക്കരികിലെത്താൻ മുന്നിൽ വെള്ളം തളം കെട്ടി നിർത്തുമായിരുന്നു. സൂര്യപ്രകാശം ഇതിൽ തട്ടി പ്രതിഫലിപ്പിച്ച് ഗുഹക്കുള്ളിലെത്താനുള്ള ലളിതവിദ്യ. ബി.സി. നാലാം നൂറ്റാണ്ടുമുതൽ എ.ഡി. ആറാം നൂറ്റാണ്ട് വരെയുള്ള ഒരു ബൃഹത് കാലയളവിലാണ് ഇവ നിർമ്മിച്ചിട്ടുള്ളതെന്ന് ചരിത്രരേഖകളിൽ കാണാം. ഒരു കൂട്ടം ശില്പികൾ ഒരായുസ് മുഴുവൻ അദ്ധ്വാനിച്ചാണ് ഒരു നിർമ്മിതി രൂപപ്പെടുത്തുന്നത്. അതിനാൽ തന്നെ അനേകതലമുറകളുടെ ശില്പകലാവൈവിധ്യങ്ങൾ സമ്മേളിച്ചിട്ടുള്ള ഒരു പറുദീസയാണിവിടം. ശ്രീബുദ്ധന്റെ ജാതകകഥകളാണ് ശില്പങ്ങളുടെയും, ചുവർ ചിത്രങ്ങളുടെയും പ്രമേയങ്ങൾ. കാലത്തെ അതിജീവിപ്പിക്കുന്ന ശിലാകാവ്യങ്ങളെക്കാൾ എന്നെ അത്ഭുതപ്പെടുത്തുന്നത് ഇന്നുംശോഭയോടെ നില നിൽക്കുന്ന ജീവൻ തുളുമ്പുന്ന ചുമർ ചിത്രങ്ങളാ



**അജന്ത**



എല്ലോറ

ണ്. ഓരോ ഗുഹകളെക്കുറിച്ചുമുള്ള ചരിത്രങ്ങൾ ഞങ്ങളുടെ ഗൈഡ് വിവരിച്ചു തന്നെങ്കിലും സ്ഥലപരിമിതിമൂലം കുറിക്കാനാകുന്നില്ല. എങ്കിലും ഈ പൈതൃക സ്മരണികയ്ക്കായി ഗുപ്തരാജാക്കൻമാർ നൽകിയ സംഭാവനകൾ ഏറ്റവും വിലപ്പെട്ടതാണെന്ന് മാത്രം കുറിക്കുന്നു.

നാല് മണിയോടെ തിരിച്ച് പാർക്കിംഗ് ഏരിയയിലെത്തി. അവിടെ ഒരുൽസവപ്രതീതി. ഷോപ്പിംഗ് കേന്ദ്രങ്ങളിൽ കച്ചവടം തകൃതിയായി നടക്കുന്നു. അസംസ്കൃത വജ്രക്കല്ലുകളും ചെറുശിൽപങ്ങളും മറ്റ് കരകൗശല വസ്തുക്കളുമൊക്കെ സുലഭം. ചിലതൊക്കെ സ്മരണികയായി വാങ്ങി ഞങ്ങൾ മടക്കയാത്രയായി. ഇളം വെയിലിന്റെ സ്വർണ്ണപ്രഭയേറ്റ് തിളങ്ങുന്ന വയലുകളും ഗ്രാമങ്ങളും താണ്ടി രാത്രിയോടെ തിരികെ ഹോട്ടലിലെത്തി.

പിറ്റേന്ന് രാവില 6 മണിക്ക് തന്നെ ടാക്സിയെത്തി. ചരിത്ര നഗരമായ ഔറംഗാബാദ് ചുറ്റുകയാണ് ലക്ഷ്യം. മണ്ടനായ ബുദ്ധിമാൻ എന്ന് വിളിക്കപ്പെട്ട മുഹമ്മദ് ബിൻ തുഗ്ലക്കിന്റെ ദൗലത്താബാദിലെ കൊട്ടാരം ഞങ്ങൾ സന്ദർശിച്ചു. എന്നാൽ കോട്ടയുടെയും കൊട്ടാരത്തിന്റെയും ശില്പഭംഗിയും സുരക്ഷാ ക്രമീകരണങ്ങളും മറ്റേതൊന്നിനെയും വെല്ലുന്ന തരത്തിലായിരുന്നു. പൂർണ്ണമായും വെങ്കലത്തിൽ തീർത്തതും ടൺ കണക്കിന് ഭാരമുള്ളതുമായ ഇവിടുത്തെ ഭീമൻ പീരങ്കി ലോകത്തിലെ തന്നെ ഏറ്റവും വലുതാണ്. ശത്രു നിരീക്ഷണത്തിനായി കുത്തബ് മിനാർ പോലൊരു ഗോപുരം കോട്ടയ്ക്കുള്ളിലുണ്ട്. ഒരു മലയെ ചുറ്റിസ്ഥിതി ചെയ്യുന്ന ഈ കോട്ടയയിൽ ഏറ്റവും ഉയർന്ന സ്ഥലത്ത് രാജാവിന്റെ ഡർബാർ ഹാളുണ്ട്. ശത്രു സൈന്യത്തിന്റെ നീക്കങ്ങൾ നേരിട്ട് വീക്ഷിച്ച് യുദ്ധതന്ത്രങ്ങൾ മെനയാൻ രാജാവിനാകും. ഡൽഹിയിൽ നിന്നും തലസ്ഥാനം ഇവിടേക്ക് മാറ്റിയത് ഏറ്റവും ബുദ്ധിപരം തന്നെയായിരുന്നുവെന്ന് ഈ ഭൂപ്രകൃതി പഠിക്കുന്ന ആർക്കും മനസ്സിലാകും. വിദേശാക്രമണ ഭീഷണി നിലനിൽക്കുന്ന ഡൽഹിയിൽ നിന്നും സുരക്ഷിത അകലത്തിലും സഹ്യന്റെയും താർമരുഭൂമിയുടെയും സംരക്ഷണ അതിർത്തിയുമുള്ള ഇവിടം തലസ്ഥാന നഗരിയാകുന്നതിന് ഇന്നും അനുയോജ്യമാണ്. പശ്ചിമഘട്ടത്തിന്റെ സാമീപ്യമാണോ അദ്ദേഹം ലക്ഷ്യം വച്ചിരുന്നതെന്ന് ചരിത്ര പരിസ്ഥിതി ഗവേഷകർ ഇനിയും പഠിക്കേണ്ടതുണ്ട്. നൂറ്റാണ്ടുകൾക്ക് ശേഷം മഹാനായ അക്ബർ ചക്രവർത്തി കൊട്ടിഘോഷിച്ച് ഫത്തേപ്പൂർ സിക്രി ആഗ്രയ്ക്കടുത്ത് പണികഴിപ്പിച്ചതും ജലദൗർലഭ്യം മൂലം ഉപേക്ഷിക്കേണ്ടി വന്നതുമെല്ലാം ഇതോടൊപ്പം കാണണം. കനത്ത ചൂടിൽ നിന്നും രക്ഷ നേടാൻ സിക്രിയിലെ അക്ബറിന്റെ കിടപ്പുമുറിയിൽ പനിനീർ തളം കെട്ടി നിർത്തുമായിരുന്നു. തലസ്ഥാനമാറ്റം, നാണയപരിഷ്കാരങ്ങൾ (ഡീമോണിറ്റൈസേഷൻ ആദ്യം നടപ്പിലാക്കിയത് തുഗ്ലക്കായിരുന്നു) തുടങ്ങിയ ദീർഘവീക്ഷണത്തോടെയുള്ള തുഗ്ലക്കിന്റെ പരിഷ്കാരങ്ങൾ ഉൾക്കൊണ്ട് വിജയിപ്പിക്കാനുള്ള ശേഷി ജനങ്ങൾക്കോ ഉദ്യോഗസ്ഥർക്കോ ഇല്ലാതിരുന്നതിനാലാണ് അതിബുദ്ധിമാനായ അദ്ദേഹം മണ്ടനായി പരിഹസിക്കപ്പെട്ടത്. എത്ര മികച്ച ആശയങ്ങളായാലും നടത്തിപ്പിലെ പാളിച്ചകൾ വിപരീത ഫലമുണ്ടാക്കുമെന്ന് ചരിത്രവും വർത്തമാനകാലവും സാക്ഷ്യപ്പെടുത്തുന്നു.

അവിടെ നിന്നും ഞങ്ങൾ ബീബികാ

മഖ്ബറയിലെത്തി. താജ്മഹലിന്റെ അതേ രൂപഭംഗിയിലും ഏതാണ്ട് അതേ വലിപ്പത്തിലുമുള്ള ശവകുടീരം ഔറംഗസീബിന്റെ മകൻ ഉമ്മയുടെ സ്മരണയ്ക്കായി പണികഴിപ്പിച്ചതാണിത്. ചക്രവർത്തിയുടെ സാമ്പത്തിക നിയന്ത്രണമുള്ളതിനാൽ കല്ലും കുമ്മായവുമൊക്കെയാണ് കൂടുതലും ഉപയോഗിച്ചിട്ടുള്ളത്. എങ്കിലും താജിന്റെ അപരനായി ഇന്നും തലയുയർത്തി നിൽക്കുന്നു. അല്പമകലെ മറ്റൊരിടത്ത് ഇപ്പോഴും പ്രവർത്തനക്ഷമതയുള്ള (ഉപയോഗിക്കുന്നില്ലെങ്കിലും) ഒരു പുരാതന അരിപ്പൊടിയന്ത്രമുണ്ട്. ചെറിയൊരു തടാകത്തിൽ നിന്നും ടണൽ വഴിയെത്തുന്ന ജലമർദ്ദത്താൽ ശിലാപാളികൾ കറങ്ങുകയും അതിനടിയിലേക്കിടുന്ന ധാന്യമണികൾ പൊടിഞ്ഞുകിട്ടുകയും ചെയ്യുന്നു. (ഇന്നത്തെ ജല വൈദ്യുത പദ്ധതിയുടെ ക്രമം).

ഉച്ചയോടെ ഞങ്ങൾ ദൃശ്യവിസ്മയമായ എല്ലോറയിലെത്തി. അജന്താ ഗുഹകൾക്ക് ശേഷമുള്ള ചരിത്രമാണ് പ്രധാനമായും എല്ലോറയിയ്ക്കുള്ളത്. എ.ഡി. 6-ാം നൂറ്റാണ്ട് മുതൽ 12-ാം നൂറ്റാണ്ട് വരെ ഇതിന്റെ നിർമ്മാണ കാലഘട്ടം വ്യാപിച്ചിരിക്കുന്നു. പ്രധാനമായും 15 നിർമ്മിതികളുണ്ടിവിടെ. അജന്തയിലെപ്പോലെ പാറക്കെട്ടിനുള്ളിലേക്ക് തുരന്ന് നിർമ്മിച്ചതല്ല മറിച്ച് മലഞ്ചെരുവുകൾ മുകളിൽ നിന്നും വശങ്ങളിൽ നിന്നും തുരന്ന് ക്ഷേത്രങ്ങളും കെട്ടിടങ്ങളുമായി മാറ്റിയിരിക്കുകയാണിവിടെ. ചാലൂക്യ-രാഷ്ട്രകൂട രാജാക്കാൻമാരുടെ കാലഘട്ടത്തിലാണ് കൂടുതൽ നിർമ്മിതികളുമെന്നത് ഇവിടുത്തെ ശിലാഫലക്കങ്ങളിൽ കാണാം. ഹൈന്ദവ-ബുദ്ധ-ജൈന ശില്പങ്ങളാൽ സമൃദ്ധമാണിവിടത്തെ ക്ഷേത്രങ്ങൾ. ഇവിടുത്തെ പ്രധാന ക്ഷേത്രവും അതിലെ പ്രതിഷ്ഠകളും ചുറ്റുവഴിയും ചുറ്റമ്പലങ്ങളും വിശ്രമകേന്ദ്രങ്ങളും കൂടാതെ ആനയുടെയും മറ്റും ധാരാളം വലിയ ശില്പങ്ങളുമൊക്കെയടങ്ങുന്ന സമുച്ചയം ഒരു വിശാലമായ പാറ കൊത്തിമിനുക്കി രൂപപ്പെടുത്തിയെടുത്തതാണെന്നത് നേരിൽ കണ്ടാലേ വിശ്വസിക്കാനാകൂ. നമ്മുടെ ഓഫീസിലെ അഡീഷണൽ ബ്ലോക്കിന്റെ മാതൃകയിലൊരു കൂറ്റൻ മൂന്നു നിലകെട്ടിടം അവിടെ കണ്ടു. ഏണിപ്പടികളും തടിച്ച തൂണുകളും നീളൻ വരാന്തയും വിശാലഹാളുമൊക്കെ മൂന്നു നിലകളിലും കിറുകൃത്യമായി ചിട്ടപ്പെടുത്തിയിരിക്കുന്നു. ഓരോ ചവിട്ടു പടിയിലും വരെ ചിത്രങ്ങൾ കൊത്തിയിട്ടുണ്ട്. എന്നാൽ ഇതും ഒരു തണ്ണിമത്തൻ കൊത്തിമിനുക്കുന്ന ലാഘവത്തോടെ ഉളിയും ചുറ്റികയുമുപയോഗിച്ചാണ് രൂപപ്പെടുത്തിയിരിക്കുന്നതെന്ന് കണ്ടപ്പോൾ ഏറ്റവും വലിയ ലോകാത്ഭുതം. ഇത് ലോകത്ഭുതപട്ടികയിൽ പെട്ടില്ല എന്നതാണെന്ന് തോന്നിപ്പോയി.

'The child is father of man' അതെ, ചരിത്രത്തിലെ ആ ശിശുക്കൾ തന്നെയാണ് ആധുനിക ശാസ്ത്രലോകത്തെ കാരണവൻമാരേക്കാൾ കേമൻമാർ. സായിപ്പിന്റെ കോട്ടും 26 അക്ഷരങ്ങളും കിട്ടിയാൽ മാത്രമേ രക്ഷയുള്ളു എന്ന് കരുതുന്ന യുവ തലമുയ്ക്ക് ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിന് ഇത്തരം പൈതൃക കേന്ദ്രങ്ങളിലേക്കുള്ള പഠന യാത്രകൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടത് തന്നെയാണ്.


•



**കൈലാസ ടെമ്പിൾ എല്ലോറ**

അൻവർ ഹുസൈൻ.എച്ച്

# പുസ്തക പരിചയം




## വിശുദ്ധ പശു

(Myth of Holy Cow)
**ഡി.എൻ.ഝാ.**
വിവർത്തനം:
**അനുപമാ ആനമങ്ങാട്**
അവതാരിക: ഡോ. തോമസ് ഐസക്
ഇൻസൈറ്റ് പബ്ലിക്കേഷൻ, വില160 രൂപ
പേജുകൾ 144 (വിശദ അനുബന്ധങ്ങൾ സഹിതം).

പശു ഇന്ന് വലിയ ചർച്ചാ വിഷയമാണ്. ഗോവധ നിരോധനം കേന്ദ്ര ഗവൺമെന്റിന്റെ മുഖ്യ അജണ്ട യായി മാറുന്നു. ദാരിദ്ര്യം, തൊഴിലില്ലായ്മ, വിലക്ക യറ്റം, ഇത്യാദി ചെറു വിഷയങ്ങൾ മാറ്റിവച്ച് ഗോഹത്യ എന്ന പാപത്തെ ഇല്ലായ്മ ചെയ്യലാണ് ഭാര തസംസ്കൃതിയുടെ മുഖ്യ ദൗത്യം എന്ന് വിലപിക്കുന്ന കാലമാണ്. വിശുദ്ധപശു വായിക്കാൻ പോലും ഭയ ക്കുന്ന ആളുകൾ ഇന്ത്യയിൽ അധിവസിക്കുന്നു. എതിരെ ശബ്ദിക്കുന്നവരെയൊക്കെ ഗളഹസ്തം ചെയ്യുന്നു. ഈ സാഹചര്യത്തിലാണ് വിശുദ്ധപശു മലയാള രൂപത്തിൽ അവതരിപ്പിക്കുന്നത്.

മുസ്ലീങ്ങളുടെ വരവോടെയാണ് ഇന്ത്യയിൽ ഗോമാംസ ഭക്ഷണം ആരംഭിച്ചത് എന്ന തീവ്രഹിന്ദു ത്വ നിലപാടുമായാണ് രാജ്യത്തെ നയിക്കുന്നവർ ഒരുങ്ങി പുറപ്പെട്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ വേദ-ഉപനിഷത്തുക്കളുടെ പിൻബലത്തോടെയുള്ള വിശകലനത്തിൽ നിന്നും ഈ കണ്ടെത്തൽ വെറും പൊള്ളയാണെന്ന് ഝാ സമർത്ഥിക്കുന്നു. ബലിക്ക ല്ലിൽ നിന്നും ഹിന്ദുവിന്റെ പശു മെല്ലെ കാർഷിക വൃത്തിയിലേക്കും പിന്നെ പുണ്യ പദവിയിലേക്കും ഒടുവിൽ രാഷ്ട്രീയ ആയുധ രൂപത്തിലും പരിണമി ക്കുകയായിരുന്നു. ഇതിന്റെ പിന്നിലെ സാമ്പത്തിക ശാസ്ത്രം, അവതാരികയിൽ ഡോ. തോമസ് ഐസക് തുറന്നു കാട്ടുന്നു. തുടർഭാഗങ്ങളിൽ യാജ്ഞവൽക്യന് പ്രിയങ്കരമായിരുന്ന ഗോമാംസത്തെ ചരിത്ര രേഖയുടെ വെളിച്ചത്തിൽ ഓർമ്മിച്ചെടുക്കണം. മൃഗബലിയിൽ എന്തായിരുന്നു ഗോവിന്റെ സ്ഥാനം എന്ന് പരിശോ ധിക്കുന്നു. പിൽക്കാലകർമം ശാസ്ത്രവിധികളെ ആഴ ത്തിൽ വിശകലനം ചെയ്യുന്നു. കലിയുഗത്തിൽ പശു വിന് സംഭവിച്ച പരിണാമവും പാപബോധത്തിന്റെ യഥാർത്ഥ കാരണവും കണ്ടെത്തുന്നു. ഒടുവിൽ കണ്ടെത്തലുകൾ സംഗ്രഹിച്ചിരിക്കുന്നു. എല്ലാറ്റിനു മൊപ്പം ആധികാരികമായ അവലംബങ്ങളും ചേർത്തി രിക്കുന്നു. ഗോവധ സംരക്ഷണത്തിന്റെ ആളുകൾ ഈ ഗ്രന്ഥം വായിച്ചിരുന്നെങ്കിൽ എന്ന് ആശിച്ചുപോ കുന്നു.

പശുക്കൾ, പന്നികൾ, യുദ്ധങ്ങൾ, ദുർമന്ത്രവാദിനി കൾ; സംസ്കാരത്തിന്റെ പ്രഹേളികകൾ (Cows, Pigs, Wars and Witches: The Riddles of Culture) എന്ന മാർവിൻ ഹാരിസിന്റെ പ്രബന്ധത്തിന് ഇത്തരം യുക്തി രഹിതമായ വിഷയങ്ങളെപ്പറ്റി പരാമർശിക്കുന്നതായി തോമസ് ഐസക് അവതാരികയിൽ ചൂണ്ടിക്കാട്ടുന്നു. വിശുദ്ധ പശുവിന്റെ സാമ്പത്തിക ശാസ്ത്രം അന്വേ ഷിക്കുമ്പോൾ, പണ്ട് വിനോബഭാവെ ഗോവധ നിരോ ധനത്തിനിറങ്ങി പുറപ്പെട്ടപ്പോൾ ഉണ്ടായിരുന്ന ഒരു കാർഷിക സാമ്പത്തികാവസ്ഥ ഇന്നില്ല. വിശ്വാസി കൾക്ക് പശു ഇറച്ചി വർജിക്കാവുന്നതുമാണ്. പക്ഷേ ഇന്ന് അത് അടിച്ചേൽപ്പിക്കുകയും രാഷ്ട്രീയായുധമാ ക്കുകയും ചെയ്യുകയാണ്. ബി.ആർ. അംബേദ്കറുടെ തൊട്ടുകൂടായ്മയും ചത്ത പശുവും എന്ന പ്രബന്ധ ത്തിൽ അന്നത്തെ അവസ്ഥ പ്രതിപാദിച്ചിട്ടുണ്ട്. വേദ കാലത്ത് ഗോമാംസം ഹിന്ദുക്കൾ ഭക്ഷിച്ചിരുന്നതായി വ്യക്തമായ തെളിവ് സഹിതം ഝാ ഈ ഗ്രന്ഥത്തിൽ സമർത്ഥിക്കുന്നുണ്ട്. നിലമുഴുന്ന കാളയും പാൽ

തരുന്ന പശുവും അന്നത്തെ സാമ്പത്തികാവശ്യങ്ങളുടെ മുഖ്യ സ്രോതസ്സായിരുന്നിട്ടും അവർ ഗോക്കൾ ഭക്ഷണമാക്കിയിട്ടുണ്ടെന്ന് കാണാൻ കഴിയും. ഇന്ത്യയിലെ പ്രധാന ഇറച്ചികയറ്റുമതിക്കാർ സംവർണ ഹിന്ദുക്കളാണെന്ന് നവമാധ്യമങ്ങളിൽ വലിയ വാർത്ത വന്നതും തോമസ് ഐസക് ചൂണ്ടിക്കാട്ടുന്നു.



വേദകാലത്ത് ഗോബലിയടക്കമുള്ള ചടങ്ങുകൾ ഉണ്ടായിരുന്നു. വനവാസ കാലത്ത് സീതയും ശ്രീരാമനും ഗോമാംസം അടക്കമുള്ള മാംസഭക്ഷണം ഉപയോഗിച്ചിരുന്നു. എഴുതപ്പെട്ട തെളിവുകളിലും പുരാവസ്തുക്കളിലും പുരാണ ഇതിഹാസങ്ങളിലുമൊക്കെ നിന്ന് തെളിവുകൾ ഉദ്ധരിക്കുന്നുണ്ട് ഈ ഗ്രന്ഥത്തിൽ. മദ്ധ്യകാലഘട്ടത്തിൽ കാർഷികവൃത്തി കൂടുതൽ വ്യാപിച്ചപ്പോൾ ഗോവിന് പടിപടിയായി പുണ്യപദവി കൈവരിക്കുകയുണ്ടായിട്ടുണ്ട്. ബ്രാഹ്മണർ പോലും ഒരു കാലത്ത് മാംസം ഭക്ഷിച്ചിരുന്നതായി വേണ്ട തെളിവ് സഹിതം ഈ പുസ്കം ചൂണ്ടിക്കാട്ടുന്നു. പിന്നീട് അവർ ഗോമാംസം ഉപേക്ഷിക്കുകയും തുടർന്ന് മാംസാഹാരം തന്നെ ഉപേക്ഷിക്കുകയുമുണ്ടായി. കാരണങ്ങൾ ഡോ. അംബേദ്കർ തന്റെ പുസ്കങ്ങളിൽ വിശദമായി വിശകലനം ചെയ്യുന്നുണ്ട്. ബുദ്ധമതക്കാർ പോലും ആദ്യ കാലത്ത് സസ്യാഹാരികൾ ആയിരുന്നില്ലത്രേ. പശുവിന്റെ ദൈവികത മധ്യകാലത്ത് തീർച്ചയായും കാർഷക മേഖലയുമായി ബന്ധപ്പെട്ടു തന്നെ ഉയർന്നതാണെന്ന് ആമുഖത്തിൽ അനുപമ ആനമങ്ങാട് നിരീക്ഷിക്കുന്നു.

ഡി.എൽ.ഝാ ഈ ഗ്രന്ഥത്തിന്റെ തുടക്കത്തിൽ മഹാത്മജി പശുവിന്റെ മഹത്വത്തെ വിവരിക്കുന്നത് ഉൾപ്പെടുത്തിയിട്ടുണ്ട്. "നമുക്ക് ജന്മം നൽകിയ അമ്മയേക്കാൾ എത്രയോ മഹത്വമുള്ളതാണ് ഗോമാതാവ്. അമ്മ നമുക്ക് ഒന്നോ രണ്ടോ വർഷം മാത്രം പാൽ തരുന്നു. മുതിരുമ്പോൾ നാം അമ്മയെ സേവിക്കണമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. ഗോമാതാവാകട്ടെ പുല്ലും ധാന്യവുമല്ലാതെ മറ്റൊന്നും നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നില്ല. അമ്മ അസുഖ ബാധിതയാവുകയും നമ്മുടെ ശുശ്രൂഷ ആഗ്രഹിക്കുകയും ചെയ്യുന്നു. ഗോമാതാവ് അസുഖബാധിതയാവുന്നത് തന്നെ കുറവാണ്. നമ്മുടെ അമ്മ മരിക്കുമ്പോൾ സംസ്കരിക്കുന്നതിന് പണം ചെലവാകുന്നു. ഗോമാതാവ് മരിക്കുമ്പോൾ പോലും നമുക്ക് ഉപയോഗപ്പെടുന്നു". കാർഷിക സമൂഹത്തോടാണ് അന്ന് ഈ വാക്കുകൾ പ്രയോഗിക്കപ്പെട്ടത്. ദിവ്യത്വം അന്ന് കരുതിയിട്ടുണ്ടായില്ല പിൽക്കാലം ഗോസംരക്ഷണം ഒരു മത ധർമ്മമായി മാറുകയാണ് ഉണ്ടായത്. ബാബർ, അക്ബർ തുടങ്ങിയ മുസ്ലീം ഭരണാധികാരികൾ ജൈന -ബ്രാഹ്മണ വിഭാഗങ്ങളുടെ ഗോ ആരാധന കണക്കിലെടുത്ത് ചില നിയന്ത്രണങ്ങൾ ഗോവധത്തിന് ഏർപ്പെടുത്തിയിരുന്നു. 1870-ൽ സിഖ് സംഘടന തുടങ്ങിവച്ച്,1882-ൽ ദയാനന്ദ് സരസ്വതി സ്ഥാപിച്ച ഗോരക്ഷണി സഭാ ഫൗണ്ടേഷൻ മുതൽ രാഷ്ട്രീയമായി ഗോസംരക്ഷണം മാറി. ഇന്ത്യൻ ഭരണഘടനയിൽ സംസ്ഥാനങ്ങൾക്ക് പശുക്കളേയോ മറ്റ് ക്ഷീരസ്രോതസുക്കളായ കന്നുകാലികളെയോ വധിക്കുന്നത് തടയാൻ അധികാരമുണ്ട് എന്ന നിർദ്ദേശമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ചില സംസ്ഥാനങ്ങൾ ഗോവധ നിരോധനംനടപ്പിലാക്കി. ഇതിനെ ദേശീയ വൽക്കരിക്കാനാണ് ഇപ്പോൾ ശ്രമം നടന്നുകൊണ്ടിരിക്കുന്നത്.

ഇന്തോ യൂറോപ്യൻ പശ്ചാത്തലംമുതൽ ആര്യ-ദ്രാവിഡ സംസ്കാരങ്ങളുടെ കാലത്തൊക്കെയുള്ള വിശ്വാസങ്ങളും ആചാരങ്ങളും ഒക്കെ അപഗ്രഥിച്ച് അതിൽ മൃഗബലിയും ഗോബലിയും നടന്നതായി ഝാ സമർത്ഥിക്കുന്നു. അഹിംസയിലേക്ക് ബുദ്ധമതം നീങ്ങിയപ്പോൾ പ്രാധാന്യം കിട്ടാനായി മെല്ലെ അഹിംസ പ്രചരിപ്പിച്ചതാണെന്ന നിരീക്ഷണവും തുടർന്ന് വരുന്നു. അശോകന്റെ കാലത്തെ രാജശാസനങ്ങൾ പരിശോധിച്ചപ്പോൾ ചിലവയെ ബലി കൊടുക്കുന്നത് ഘട്ടംഘട്ടമായി നിരോധിക്കുന്നതായി പരാമർശിക്കുന്നു.

മഹാഭാരതം, രാമായണം തുടങ്ങിയ ഇതിഹാസങ്ങളിലും വേദ പരാമർശങ്ങളിലും ഒന്നു തന്നെ ഗോഹത്യ കൊടിയ പാപങ്ങളുടെ ലിസ്റ്റിൽ കൊടുത്തിട്ടില്ല. ചില രോഗശമനത്തിന് ഗോമാംസം മരുന്നായി ഉപയോഗിച്ചതായി പോലും രേഖകൾ കാണാം. വളരെ നാളുകൾക്ക് ശേഷമാണ് പാപബോധം ഉണരുന്നത് എന്ന് കാണാം. രാഷ്ട്രീയ ആയുധമാക്കുന്ന വരെ സംബന്ധിച്ച് ഈ തെളിവുകൾ ഒക്കെ നിരത്തിയാലും അവർ ഇത് തന്നെ തുടരും. ഝാ പുസ്തകം അവസാനിപ്പിക്കുന്നത് ഇങ്ങനെ:

"പശുവിന്റെ ഈ ആരോപിക്കപ്പെട്ട പവിത്രത തീരെ പിടി തരാത്ത ഒന്നാണ്. ഒരിക്കൽപ്പോലും പശു എന്ന ദേവതാ സങ്കൽപ്പം നിലവിൽ ഇരുന്നിട്ടില്ല. പശുവിന് വേണ്ടി ക്ഷേത്രങ്ങൾ പണികഴിപ്പിച്ചിട്ടില്ല. പശുവിന്റെ ഈ ആരോപിക്കപ്പെട്ട പവിത്രത, ഏകരൂപമായ ഒരു ഹിന്ദുമതം വിഭാവനം ചെയ്തെടുക്കാൻ തന്ത്രപ്പെടുന്ന ആധുനിക ഹിന്ദുത്വരാഷ്ട്രീയ ശക്തികളുടെ ഒരു സ്വഭാവസവിശേഷമായി കാണാനേ നിവൃത്തിയുള്ളു".

മിനികഥ

**പുനലൂർ വിജയൻ**
9497132661

# ഒരു തെരുവോര കാഴ്ച



സമയം രാവിലെ 6.30.

പട്ടണത്തിലെ പെട്രോൾ പമ്പിനുമുന്നിൽ ഒരു വാഹന അപകടം നടന്നു. സ്കൂട്ടറിൽ യാത്ര ചെയ്തിരുന്ന ഒരു അച്ഛനും മകളും സ്വകാര്യ ബസ്തട്ടി കണ്ടെയ്നർ ലോറിയുടെ അടിയിലേക്ക് തെറിച്ചുവീഴുകയായിരുന്നു. പ്രഭാതത്തിൽ സൂര്യബിംബത്തിനുചുറ്റും ചിതറിവീണ ചെന്നിണം പോലെ പാതയിൽ രക്തം തളംകെട്ടിക്കിടന്നു. ആകാശത്ത് വിളറിയ മുഖത്തോടെ കാണപ്പെട്ട ചന്ദ്രബിംബം പോലെ പിതാവിന്റെയും, തുടുത്ത് പ്രഭാതത്തിൽ ചൈതന്യം നഷ്ടമായ നക്ഷത്രംപോലെ മകളുടെയും മുഖങ്ങൾ കാണപ്പെട്ടു. പട്ടണമായതിനാൽ നിമിഷങ്ങൾക്കകം അവിടമൊരു ജനസാഗരമായി മാറി. അവിടെക്കൂടിയ യുവാക്കളിൽ കൂടുതൽ പേരുടെയും കൈകളിൽ വലിയ മൊബൈൽ ഫോണുകളും ടാബുകളും ഉണ്ടായിരുന്നു. മരണത്തോടു മല്ലിടുന്നവരുടെ സ്വർണ്ണാഭരണങ്ങൾ ഊരിയെടുക്കുകയും കുറ്റിക്കാട്ടിൽക്കൊണ്ടുപോയി അവരെ ഹിംസിക്കുന്നതുപോലെയും അവർ അപകടത്തിന്റെ വിവിധ തരങ്ങളിലുള്ള ഫോട്ടോകൾ എടുക്കുകയും ഫേസ്ബുക്കിലും വാട്ട്സ് ആപ്പിലുമൊക്കെ പോസ്റ്റ് ചെയ്യുകയും ചെയ്തു. ചിലർ അപകടത്തിന്റ തത്സമയ വാർത്തകൾ ആഹ്ലാദപൂർവ്വം റിപ്പോർട്ട് ചെയ്യുകയായിരുന്നു. അപകടത്തിൽപ്പെട്ട പെൺകുട്ടിയുടെ കയ്യിൽ നിന്നും താഴെ വീണ നോട്ട് ബുക്കിൽ നിന്നും തെറിച്ചുവീണ ഇന്റർവ്യൂമെമ്മോയിലെ ഫോട്ടോയിൽ ചോരത്തുള്ളികൾ തെറിച്ചിരുന്നു.

ദൈവത്തെയോർത്ത് നോക്കിനിക്കാതെ നിങ്ങളിവരെ വേഗം ആശുപത്രിയിലാക്ക്

അവിടെക്കൂടി നിന്നവരിൽ പ്രായം ചെന്ന ഒരു സ്ത്രീ ആരോടെന്നില്ലാതെ പറയുകയും കരയുകയും ചെയ്യുകയായിരുന്നു.

സോറി..........ഞങ്ങൾ ന്യൂജൻ ഇത്തരരം കേസുകളൊന്നും എടുക്കാറില്ല.

സമയം 6.45. മുത്തശ്ശിയുടെ വിലാപം അനാഥമായി ഉയരുന്നതിനിടയിൽ അപകടത്തിൽപ്പെട്ടവരുടെ ചലനവും നിലച്ചിരുന്നു.

രവി കിരൺ

# കനലായ കനവ്



കനവുകൾ കാണുമ്പോൾ കനലുള്ള കണ്ണുകൾ
നനയുന്നതെന്തെന്ന് നിനയുന്ന നേരം
ഇരുമ്പഴിക്കുള്ളിൽ ഇരവിന്റെയിരുളിൽ
ഇറ്റിറ്റു വീഴുന്നു ഈറനാമോർമ്മകൾ
തല്ലിച്ചതച്ചങ്ങൂറ്റിയെടുത്തൊരു
തനുവിന്റെയുള്ളിലും താളങ്ങൾ കേൾക്കുന്നു
വിപ്ലവ ചിന്തകൾ നാളം കൊളുത്തിയ
മനതാരിലെങ്ങോ അരുണിമ കാണുന്നു
രക്തം ചിന്തിയ തറയിലെൻ പെണ്ണുണ്ട്
എന്നുടെ രക്തമാം മകനുണ്ട് മകളുണ്ട്
അവരെയുമോർത്തങ്ങു കനവുകൾ കാണുമ്പോൾ
മനമങ്ങു നിറയുന്നു മിഴിയങ്ങു നനയുന്നു
വിപ്ലവ വീഥിയിൽ വെടിയേറ്റു വീണൊരെൻ
വീരസഖാക്കളും വിതുമ്പലായെത്തുന്നു
ചത്തു ജീവിച്ചൊരെൻ ചങ്കു തകർക്കുവാൻ
എത്തുന്ന ബൂട്ടുതൻ ചവിട്ടടി കേൾക്കുന്നു
കാർക്കശ്യമേറിയ കാക്കി തൻ ബൂട്ടുകൾ
കനവുകൾ കെടുത്തുവാൻ കാലുകളുയർത്തുന്നു
കനവുകൾ കണ്ടങ്ങു മിഴികൾ നനഞ്ഞ ഞാൻ
കാലനെ കണ്ടപ്പോൾ കനലായ് മാറുന്നു
ചങ്കു തകർക്കുന്ന ചവിട്ടടിയേറ്റു ഞാൻ
കനവുകൾ വിട്ടങ്ങു കനലായ് ചുവന്നുപോയ്
വിപ്ലവ മണ്ണിലെ ചിതകളിലൊന്നായി
കനലുകളെന്നെ കത്തിച്ചമർത്തി
കനവുകളില്ലാതെ കനലായ് മാറി ഞാൻ
കനലുള്ള കനവായ് കാലപ്പഴക്കത്തിൽ
ചരിത്രത്തിൻ താളിൽ ഞാൻ.............
കനലുള്ള കനവായ് കാലപ്പഴക്കത്തിൽ
വർഷങ്ങളൊത്തിരി കടന്നു പോയെങ്കിലും
ചെങ്കൊടിയേന്തി ധീര സഖാക്കൾ
എനിക്കായ് വിളിക്കുന്നു ലാൽ സലാമിന്നും
എനിക്കായ് ചൊരിയുന്നു പുഷ്പങ്ങളിന്നും.



**രക്തസാക്ഷി മണ്ഡപത്തിന് മുന്നിൽ**




**സെമിനാറിൽ കില ഡയറക്ടർ ഡോ. ജോയ് ഇളമൺ സംസാരിക്കുന്നു**



**സമ്മേളനത്തിൽ യൂണിയൻ മുൻകാല നേതാക്കൾ**

## കേരള പി. എസ്. സി. എംപ്ലോയീസ് യൂണിയൻ



എസ്. ജയകുമാർ
പ്രസിഡന്റ്

ഷാജഹാൻ എം
ജനറൽ സെക്രട്ടറി

## ജില്ലാ സാരഥികൾ

### തിരുവനന്തപുരം



ബാബുരാജ്. കെ
പ്രസിഡന്റ്

രാജീവ്. വി. എസ്
സെക്രട്ടറി

### കൊല്ലം



പി. രാജേന്ദ്ര പ്രസാദ്
പ്രസിഡന്റ്

ഗോപു. ജി
സെക്രട്ടറി

### പത്തനംതിട്ട



സുധീർ. പി. എസ്
പ്രസിഡന്റ്

രാജേഷ്കുമാർ. സി. പി
സെക്രട്ടറി

### കോട്ടയം



സീമാതങ്കച്ചി. എം
പ്രസിഡന്റ്

നിധിൻ. എസ്
സെക്രട്ടറി

### ആലപ്പുഴ



രജീഷ്. ആർ
പ്രസിഡന്റ്

സതീഷ്. എം
സെക്രട്ടറി

### ഇടുക്കി



കെ. സി. തോമസ്
പ്രസിഡന്റ്

ജോൺസൺ. സി. ജെ
സെക്രട്ടറി

### എറണാകുളം



സന്തോഷ്. ആർ
പ്രസിഡന്റ്

സജീവൻ. പി. പി
സെക്രട്ടറി

### തൃശൂർ



സജി ജോസ്. സി
പ്രസിഡന്റ്

അനീഷ്. പി. കെ
സെക്രട്ടറി

### പാലക്കാട്



അരുൺകുമാർ. പി
പ്രസിഡന്റ്

മനേഷ്. എം. കൃഷ്ണ
സെക്രട്ടറി

### മലപ്പുറം



ബിജോയ് രാജ്
പ്രസിഡന്റ്

സുനീഷ്. കെ. എം
സെക്രട്ടറി

### കോഴിക്കോട്



രതീഷ്. കെ
പ്രസിഡന്റ്

വിനോദ് കുമാർ. കെ. എൻ
സെക്രട്ടറി

### വയനാട്



രാജീവ്. പി
പ്രസിഡന്റ്

ദേവകുമാർ. എം
സെക്രട്ടറി

### കണ്ണൂർ



മനോജ് കുമാർ. എ. വി
പ്രസിഡന്റ്

സുഭാഷ്. പി. കെ
സെക്രട്ടറി

### കാസർകോഡ്



ബാബു. പി. വി
പ്രസിഡന്റ്

ജോബി. ജോസഫ്
സെക്രട്ടറി

Reg.No. 44514/85 Postel Reg No.KL/TV (N)384




ട്രേഡ് യൂണിയൻ സമ്മേളനം വ്യവസായ മന്ത്രി എ.സി.മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു




സെമിനാർ വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യുന്നു

Printed &Published by M Shajahan, General Secretary, Kerala PSC Employees Union
Printed at Bhagath, Pattom. Ph. 4017097, bhagathpattom@yahoo.com